MADRAS UNIVERSITY MALAYALAM DEPARTMENT SERIES No. 10

*General Editor :*

DR. S. K. NAYAR, M. A., PH. D.,

*Senior Lecturer in Malayalam,*

UNIVERSITY OF MADRAS.

# KĒRAḶŌLPATTI

Rathnam Press, Madras-1.

# KĒRAḶŌLPATTI

Edited

BY

THE LATE DR. C. A. MENON, B. A., PH. D. (LOND.)
(*Reader, Department of Malayalam, University of Madras*)

UNIVERSITY OF MADRAS

1953

Price : Rs 3/-

# കേരളോൽപത്തി


പ്രസാധകൻ

ഡോക്ടർ സി. അച്യുതമേനോൻ

ബി. ഏ; പി എച്ച്. ഡി. (ലണ്ടൻ)

റീഡർ, മലയാളം വകുപ്പ്,

മദിരാശി സൎവ്വകലാശാല.



UNIVERSITY EXTENSION LIBRARY
16 DEC 1957
MADURAI



മദിരാശി സൎവ്വകലാശാല

൧൯൫൭

വില രൂപ : 3-0-0

UNIVERSITY EXTENSION LIBRARY
MADURAI

# അവതാരിക.

എന്റെ വന്ദ്യഗുരുനാഥനും പൂർവ്വഗാമിയുമായ ഡോക്ടർ ചേലനാട്ട് അച്യുതമേനോൻ മുദ്രണത്തിനേല്പിച്ച കേരളോൽപത്തി ഗ്രന്ഥമാണ് ഇപ്പോൾ ഞാൻ പ്രസാധനം ചെയ്യുന്നതു്. 'പരശുരാമനും കേരളവും' എന്ന ശീർഷകത്തിൽ ഡോ: മേനോൻ ഒരുപന്യാസം ഇംഗ്ലീഷിൽ തയ്യാർ ചെയ്തിട്ടുണ്ടായിരുന്നു. ഈ ഗ്രന്ഥത്തിന് അവതാരികയായി പ്രസ്തുത ഉപന്യാസം കൊടുക്കണമെന്നും അദ്ദേഹം തീർച്ചപ്പെടുത്തിയിരുന്നതായി അറിയാം. പക്ഷെ അദ്ദേഹത്തിന്റെ അകാലചരമം പ്രസ്തുത ഉപന്യാസത്തേയും അതിനെസംബന്ധിച്ച മററു വിശദവിവരങ്ങളേയും എന്നിൽനിന്ന് എന്നെന്നേയ്ക്കുമായി മറച്ചുകളഞ്ഞു. ആ ഉപന്യാസത്തിന്റെ കൈയ്യെഴുത്തുപ്രതി കണ്ടെടുക്കാനും കഴിയാതെയാണ് വന്നിരിക്കുന്നതു്. കേരളവും പരശുരാമനും തമ്മിലുള്ള ബന്ധത്തെപ്പററി ക്ഷുലംകഷമായി പര്യവേക്ഷണം നടത്തി എഴുതിയിട്ടുള്ള ആ അമൂല്യനിബന്ധനത്തിന്റെ സ്ഥാനം ഇതാ എന്റെ ഈ പരിമിതവും പക്ഷെ വിവാദാസ്പദവുമായ വിചാരണ ഭയാശങ്കകളോടെ ഏറെറടുക്കുന്നു.

ഇപ്പോൾ പ്രസാധനംചെയ്യുന്ന കേരളോൽപത്തിയുടെ ഉൽപത്തി എവിടെനിന്നാണെന്നുപോലും എനിക്ക് തിട്ടമായറിയാൻ സാധിച്ചിട്ടില്ല. ഡോക്ടർ മേനോൻ അങ്ങിങ്ങ് കുറിച്ചിട്ടിട്ടുള്ള ചില നോട്ടുകളിൽനിന്നും ഈ ഗ്രന്ഥം ഡോക്ടർ ഗുണ്ടർട്ടിന്റെ ഒരു കയ്യെഴുത്തുപ്രതിയിൽനിന്ന് പകർത്തിയെടുത്തതാണെന്ന് മനസ്സിലാകുന്നുണ്ട്. മേക്കൻസികൈയ്യെഴുത്തു ഗ്രന്ഥങ്ങളിൽപെട്ട ഒന്നാണിതെന്നും ഊഹിക്കാൻ ചില ന്യായങ്ങളുണ്ട്. ഏതായാലും കേരളോൽപത്തി എന്നപേരിൽ ചില ഗ്രന്ഥങ്ങൾ പ്രകാശിതമായും ഒട്ടനേകം അപ്രകാശിതമായും കിടപ്പുണ്ട്. അവയ്ക്കെല്ലാം പേരിലല്ലാതെ പ്രമേയത്തിൽ അത്രമാത്രം ഐക്യംകാണുന്നുമില്ല മിക്കതിലും പരശുരാമൻ വരുന്നുണ്ട്. കേരളോൽപത്തിക്കു കാരണം അദ്ദേഹമാ

ണല്ലൊ. എന്റെ കൈവശം വന്നു ചേൎന്നിട്ടുള്ള ഗ്രന്ഥങ്ങളുടെ സ്വഭാവം ദിങ്മാത്രമായി ഒന്നു നോക്കാം.

## II

മദിരാശിഗവൎമ്മേണ്ടുവക പൗരസ്ത്യഹസ്തലിഖിതഗ്രന്ഥശാലയിൽനിന്നു കിട്ടിയ ഗ്രന്ഥങ്ങളുടെ സ്വഭാവമാണു ആദ്യം പരിശോധിക്കുന്നതു്. ആ ഗ്രന്ഥശാലയിൽ ഓരോ ഗ്രന്ഥത്തിന്നും കൊടുത്തിട്ടുള്ള നമ്പർ ഇവിടെ വ്യവഹാരസൗകൎയ്യാൎത്ഥം സ്വീകരിക്കുന്നു.

Des 261.

ഇതു വളരെ ചെറിയ ഒരു ഗ്രന്ഥമാണു്. പരശുരാമനോടു ഭൂമികൊണ്ട ബ്രാഹ്മണരെ അൎദ്ധബ്രാഹ്മണരായി വ്യവഹരിച്ചുകൊണ്ടാണു ഗ്രന്ഥം ആരംഭിക്കുന്നതു്. ബ്രാഹ്മണർ കേരളത്തിൽ കുടിയേറിപ്പാൎത്തതും അവർ അറുപത്തിനാലു ഗ്രാമങ്ങളായി തിരിഞ്ഞതും മററും വിസ്തരിച്ചതിന്നുശേഷം അൎദ്ധബ്രാഹ്മണരുടെ അവാന്തരവിഭാഗങ്ങളെപ്പററി ഇതിൽ സവിസ്തരം പ്രതിപാദിക്കുന്നു. ചേരമാൻ പെരുമാൾ മക്കത്തുപോയ കഥയാണു പിന്നീടിതിൽ പ്രധാനമായി വിസ്തരിച്ചിരിക്കുന്നതു്.

Des 72, Des 253

കിട്ടിയിട്ടുള്ള കേരളോല്പത്തി ഗ്രന്ഥങ്ങളിൽ പലതുകൊണ്ടും പ്രാധാന്യമൎഹിക്കുന്നതു് ഈ ഗ്രന്ഥമാണു്. കൊല്ലവൎഷം 984-ാമാണ്ടു കുംഭമാസം 8-ാനു-യാണു് ഈ ഗ്രന്ഥം എഴുതിയതെന്നു അതിന്റെ ഒടുവിൽ കാണുന്നു. പ്രതിപാദനത്തിലും പ്രതിപാദ്യത്തിലും ഏറെക്കുറെ യുക്തിയും ക്രമവും കാണുന്നുണ്ടു്.

പരശുരാമൻ വരുണനിൽനിന്നു കേരളം വാങ്ങിയ കഥയാണു ആദ്യം. [1] "അതിന്റെശേഷം മലയാളത്തിങ്കൽ ആയിരത്തെട്ടു നാല്പത്തീരടിസ്ഥാനമുണ്ടാക്കി അതിൽ അനേകം അനേകം കളരിഭരദേവതമാരെസ്സങ്കല്പിച്ചു് അവിടെ വിളക്കും പൂജകളും കഴിപ്പിച്ചു്

1 ഭാഗം 4 (D 72)

സമുദ്രാദികളിൽ ദുർഗ്ഗാദേവിയേയും പ്രതിഷ്ഠിച്ചന്നാഗവും ഭൂതവും പ്രതിഷ്ഠിച്ചു് ഭൂമിയിളക്കം തീർത്തിരിക്കുന്നു.'' അറുപത്തിനാലു ഗ്രാമങ്ങൾ, അവരോധനമ്പിമാർ, പെരുമാൾ ഭരണം, നാലു തളികൾ, തളിയാതിരി അവരോധം, പെരുമാൾ ബൗദ്ധമതംകൊണ്ടതു്, തൃക്കാരിയൂർ പരിഷ തുടങ്ങി പ്രസിദ്ധങ്ങളായ കാര്യങ്ങളാണു് പിന്നീടു് വിസ്തരിക്കുന്നതു്. കേരളബ്രാഹ്മണർ കൃഷ്ണരായരെക്കണ്ടു് പന്തീരാണ്ടു ഭരിപ്പാൻ പെരുമാളെ വേണമെന്നപേക്ഷിച്ച കഥയാണു് അടുത്തതു്. ''[1] കേരളരാജ്യം 160 കാതം അടക്കി വാഴവാൻ തക്കവണ്ണം ആനായനീട്ടും കൊടുത്തും ഏകച്ഛത്രാധിപതിയായി അവരോധിച്ചു കൊള്ളുവാൻ തക്കവണ്ണം പൂവ്വും നീരും കൊടുത്തു ചേരമാൻ പെരുമാളെന്ന രാജാവിന്നു്. അന്നു കലി സ്വർഗ്ഗം സ്വന്ദേഹപ്രാപ്യം.'' എന്നിങ്ങനെയാണു് ചേരമാൻ പെരുമാളുടെ അവരോധത്തെപ്പററി പ്രസ്താവിക്കുന്നതു്. മുപ്പത്താറു വഷം അദ്ദേഹം നാടുവാണു. [2] ശ്രീ ശങ്കരൻെറ ജനനവും കേരളത്തിലെ വിവിധജാതികളുടെ വിവരണവുമാണു് പിന്നീടു്. [3] പടമലനായർ ഉടലോടെ സ്വർഗ്ഗത്തു പോയതിനു ശേഷം ചേരമാൻ പെരുമാൾ മക്കത്തുപോയതായി ഈ ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു.

അടുത്ത ഭാഗത്തു് ജന്മം കാണം തുടങ്ങി നിലമുടമയെസംബന്ധിക്കുന്ന കാര്യങ്ങൾ സവിസ്തരം പ്രതിപാദിക്കുന്നു. ആ വിഷയത്തെപ്പററി ഗവേഷണം ചെയ്യുന്നവക്കു് അത്യന്തം പ്രയോജനകരമായ പലതും ഗ്രന്ഥത്തിലുണ്ടു്.

വീണ്ടും കേരളത്തിലെ ജാതികളെപ്പററി വിസ്തരിച്ചു പറയുന്നു. ഏതോ ഒരു ദ്വീപിൽനിന്നു് ഒരു യോനകൻ (ജോനകൻ) വന്ന കഥയും കാണുന്നു.

പ്രസ്തുത ഗ്രന്ഥത്തിനു് അനുബന്ധമായി മററൊരു 'കേരളോൽപത്തി'യും കിട്ടിയിട്ടുണ്ടു്. കേരളവംശചരിത്രമെന്ന നാമാന്തരവും അതിനു കാണുന്നു. ''കൊല്ലം 973-ാമാണ്ടു് മിഥുനം 3-ാനു- ഗുരു

---

1 ഭാഗം 24 ( D 72 )

2 ഭാഗം 29, 30 ( D 72 )

3 ഭാഗം 37

വായ്യർനിന്നു് എഴുതിത്തീന്ന ഗ്രന്ഥം'' എന്നും ''രണ്ടാമതു് എഴുതിയ കേരളോൽപത്തിനോക്കി എഴുതിയ ഗ്രന്ഥം കൊല്ലം 924 കുംഭം 27-ാനു- എഴുതിയതു്'' എന്നും ഗ്രന്ഥാവസാനത്തിൽ കാണുന്നതിനാൽ Des 72. നമ്പർ കേരളോൽപത്തിക്കു മുമ്പാണു് ഇതെഴുതിയതെന്നു് സ്പഷ്ടം. പ്രതിപാദ്യവും പ്രതിപാദനസമ്പ്രദായവും ഈ പഴക്കത്തിനു് സാക്ഷ്യം വഹിക്കുന്നുണ്ടു്.

കേരളോൽപത്തിയെ സംബന്ധിച്ചു് മറെറാന്നിലും കാണാത്ത ഒരു പുതുമ ഈ ഗ്രന്ഥത്തിൽ കാണുന്നുണ്ടു്. ''സഗരനരപതിതനയർ'' ഭൂമി കുഴിച്ചു് പാതാളത്തിൽപോയ കഥയാണു് ആദ്യം. ഈ കഥയും കേരളവും തമ്മിൽ എന്താണു ബന്ധമെന്നു് ആരുമൊന്നു ആദ്യമേ ആശങ്കിച്ചേക്കും. സഗരപുത്രന്മാർ ഭൂമിയുടെ തെക്കുപടിഞ്ഞാറെ കോണാണു് കുഴിച്ചതു്. ഏതാണു് ഭൂമിയെന്നൊ ? ഭാരതവർഷംതന്നെ. അപ്പോഠം തെക്കുപടിഞ്ഞാറെ കോണു് കേരളമെന്നു് സ്പഷ്ടം. അങ്ങനെ സഗരപുത്രന്മാർമൂലം കേരളം സാഗരത്തിലാണ്ടു. അനേകം പുണ്യതീർത്ഥങ്ങളുള്ള ഗോകർണ്ണവും സമുദ്രത്തിൽ മുങ്ങാറായി. കേരളീയരെല്ലാം മലമുകളിൽ ഓടിക്കേറി; പലരും മരിച്ചുപോയി ! ശേഷിച്ചവർ ഗോകർണ്ണത്തുചെന്നു് അവിടെ തപസ്സുചെയ്യുന്ന ശ്രീ പരശുരാമനെക്കണ്ടു് ആഴിയിലാണ്ടുപോകുന്ന കേരളത്തെ വീണ്ടെടുക്കണമെന്നപേക്ഷിച്ചു. ഇങ്ങനെയാണു് കേരളത്തെ സമുദ്രത്തിൽനിന്നു് പരശുരാമൻ വീണ്ടെടുക്കാനിടയായതു്.

വളരെക്കാലം കഴിഞ്ഞു് കലിയുഗാരംഭത്തിൽ പരശുരാമൻ ശ്രീനാവായക്ഷേത്രത്തിൽ പ്രത്യക്ഷപ്പെട്ടു് കേരളത്തിൽ രാജവാഴ്ച വേണമെന്നു് നിശ്ചയം വരുത്തി. കർക്കടകവ്യാഴംതൊട്ടു് അടുത്ത കർക്കടകവ്യാഴംവരെ, അതായതു് ഒരു പന്തീരാണ്ടു കാലത്തേക്കു് ഒരു രാജാവിനെ വാഴിക്കാനാണു് അദ്ദേഹം നിർദ്ദേശം നൽകിയതു്. അതനുസരിച്ചു് ബ്രാഹ്മണർ പാണ്ഡ്യദേശത്തുചെന്നു് ഒരു പെരുമാളെ കൊണ്ടുവന്നു് പന്ത്രണ്ടുകൊല്ലം കേരളം വാഴിച്ചു. പിന്നീടു് ചോഴമണ്ഡലത്തുനിന്നു് ഒരു പെരുമാളെ വരുത്തി വാഴിച്ചു. ഒരു ചോഴപ്പെരുമാളാണു് ചേരമാൻ പെരുമാളെന്നു് ഗ്രന്ഥത്തിൽ സൂചന കാണുന്നു. ചേരമാൻ പെരുമാളുടെ വാഴ്ച അക്കാലത്തെ പാണ്ഡ്യരാജാവായ രായക്കു് (?) അത്ര ഇഷ്ടമായില്ല. രായർ പെരുമാഠം-

ഭരണത്തെ ചെറുത്തുപോലും. ഇങ്ങനെ പോകുന്നു പ്രസ്തുത ഗ്രന്ഥത്തിലെ കേരളചരിത്രപ്രസ്താവം. സാമൂതിരിപ്പാടിൻെറ രാജ്യവാഴ്ചയോടെ ഈ ഗ്രന്ഥം അവസാനിക്കുന്നു.

Des 331

കേരളത്തിൽ മന്ത്രവാദത്തിനുള്ള സമ്പ്രദായികളെ പരാമർശിച്ചുകൊണ്ടാണ് ഇതാരംഭിക്കുന്നതുതന്നെ. ദുർമ്മന്ത്രവാദം സന്മന്ത്രവാദം എന്നു രണ്ടുതരത്തിലുണ്ട് മന്ത്രവാദം. "മലയീന്നു വരുന്ന ദുർദേവതകളെ തടുത്തു നിത്താൻ ആറാള് ദുർമ്മന്ത്രമൂർത്തികൾ" സമുദ്രത്തിൽനിന്നു വരുന്ന ക്രൂരരെ തടുത്തുനിത്താൻ ആറു സന്മന്ത്രമൂർത്തികൾ . . .

പിന്നീട് പരശുരാമൻെറ വീരഹത്യാദോഷത്തെപ്പററിയാണ് പറയുന്നത്. രാവണാട്ടുകരക്കാർ വീരഹത്യാദോഷം ഏററുവാങ്ങുന്നു.

കേരളത്തിൽ മാതൃപാരമ്പര്യം (മരുമക്കത്തായം) ഏർപ്പെടുത്തിയതു് പരശുരാമനാണ്.

ബ്രാഹ്മണർ കേരളത്തിൽ കുടിയേറിപ്പാർത്തത് പരശുരാമൻ ക്ഷണിച്ചിട്ടല്ല; "കേരളത്തിങ്കൽ വാഴുന്ന മനുഷ്യർ സൊർഗ്ഗ (സ്വർഗ്ഗ) വാസികൾക്കു തുല്യംപോൽ എന്നു കേട്ട് പല ദിക്കീന്നും പലവകയിലുള്ള ബ്രാഹ്മണരും കേരളത്തിങ്കൽ പോന്നുവന്നു" എന്നിങ്ങനെ ഈ ഗ്രന്ഥം ഘോഷിക്കുന്നു. അതിനു ശേഷം ആളുകൾ അന്യോന്യം പിണങ്ങി; കർമ്മവൈകല്യം ഇവിടെ വന്നു.

അറുപത്തുനാലു ഗ്രാമങ്ങൾ, [1] നാലു കഴകങ്ങൾ, സമുദായങ്ങൾ എന്നിവ ഏർപ്പെടുത്തി പരശുരാമൻ തപസ്സിനെഴുന്നെള്ളി.

മുൻപു പറഞ്ഞുവെച്ച പലതും ഇനിയത്തെ ഭാഗത്ത് ആവർത്തിക്കുന്നുണ്ട്.

പെരുമാക്കന്മാരുടെ പാരമ്പര്യമാണ് ഈ ഗ്രന്ഥത്തിൽ ഏററവും പ്രധാനമായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നഭാഗം.

---

1 പെരിഞ്ചെല്ലൂർ, പന്നിയൂർ, പറപ്പൂര്, ചെങ്ങന്നിയൂര് എന്നിവയാണ് നാലു കഴകങ്ങൾ.

"വാണപുരമെന്നും ദേശത്തുനിന്നു വന്ന വാണപെരുമാൾ, തുളുനാട്ടു പെരുമാൾ, ഇന്ദ്രപ്പെരുമാൾ, ആരിയപുരത്തുനിന്നുവന്ന ആരിയപ്പെരുമാൾ, പരദേശത്തുനിന്നുവന്ന കുന്നൻപെരുമാൾ" തുടങ്ങി അനേകം പെരുമാക്കന്മാരുടെ പേരുകൾ നിർദ്ദേശിച്ച് ഒടുവിൽ ചേരമാൻ പെരുമാളെപ്പററി പറയുന്നു.

ചേരമാൻ പെരുമാൾ രാജ്യപ്രതിഷ്ഠയ്ക്കുവേണ്ടി പലതും നടപ്പിൽ വരുത്തുന്നുണ്ട്. ക്ഷേത്രങ്ങൾ പണിയിച്ചു. പലയിടത്തും വട്ടവും കൂട്ടവും കല്പിച്ചു.[1] "ഇടയും മറവുംതീർത്ത് കോട്ടയിൽ കൊടിമരവും നിർത്തി ഭദ്രദീപപ്രതിഷ്ഠയും കഴിപ്പിച്ച് അറുപത്തുനാലു ഗ്രാമത്തിൽ ബ്രാഹ്മണക്ക് ആവണയും നർക്കിലയും ചുരിളും കിഴിയും കല്പിച്ച് പന്നിയൂരു ചൊവ്വരം രണ്ടുകൂറും കല്പിച്ച് അതിൽ ചൊവ്വര പ്രധാനമായി കല്പിച്ച് അവിടെ മററുംപല രക്ഷയും കല്പിച്ച് ആറും നാലുമറിഞ്ഞു പറയണമെന്നു കല്പിച്ച് ആറുംനാലുമറിവാനായിക്കൊണ്ട് പലേ ദിക്കീന്നും പലേ ശാസ്ത്രികളേയും വരുത്തി സമീപത്തിങ്കൽ ഇരുത്തി എല്ലാവരുമറിയണമെന്നു കല്പിച്ച് ശാസ്ത്രികൾക്ക് അഴിവും ചെലവും നടത്തി അവരെയിരുത്തി എല്ലാവരേയും ഗ്രഹിപ്പിച്ചു സ്ഥൂലമിന്നതെന്നും സൂക്ഷ്മമിന്നതെന്നും അമ്പ് ഇന്നതെന്നും തുമ്പ് ഇന്നതെന്നും കണ ഇന്നതെന്നും മുന ഇന്നതെന്നും നല്ലതു് ഇന്നതെന്നും തീയതു് ഇന്നതെന്നും ഗുണമിന്നതെന്നും ദോഷമിന്നതെന്നും അറിയണമെന്നു കല്പിച്ചു."

[2] "കാണം ജന്മകാണം കാണജന്മത്തിൻെറ മര്യാദയും കപ്പലോട്ടത്തിൻെറ മര്യാദയും" മററുമാണ് പിന്നെ വിവരിക്കുന്നതു്. ഒരു ചോനകനെ പട്ടംകെട്ടി ദ്വീപിലേക്കയയ്ക്കുന്ന കഥ ഇതിലുമുണ്ടു്. . . . . . കന്യാകുമാരി ഗോകർണ്ണപര്യന്തം 160 കാതം നാടുവാണു രക്ഷിച്ച് ആ തമ്പുരാൻ സ്വർഗ്ഗാരോഹണം ചെയ്തുവെന്നും പിന്നീട് വേറെ തമ്പുരാക്കന്മാർ നാടുവാണെന്നും എല്ലാം കഴിഞ്ഞു് 'ഞങ്ങൾ സങ്കടങ്ങൾ തീക്കുന്നുണ്ടു്' എന്നു് ശാസ്ത്രികൾ പറഞ്ഞെന്നും ഉള്ള പ്രസ്താവനയോടെ ഈ ചെറിയ ഗ്രന്ഥം അവസാനിക്കുന്നു.

---

1 ഭാഗം 41

2 ഭാഗം 42.

ചിറയ്ക്കൽ രാജാവിൻെറ കൈവശമുണ്ടായിരുന്ന ഒരു കയ്യെഴുത്തു ഗ്രന്ഥത്തിൽനിന്നും പകൎത്തിയെടുത്തതാണ് ഇതു്.

Des 260

'കേരളജാത്യാചാരനിൎണ്ണയം' എന്നുകൂടി ഈ ഗ്രന്ഥത്തിനു പേരുണ്ടു്. "വൎണ്ണത്തിൻെറ പേരുകൾ വെവ്വേറെയായിട്ടു് ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രനെന്ന നാലുവൎണ്ണമുള്ളതിൽത്തന്നെ അനേകം പേരുണ്ടു്. നമ്പിടി, നമ്പി, നമ്പൂതിരി, നമ്പിയാതിരി, പോററി എന്നിങ്ങനെ ഓരോരോ ദിക്കുകളിൽ ഓരോരോ പേരു വേറെയായിട്ടു് പിന്നെ ചോമാതിരി, അക്കിത്തിരി, അടിതിരി, നമ്പിമാർ, പുതുവാൾ, പിഷാരോടി ഇവരൊക്കെയും ബ്രാഹ്മണരായുള്ളവർ . . . ." ഗ്രന്ഥാരംഭം ഇങ്ങനെയാണ്. ജാതിവിഭാഗങ്ങളെല്ലാം പറഞ്ഞതിനു ശേഷം ഓരോ ജാതിക്കും കല്പിച്ചിട്ടുള്ള ആചാരങ്ങളെപ്പററി പറയുന്നു. സ്ഥാലീപുലാകന്യായേന അവിടുന്നും ഇവിടുന്നും ചില ഘട്ടങ്ങൾ മാത്രം ഉദ്ധരിക്കാം.

തീണ്ടലിനെപ്പററിയുള്ള ആചാരം ഇക്കാലത്തു് രസാവഹമായിരിയ്ക്കുമല്ലൊ.[1] ". . . . രണ്ടടി ക്ഷത്രിയൻ തിരിയണം. ക്ഷത്രിയനു രണ്ടടി വൈശ്യൻ തിരിയണം. വൈശ്യനു രണ്ടടി ശൂദ്രൻ തിരിയണം. ബ്രാഹ്മണനു് ആറടി തിരിയണം. . . . . പൂത്തിരിക്കുന്നവൾ പന്ത്രണ്ടടി തിരിയണം. കമ്മാളരും തീയ്യരും മുക്കുവരും ഇരുപത്തുനാലടി തിരിയണം. ശവം തൊട്ടവനു് ഇരുപത്തിനാലടി തിരിയണം. . . . . . . പുലയൻ പറയൻ വള്ളുവൻ കാട്ടാളൻ 64 അടി തിരിയണം. നായാടിയെ ആവോളം തിരിക്കുന്നു."

ഇങ്ങനെ ദൂരം തിരിപ്പാനുള്ള കാരണവും പറയുന്നുണ്ടു്. 'മുമ്പിലെത്തെ ജന്മത്തിങ്കൽ ഏറെ ദോഷം ചെയ്തിരിയ്ക്കുന്ന ജീവൻ' ഈവക ആചാരമൎയ്യാദകളെല്ലാം ഏൎപ്പെടുത്തിയതു് സൎവ്വജ്ഞനായ ശങ്കരാചാൎയ്യരാണ്!

പലിശവാങ്ങുന്നതിനെപ്പററി:—

[2] ". . . . പലിശ മുടങ്ങുന്നാൾ അതു കാലമൊന്നിനു് പലിശ വാങ്ങു. മുതൽ നിൎത്തേണം . . . . പലിശ മുടങ്ങുന്നാൾ മുതൽവാങ്ങിക്കൊള്ളേണം . . . ."

---

1 ഭാഗം 7, 8

2 ഭാഗം 13

[1] "രാജാവോടും സ്ത്രീകളോടും എതിരികളോടും ശത്രുക്കളോടും ഗുരുജനത്തോടും കച്ചവടക്കാരോടും പരദേശികളോടും . . . . . ചെറു മക്കളോടും പുത്തൻ മടിശ്ശീലക്കാരോടും എന്നിങ്ങനെയുള്ളവരോട കടം വാങ്ങരുതു് എന്നറിക. "

[2] നാട്ടുകൂട്ടവും നാട്ടു പറകയും ന്യായം നടത്തലും ഉണ്ടാവാനുള്ള ഹേതു ഒരു കഥാരൂപത്തിൽ പറഞ്ഞിരിക്കുന്നതു് രസകരമാണ്. രണ്ടു ബ്രാഹ്മണർ ഒരു 'ദ്രവ്യ' ത്തിന്റെ മേൽ അവകാശത്തക്കം ഉണ്ടാക്കി; നാട്ടാരുവന്നു് ന്യായം പറഞ്ഞു് ആ ദ്രവ്യം മൂന്നാക്കി പകുത്തു് രണ്ടുഭാഗം തക്കക്കാർക്കും മൂന്നാം ഭാഗം മാദ്ധ്യസ്ഥ്യംപറഞ്ഞ കൂട്ടർക്കും എന്നു നിശ്ചയിച്ചു. നീതിന്യായക്കോടതിയും വക്കീലന്മാരും കേരളത്തിലുണ്ടായതിങ്ങനെയാണ്.

ഇങ്ങനെ ഈ ഗ്രന്ഥത്തിലെ ഭാഗങ്ങൾ ഉദ്ധരിക്കാൻ തുടങ്ങിയാൽ അതേറെ ഉദ്ധരിക്കണമെന്നു തോന്നും; അത്രയ്ക്കു് രസകരമാണു പലതും. പഴയ നാട്ടാചാരങ്ങളുടെ മട്ടും മാതിരിയും ഉൽപ്പത്തിയും അറിയാൻ ഇത്രനല്ല ഒരു ഗ്രന്ഥം വേറെയില്ല. ആ നിലയ്ക്കു് കേരള ചരിത്രഗവേഷകർക്കു് ഇതൊരു അമൂല്യ നിധിതന്നെ.

മുദ്രിതഗ്രന്ഥം.

തൃശ്ശിവപേരൂർ ഭാരതവിലാസം അച്ചുകൂടത്തിൽ അടിച്ച ഒരു [3]കേരളോൽപത്തി പുസ്തകത്തിൽ കാണുന്നതു ഇതുവരെ നാം കണ്ടതിന്റെയെല്ലാം സാരാംശം ഉൾക്കൊള്ളുന്ന ഒന്നാണ്. കേരള ജാത്യാചാരത്തിലെ പല ഭാഗങ്ങളും ഇതിലുൾപ്പെടുന്നു. പക്ഷെ മററു പല കേരളോൽപ്പത്തികളെന്നപോലെ ഇതും അശാസ്ത്രീയമായി കേവലം ഐതിഹ്യകഥകൾ ചേർത്തെഴുതിയ മട്ടിലുള്ളതുതന്നെ. 'മറെറാരു കേരളേൽപ്പത്തി' എന്ന പേരിൽ ഈ പുസ്തകത്തിന്റെ ഒടുവിൽ ഏതാണ്ട് പത്തുപേജോളം വരുന്ന ഒരു കേരളോൽപ്പത്തി കൂടിയുണ്ടു്. പ്രത്യേകിച്ചു് വലിയ മാററങ്ങളോ പുതുമകളോ ഇതിലും കാണുന്നില്ല.

---

1 ഭാഗം 15

2 ഭാഗം 21, 22

3 കൊല്ലവഷം 1098-ൽ അടിച്ചതു്. വില അണ രണ്ടു്. ആകെ 70 ഭാഗങ്ങൾ

ഇനിയും അപ്രകാശിതങ്ങളായി അനേകം കേരളോൽപത്തി ഗ്രന്ഥങ്ങൾ കിടപ്പുണ്ട്; മിക്കവയും നാം കണ്ടതുപോലെയും ഇനി അടുത്ത് ചർച്ചയിൽ കാണാൻ പോകുന്നപോലെയും ഒരേ മട്ടിൽ രചിച്ചിട്ടുള്ളവയായിരിക്കണം. ഇവയെല്ലാം ചേർത്ത് ഒത്തുനോക്കി, ത്യാജ്യഗ്രാഹ്യവിവേചനം ചെയ്ത് ഒരു 'നവീന കേരളോൽപത്തി' നിർമ്മിച്ചാൽ നന്നായിരിക്കും.

## III

ഇനി നമുക്ക് ഇപ്പോൾ പ്രസാധനം ചെയ്യുന്ന 'കേരളോൽപത്തി'യിലെ പ്രമേയം ദിങ്മാത്രമായി ഒന്നു വീക്ഷിക്കാം.

ത്രേതായുഗത്തിൻെറ ആദിയിൽ കൃതവീര്യനെന്നു പേരായ രാജാവു് നർമ്മദാതീരത്തിൽ ഉണ്ടായി. അദ്ദേഹത്തിന് അപുത്രതാദുഃഖം ഇല്ലാതാവാൻ നാരദമഹർഷി സുദർശനവ്രതം ഉപദേശിച്ചു. അതിൻെറ ഫലമായി രാജാവിന് ആയിരം കൈകളും വിഷ്ണുചിഹ്നങ്ങളുമുള്ള ഒരു പുത്രൻ ജനിച്ചു. അദ്ദേഹമാണ് കാർത്തവീര്യൻ. കാർത്തവീര്യൻ ബ്രഹ്മാവിനെ തപസ്സുകൊണ്ട് പ്രസാദിപ്പിച്ച് അവദ്ധ്യതാദി വരങ്ങൾ വാങ്ങി, ദിഗ്ജയം നടത്തിത്തുടങ്ങി.

അർജ്ജുനൻ എന്നൊരു കല്പകവൃക്ഷം ദേവലോകത്തുനിന്നും ഭൂമിയിൽ വന്ന് ആയിരം കൊമ്പോടുകൂടി ഇരുനൂറുനാഴിക പൊക്കത്തിൽ നൂറുനാഴിക വണ്ണത്തിൽ നിന്നിരുന്നു. നാരദൻെറ ആജ്ഞപ്രകാരം കാർത്തവീര്യൻ ആ വൃക്ഷത്തെ ഒടിച്ച് പൂഴിയിൽ വലിച്ചെറിഞ്ഞു കളഞ്ഞു. അങ്ങനെ കാർത്തവീര്യന് അർജ്ജുനനെന്ന പേരുമുണ്ടായി.

പരശുരാമവിശ്വാമിത്രന്മാരുടെ ഉൽപത്തിയാണ് പിന്നീട് വിവരിക്കുന്നത്. ജമദഗ്നിയുടെ പത്നിയായ രേണുകയ്ക്കു ക്ഷത്രിയതേജസ്സായ ഒരു പിണ്ഡം നാരദൻ കൊടുത്തു; അതിൻെറ ഫലമായി പരശുരാമൻ ജനിച്ചു. ഗാധമഹർഷിയുടെ ഭാര്യയായ കുശികയ്ക്ക് ബ്രഹ്മതേജസ്സായ പിണ്ഡം നൽകി; തൽഫലമായി കുശിക വിശ്വാമിത്രനെ പെററു.

പരശുരാമൻ സുബ്രഹ്മണ്യനൊന്നിച്ച് കൈലാസത്തിൽചെന്ന് ശിവനിൽനിന്നും ആയുധവിദ്യ അഭ്യസിച്ചു. രേണുക കാർത്തവീര്യ

നിൽ ഭ്രമിക്കുന്നതും, അങ്ങനെ പാതിവ്രത്യഭംഗംവന്ന രേണുകയെ ജമദഗ്നി പരശുരാമനെക്കൊണ്ടു് വധിപ്പിക്കുന്നതും, മാതൃഹത്യാദോഷം നീങ്ങാൻ പരശുരാമൻ കാൎത്തവീൎയ്യനെ വംശത്തോടെ വധിക്കുന്നതുമായ കഥയാണു് പിന്നീടു്.

വീരഹത്യാദോഷത്തിനു് പ്രായശ്ചിത്തമായി മഹൎഷിമാൎക്കു് പരശുരാമൻ ഷോഡശമഹാദാനം ദശദാനം ഭൂദാനം തുടങ്ങിയവ ചെയ്യുന്നു. പിന്നീടു് കൈലാസത്തിലെത്തി ശിവന്റെ ആജ്ഞ അനുസരിച്ചു് സുബ്രഹ്മണ്യനൊരുമിച്ചു കന്യാകുമാരിയിൽവന്നു് പരശുരാമൻ വരുണനോടു് ഭൂദാനം ആവശ്യപ്പെടുകയും മഴവെറിഞ്ഞു് നൂറു യോജന നീളം പത്തു യോജനവീതിയിൽ ഭൂമി ഉണ്ടാക്കിക്കൊള്ളാൻ വരുണാനുമതി നേടുകയും ചെയ്യുന്ന കഥയാണു് അടുത്തതു്.

പരശുരാമൻ ഗോകൎണ്ണത്തുവന്നു; ദേവകൾ എല്ലാവരും ചേൎന്നു് പുതിയ ഭൂമിക്കു് പേരിടണമെന്നായി. ഇന്ദ്രപുത്രനായ ജയന്തനു് കേരളനെന്നു പേരായി ഒരു പുത്രനുണ്ടായിരുന്നുവെന്നും അദ്ദേഹം രക്ഷിക്കമൂലം ഈ ഭൂഭാഗത്തിനു് കേരളമെന്ന പേരു വന്നെന്നും ശ്രീ പരമേശ്വരന്റെ കല്പനയുണ്ടായി. കേരളോല്പത്തിയുടെ നിദാനം ഇതത്രെ.

ആദ്യത്തെ ഏഴദ്ധ്യായംകൊണ്ടു് ഇത്രയും കഥ വിവരിക്കുന്നു. പിന്നീടുള്ള ഭാഗത്തു് നിയതമായ ഒരു ക്രമവും പാലിക്കാതെ പല പല കഥകളും കാൎയ്യങ്ങളും പറഞ്ഞുപോവുകയാണു് ചെയ്യുന്നതു്. അവയിൽ ഏററവും മുഖ്യമായ ഭാഗങ്ങൾ മാത്രം ചിന്താവിഷയമാക്കുന്നു.

കേരളത്തിൽ ബ്രാഹ്മണപ്രതിഷ്ഠനടത്തിയതിനുശേഷം അതുറപ്പിക്കാൻവേണ്ടി ദേവപ്രതിഷ്ഠയും പരശുരാമൻ നിൎവ്വഹിച്ചു. പ്രധാനമായി തൃശ്ശിവപേരൂരെ പ്രതിഷ്ഠയെപ്പററിയാണു് ഈ ഗ്രന്ഥത്തിൽ പരാമൎശിക്കുന്നതു്. (ഭാഗം 12)

പരശുരാമൻ പരദേശത്തുചെന്നു് കൃഷ്ണതീരത്തു്? (കൃഷ്ണാനദീതീരംതന്നെ) സഞ്ചരിച്ചു് അവിടെയുള്ള ഒരു ഗ്രാമത്തിൽനിന്നും യോഗാഭ്യാസവും ദേവജ്ഞാനവുമുള്ള ഒരു ബ്രാഹ്മണനെ കേരളത്തിലേയ്ക്കു

ക്ഷണിച്ചുകൊണ്ടുവന്നു. ബ്രാഹ്മണൻ സകുടുംബം തൃശ്ശൂരുവന്ന് താമസമാക്കി. അദ്ദേഹത്തിന്ന് യോഗിയാരെന്ന് പേരും കൊടുത്തു. (അദ്ധ്യായം 10)

വീണ്ടും പരദേശത്ത് കുംഭകോണഗ്രാമത്തിൽനിന്നും പരശുരാമൻ 150 ബ്രാഹ്മണകുടുംബം കൊണ്ടുവന്ന് കേരളത്തിൽ പെരുമനം ചൊവ്വരം എന്നു രണ്ടു ഗ്രാമമുണ്ടാക്കി അവരെ അവിടെ പാർപ്പിച്ചു. (അദ്ധ്യായം 11)

പിന്നീടുള്ള അദ്ധ്യായങ്ങളിൽ 64 ഗ്രാമങ്ങളുടെ ഉത്ഭവത്തെപ്പററിയാണ് പറയുന്നതു്. നാനാദിക്കുകളിൽനിന്ന് നാനാജാതികളേയും പരശുരാമൻ കേരളത്തിൽ കൊണ്ടുവന്നു. പരശുരാമന്റെ രാജ്യഭാരം കുറെനാൾ ഇങ്ങനെ തുടർന്നു. കേരളത്തിൽനിന്ന് ബ്രാഹ്മണർ തിരികെപ്പോകാതിരിക്കാനുള്ള ഉപായമാണ് പിന്നീട് പരശുരാമൻ ആലോചിച്ചതു്. പരശുരാമന്റെ അപേക്ഷപ്രകാരം ശ്രീ നാരായണനും ദേവകളും ശ്രീമൂലസ്ഥാനത്ത് സന്ന്യാസിവേഷം ധരിച്ച് എഴുന്നെള്ളിവന്ന് 64 ഗ്രാമക്കാരോടായി കല്പിച്ചു: “കേരളത്തിലേക്കായി മലയാംഭാഷ ഉണ്ടാക്കി എല്ലാപേരും മുമ്പിൽ കുടുമ്മയും വെപ്പിച്ച് . . . . . .” (ഭാഗം 19) ഇങ്ങനെ മലയാളഭാഷയും മലയാളത്തിലെ ആചാരങ്ങളും നടപടികളും ഉണ്ടാക്കിയതു് ഈ ഘട്ടത്തിലാണ്.

18-ാം അദ്ധ്യായംമുതൽ പലവിധത്തിലുള്ള ഉപാഖ്യാനങ്ങളാണ് കാണുന്നതു്. അവയെല്ലാം കേരളത്തിലെ ഓരോ മഹാക്ഷേത്രങ്ങളുടെയും അവിടത്തെ പ്രതിഷ്ഠകളുടെയും ഉൽപത്തിയെ കുറിക്കുന്ന കഥകളാണ്. പല കഥകൾക്കും ഐതിഹ്യത്തിന്റെ ഛായയാണ് കാണുന്നതു്. ഉത്തരകേരളത്തിലെ മഹാക്ഷേത്രങ്ങൾ മുതൽ തെക്കൻ തിരുവിതാംകൂറിൽ തിരുവട്ടാററുള്ള ആദികേശവന്റെ മഹാക്ഷേത്രംവരെ ക്രമം തെററാതെ എടുത്തുപറഞ്ഞിട്ടുണ്ട്. എല്ലാ ക്ഷേത്രങ്ങളിലേയും തന്ത്രം തരണനല്ലൂർ നമ്പൂതിരിക്കാണ്; ഊരാണ്മ പല ബ്രാഹ്മണർക്കായി; അധികാരം അതതു നാടുഭരിക്കുന്ന ക്ഷത്രിയ രാജാവിനും. ഇങ്ങനെ കേരളക്ഷേത്രങ്ങളുടെ ഉൽപ്പത്തിയും പ്രതിഷ്ഠാപനവുമാണ് ഏതാണ്ട് 45-ാം അദ്ധ്യായംവരെയുള്ള ഭാഗത്ത് പ്രതിപാദിക്കുന്നതു്.

അടുത്ത മൂന്നദ്ധ്യായങ്ങളിൽ കേരളത്തിലെ അന്തരാളവർഗ്ഗങ്ങളായ പുഷ്പകൻ പിഷാരടി മൂത്തതു് ഇളയതു് തുടങ്ങിയവരുടെ ഉൽപത്തികഥകളാണു് പറയുന്നതു്.

പെരുമാൾവാഴ്ചയുടെ ആരംഭമായി പിന്നീടു്. ശേഷമുള്ള അദ്ധ്യായങ്ങളിൽ ഒന്നിനും ഒരു ക്രമവും പാലിക്കാതെ, പരസ്പര ബന്ധമില്ലാത്തതും കാലദേശാദികളുടെ പൗർവ്വാപര്യപ്രക്രമം ഇല്ലാത്തതുമായ പല കാര്യങ്ങളുമാണു് പറഞ്ഞുപോയിരിക്കുന്നതു്. ഒരിടത്തു് പുരാണകഥയും ചരിത്രകഥയുംകൂടിയുള്ള കൂട്ടിക്കുഴയ്ക്കൽകാണാം ; മററൊരിടത്തു് കേരളീയസമ്പ്രദായങ്ങൾക്കു് പൗരാണികപശ്ചാത്തലം നൽകാനുള്ള വെമ്പൽ കാണാം. എങ്കിലും താഴെപ്പറയുന്ന ചില പ്രധാനസംഭവങ്ങളുടെ പരാമർശം അനുവാചകശ്രദ്ധയെ ആകർഷിക്കുന്നുണ്ടു്.

(1) പരശുരാമൻ ഏഴിമലയിൽചെന്നു് മോഹനൻ എന്ന ഗന്ധർവ്വനെക്കണ്ടു് മൂന്നു ഗന്ധർവ്വസ്ത്രീകളെ വാങ്ങി തളിപ്പറമ്പിൽ കുടിയിരുത്തി. ഒരു സ്ത്രീയെ കോലത്തുനാട്ടിൽ രാജാവാക്കി, ഒരു സ്ത്രീയെ തളിപ്പറമ്പിലും മററൊരു സ്ത്രീയെ പത്മനാഭപുരത്തും വാഴിച്ചു. തളിപ്പറമ്പിലെ ഗന്ധർവ്വസ്ത്രീ പെററുണ്ടായ ഉദയവർമ്മനെ തളിപ്പറമ്പു മുതൽ ഗോകർണ്ണംവരെയുള്ള രാജ്യത്തിൻെറ അധിപനാക്കി.

(2) ഒരു ക്ഷത്രിയ സ്ത്രീക്കു് ബ്രാഹ്മണരിൽനിന്നുണ്ടായ (?) പുത്രനെ കുറുമ്പനാടു രാജാവായി വാഴിച്ചു.

(3) ശ്രീരാമപുത്രനായ ലവൻെറ പൗത്രനെ കൊച്ചീരാജ്യം ഏല്പിച്ചു.

(4) ഇത്രയും രാജവാഴ്ചയുടെ കാര്യം പറഞ്ഞുകഴിഞ്ഞു് ഒട്ടും താമസിയാതെ കേരളഭൂമി ബ്രാഹ്മണർക്കു നല്കിയ കഥ വീണ്ടും പ്രസ്താവിക്കുന്നു.

(5) ദുർവ്വാസാവു മഹർഷി ബൗദ്ധസ്ത്രീയിൽ ഭ്രമിച്ചതും അദ്ദേഹത്തിനു് നാരദൻെറ ശാപമുണ്ടാവുന്നതുമാണു് അടുത്തകഥ. ഗ്രന്ഥ

കാരൻ ഈ ഘട്ടത്തിൽ മിക്ക പുരാണങ്ങളെയും മറികടന്നപോലെ തോന്നുന്നു !

(6) നസംഗൻ എന്നൊരു രാജാവിൻെറ കഥയാണ് അടുത്തു പറയുന്നതു്. ഉദയവർമ്മൻെറ ഭാഗിനേയനായി ഒരു കുമാരനുണ്ടായി. ദുർവ്വാസാവിൻെറ ശാപംകൊണ്ടു് ആ കുമാരൻ അംഗഹീനനായാണ് പിറന്നതു്. മഹർഷിയുടെ ഉപദേശമനുസരിച്ചു് ഈ കുമാരനെ 'സമുദ്ര ക്കരയിൽ കൃഷ്ണക്ഷേത്രത്തിൻെറ പടിഞ്ഞാറെക്കാട്ടിൽ ' കൊണ്ടു പോയിക്കിടത്തി. പിറെറന്ന് ചെന്നു നോക്കിയപ്പോൾ അംഗവൈ കല്യമില്ലാത്ത ഒരു കുമാരനെ ആ സ്ഥാനത്തു കണ്ടു; മന്ത്രിമാർ ആ കുട്ടിയെ എടുത്തു് പട്ടം കെട്ടിച്ചു. വാസ്തവത്തിൽ അംഗവൈകല്യ മില്ലാത്ത കുട്ടി ഒരു ബൌദ്ധസ്ത്രീ പെററുണ്ടായതാണ്. ഇക്കഥ ആരും അറിഞ്ഞില്ല. കുമാരന് പ്രായപൂർത്തി വന്നപ്പോൾ തളിപ്പ റമ്പിൽ തൊഴാൻ ചെന്നു. ഭദ്രകാളി പ്രത്യക്ഷമായി ബൌദ്ധസ്ത്രീയുടെ പുത്രൻ തൊഴാൻ വരേണ്ടെന്നു കല്പിച്ചു ! മന്ത്രിമാർ ഒരു പള്ളി പണിയിച്ചു് നസംഗനെ അവിടെ പാർപ്പിച്ചു. കന്യാകുമാരിമുതൽ ഗോകർണ്ണംവരെ ' ഏറിയൊരു ബൌദ്ധന്മാ ' രുണ്ടായി.

നസംഗൻെറ കഥ വീണ്ടും തുടരുന്നു. ഒടുവിൽ ഈ നസംഗൻ മക്കത്തു പോയതായും പറയുന്നു !

(7) നസംഗനുശേഷം രാജ്യഭാരംചെയ്ത ബാലവീർയ്യൻെറ വൃത്താ ന്തവും അതിനോടു് അനുബന്ധമായി അതുവരെ പറഞ്ഞതിനോ ടൊന്നും യോജിക്കാത്ത മററു പല കാർയ്യങ്ങളുമാണ് അടുത്തുവരുന്ന അദ്ധ്യായങ്ങളിൽക്കാണുന്നതു്.

(8) നായന്മാർക്കു് ആയുധം നൽകിയതു്; പാലിയത്തു മേനവൻ എട്ടുവീട്ടിൽ പിള്ളമാർ തുടങ്ങിയ ഇടപ്രഭുക്കന്മാരുടെ ഉൽപത്തി ; വെളുത്തേടൻ, പാഴൂർ കണിയാൻ എന്നിവരുടെ കഥ; കേരളഭൂമി യുടെ നാലൊന്ന് സപ്പങ്ങൾക്കു കൊടുക്കുന്നതു്; ശുചീന്ദ്രംകഥ; ശാസ്താ വിനെ പ്രതിഷ്ഠിച്ചതു്; സുബ്രഹ്മണ്യൻ വല്ലിയെ പരിണയിച്ചതു്; തിരുവനന്തപുരത്തു് ശ്രീപത്മനാഭസ്വാമിക്ഷേത്രമുണ്ടായ കഥ ; . . . ഒടുവിൽ പരശുരാമനെ കേരളബ്രാഹ്മണർ പരീക്ഷിച്ച വൃത്താന്തം ; പരശുരാമൻ ചിങ്ങമാസത്തിൽ തിരുവോണത്തുന്നാൾ മാത്രമേ ഇനി

പ്രത്യക്ഷമാകയുള്ളു എന്നു പറഞ്ഞു മറയുന്നതോടെ കേരളോൽപത്തിഗ്രന്ഥം അവസാനിക്കുന്നു.

ഗ്രന്ഥാവസാനത്തിൽ പറയുന്ന ഭാഗമാണ് ഗവേഷകരെ ഏറ്റവും അത്ഭുതം കൊള്ളിക്കുന്നത്. ഈ കേരളോൽപത്തി കഥകൾ പാണ്ഡവന്മാൎക്ക ഗൎഗ്ഗമഹൎഷി ഉപദേശിച്ചതാണുപോലും! പാണ്ഡവന്മാർ ഇതെല്ലാം കേട്ട് അത്യന്തം സന്തോഷിച്ച് മഹൎഷിക്ക് ഒട്ടേറെ ദാനം ചെയ്തു. മഹൎഷിക്കും സന്തോഷമായി. അദ്ദേഹം കല്പിച്ചു: "നിങ്ങൾ ഈ കഥകൾക്കു കാരണമായിട്ട് ദുൎയ്യോധനന്റെ വംശം നശിച്ച് നിങ്ങൾക്ക് രാജ്യഭാരം വരും; വിശേഷിച്ചും നിങ്ങൾക്കു ബന്ധുവായിട്ട് ശ്രീകൃഷ്ണൻവന്നു രക്ഷിക്കും" (ഭാഗം 76) ഇതിനു ശേഷമാണുപോലും പാണ്ഡവന്മാർ വിരാടരാജ്യത്ത് അജ്ഞാതവാസത്തിനു പോയത്! അതായത് പെരുമാക്കന്മാരും പാലിയത്തച്ചനും എട്ടുവീട്ടിൽപിള്ളമാരും കേരളത്തിൽ ഉണ്ടായതിനുശേഷം!

## IV

ഇത്രയെല്ലാം അസാംഗത്യങ്ങളും അസംബന്ധപ്രസ്താവങ്ങളുമുള്ള പ്രസ്തുത ഗ്രന്ഥത്തിന് ഏതു നിലയ്ക്കാണ് നാം പ്രാധാന്യം കല്പിക്കേണ്ടത്? കേരളോൽപത്തി എന്നപേരിൽ കാണുന്ന എല്ലാ ഗ്രന്ഥങ്ങൾ, കേരളക്ഷേത്രമാഹാത്മ്യം, കേരളവംശചരിത്രം, കേരളാചാരചരിത്രം തുടങ്ങി പലതും നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. എല്ലാ ഗ്രന്ഥങ്ങളിലും പരശുരാമനാണ് നായകസ്ഥാനം അലങ്കരിക്കുന്നത്. പരശുരാമനറിയാതെ ഒന്നുംതന്നെ കേരളത്തിൽ ഉണ്ടായിട്ടില്ലെന്നാണ് എല്ലാംകൂടി നോക്കുമ്പോൾ മനസ്സിലാവുന്നത്.

ഏതു നാട്ടിനും നാട്ടാൎക്കുമുണ്ടല്ലൊ പുരാണങ്ങളും ഐതിഹ്യങ്ങളും. ഭാരതഖണ്ഡത്തിന്റെ പുരാതനചരിത്രം വേദപുരാണബ്രാഹ്മണേതിഹാസങ്ങളിൽനിന്ന് അഭ്യൂഹിച്ച് നിൎമ്മിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. പുരാതനഭാരതീയസംസ്കാരത്തിന്റെ ഖനികളാണവ. പ്രാകൃതനിധികൾ പലതും അവയിൽനിന്ന് ഖനനംചെയ്തു് അനുമാനം യുക്തി എന്നിവകൊണ്ട് സംസ്കരിച്ചെടുത്ത് പ്രകാശനക്ഷമമാക്കുമ്പോൾ അവയ്ക്കു പലതരത്തിലുള്ള മൂല്യങ്ങളും കൈവരുന്നു. കേരളോൽപത്തിഗ്രന്ഥങ്ങൾ കേരളത്തെ സംബന്ധിച്ചിടത്തോളം ഏതാദൃശമൂല്യങ്ങളുള്ള മഹാഖനികളാണെന്നതു് നിൎവ്വിവാദ

മാണ്. ഈ വകുപ്പിൽപ്പെട്ട എല്ലാ ഗ്രന്ഥങ്ങളും പുറത്തു വന്നതിനു ശേഷമേ അവയുടെ പ്രതിപാദ്യവിഷയങ്ങളെ ശരിക്കും പരിശോധിക്കാനൊക്കൂ.

## പരശുരാമനും കേരളവും.

ഒന്നു തീർച്ചയാണ്; പരശുരാമനില്ലാതെ കേരളമില്ല. ഭാർഗ്ഗവക്ഷേത്രമെന്ന പേരു കേരളത്തിന് അന്വർത്ഥമാണെന്ന് കേരളോൽപത്തി ഗ്രന്ഥങ്ങൾ ഒരാവൃത്തി ഓടിച്ചു നോക്കിയവർക്കും ബോദ്ധ്യപ്പെടും. ആരാണീ പരശുരാമൻ ? അദ്ദേഹം കേരളവുമായി ബന്ധപ്പെടാൻ കാരണമെന്ത് ?

പരശുരാമനെപ്പററി ഗവേഷകന്മാർ പല സിദ്ധാന്തങ്ങളും സ്ഥാപിച്ചിട്ടുണ്ട്. പരശുരാമൻ ഒരു വ്യക്തിയല്ല, പരമ്പരയാണെന്ന് ഒരു കൂട്ടർ വിശ്വസിക്കുന്നു. പുരാണപ്രസിദ്ധനായ പരശുരാമനും കേരളീയപരശുരാമനും രണ്ടാണെന്ന് വേറൊരു കൂട്ടർ അഭ്യൂഹിക്കുന്നു. കേരളത്തിൽ കുടിയേറിപ്പാർത്ത ആര്യന്മാരുടെ (നമ്പൂതിരി) നേതാവായിരുന്നു പരശുരാമനെന്ന് പൊതുവെ പറയാവുന്നതാണ്.

പരശുരാമകഥയെ വലയംചെയ്യുന്ന ദിവ്യപരിവേഷത്തെ മാററിനിർത്തി ചരിത്രപരമായ അടിസ്ഥാനത്തിൽ നമുക്ക് അതിനെ വീക്ഷിക്കാം. കേരളം സമുദ്രത്തിനടിയിലായിരുന്നെന്നും പരശുരാമൻ മഴുവെറിഞ്ഞു് ഉയർത്തിയെടുത്ത രാജ്യമാണതെന്നും ഉള്ള കഥ ഓരോരുത്തരും അവരവരുടെ യുക്തിക്കനുസരിച്ച് വ്യാഖ്യാനിച്ചിട്ടുണ്ട്. ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ ഗവേഷണത്തിനാണ് ഇവിടെ പ്രാമുഖ്യം കല്പിക്കേണ്ടതു്. അവരുടെ അഭിപ്രായത്തിൽ ഹിമവൽപാർശ്വങ്ങൾ വൻകരയായും അതുമുതൽ വിന്ധ്യൻവരെ കടലായും കിടന്ന ഇടമായിരുന്നുവെന്നത്രെ. വിന്ധ്യനു തെക്കുള്ള ഭൂഭാഗം കരയായിരുന്നതു് ഏതോ പ്രകൃതിക്ഷോഭംനിമിത്തം ഇടിഞ്ഞു്താണ് ആഴം കുറഞ്ഞ കടലായി പരിണമിച്ചു. ദക്ഷിണേന്ത്യയിലുള്ള ഉന്നത പ്രദേശങ്ങൾ ( പർവ്വതനിരകൾ ) ഒരിക്കലും കടലിൽ താണുപോയവയോ കടലിൽനിന്നു പൊന്തിവന്നവയോ ആണെന്ന് പറകവയ്യ. അതിന് ഉപോദ്ബലകമായി യാതൊന്നും ലഭിച്ചിട്ടുമില്ല. മറിച്ച്

എതിരായ തെളിവുകളുണ്ടുതാനും; തിരുവിതാംകൂറിലുള്ള വർക്കലക്കുന്നുകൾ പരിശോധിച്ച ഭൂഗർഭശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു അവിടെ സമുദ്രസംബന്ധിയായ യാതൊന്നും എത്ര ഖനനം ചെയ്തിട്ടും കാണ്മാനില്ലെന്ന്! കടൽക്കരയ്ക്കടുത്തുനില്ക്കുന്ന കുന്നാണതെന്നും ഓർക്കണം. കേരളത്തിലെ ഭൂപ്രകൃതി ആകെക്കൂടെ നോക്കിയാൽ മറെറാരു വാസ്തവം വെളിപ്പെടും. പ്രകൃതിക്ഷോഭംകൊണ്ട് കേരളത്തിൽനിന്ന് കടൽവാങ്ങി കരതെളിഞ്ഞെന്ന സിദ്ധാന്തത്തിന് കടകവിരുദ്ധമായ ഒരു കാര്യമാണ് ഇനി പറയാൻ പോവുന്നതു്. കേരളം സ്വതേ ഒരു ദ്വീപപർവ്വതസ്ഥലം ( Islandish hill ) ആയിരുന്നെന്ന് ഊഹിക്കാൻ ന്യായമുണ്ട്. പശ്ചിമഘട്ടംമുതൽ പടിഞ്ഞാട്ട് ഇന്നു കാണുന്ന കടൽക്കരവരെ മൈതാനവും കുന്നും ഇടകലർന്നാണല്ലൊ കിടക്കുന്നതു്. തീരപ്രദേശത്തുപോലും കുന്നുകൾ ഉയർന്നു നില്ക്കുന്നുണ്ടു്. പശ്ചിമപർവ്വതങ്ങളിൽനിന്നും പ്രവഹിക്കുന്ന നീർച്ചാലുകൾ കൊണ്ടു തള്ളുന്ന മണ്ണെല്ലാം ഓരോ കുന്നിനേയും വലയംചെയ്തു കിടന്ന ജലപ്രദേശത്തെ സ്ഥലമാക്കിമാററിയെടുത്തെന്ന് അനുമാനിക്കാം. കേരളത്തിൽ ഈരണ്ടുനാഴിക അകലംകണ്ടു് ഓരോ നീർച്ചാലുകൾ (നദികളായി പിന്നീട് പലതും ) കിഴക്കുനിന്നു പടിഞ്ഞാട്ടു ഒഴുകുന്നതു് ഈ ഊഹത്തിന് ബലം കൂട്ടുന്നുണ്ടു്. പടിഞ്ഞാറു് അമ്പലപ്പുഴ ചേർത്തല തുടങ്ങിയ തനി മണൽത്തീരപ്രദേശങ്ങൾ വരിവരിയായി തെക്കുവടക്ക് കിടക്കുന്നതു് നോക്കുക. കായലിനും കടലിനും ഇടയ്ക്കുള്ള ഈ തീരപ്രദേശം വാസ്തവത്തിൽ സഹ്യന്റെ സന്താനങ്ങളാണ്; അതായതു് അവിടെ നിന്നും ഒഴുകുന്ന നദികൾകൊണ്ടു ചെന്നു്വെച്ച ഇടങ്ങളാണവ. "വയ്പ്" തുടങ്ങിയ സ്ഥലനാമങ്ങൾ ഇങ്ങനെ വന്നതല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കുട്ടനാട്ടു കിടക്കുന്ന കരിനിലങ്ങളും, അവിടെ ചിലപ്പോൾ കുഴിച്ചാൽ കിട്ടുന്ന വലിയ തടികളും ഈ സംശയത്തിന് വീണ്ടും ബലം വർദ്ധിപ്പിക്കുന്നുണ്ടു്. കുട്ടനാട്ട് പണ്ടു് ചുട്ടനാടായിരുന്നെന്നും, അതൊരു വലിയ കാടായിരുന്നെന്നും, ദാവാഗ്നി പിടിപെട്ടു എല്ലാം കരിഞ്ഞതിനുശേഷം പിന്നീടു കടൽ കേറിവാങ്ങിപ്പോയതാണെന്നും ഉള്ള ഐതിഹ്യങ്ങൾ ചിന്താബന്ധുരമാണ്. കുട്ടനാട്ട് കീഴോട്ടു കുഴിച്ചു ചെല്ലുമ്പോൾ കടലിന്റെ ഒന്നുംതന്നെ കാണില്ല; കാടിന്റെ പലതും കാണാനുമുണ്ടു്. അതുകൊണ്ട് കടൽവാങ്ങിപ്പോയ ഇടമാണതെന്ന് പറയുന്നതിലും യുക്തിയുക്തം കാടായിരുന്നതു് ഭൂക്ഷോഭംകൊണ്ടു് തകർന്നതാണ് ആഴം

കുറഞ്ഞ കടലായിത്തീൎന്നിട്ട് പിന്നീട് നദികൾ വഴിയായി മണ്ണുവന്നു വീണുപൊങ്ങിയ ഇടമാണെന്ന് വിശ്വസിക്കുകയാണ്. പക്ഷെ ഈവക കാൎയ്യങ്ങൾ ഒരു ഭാഷാസാഹിത്യഗവേഷകൻെറ മണ്ഡലത്തിൽപ്പെട്ടവയല്ലാത്തതിനാലും ഭൂഗൎഭശാസ്ത്രജ്ഞർ ഇനിയും ഗവേഷണം ചെയ്തു തീൎച്ചപ്പെടുത്തേണ്ടവ ആയതിനാലും തൽക്കാലം ഇങ്ങനെ അനുമാനാവസ്ഥയിൽ വിടുന്നു.

ഇങ്ങനെ കിഴക്ക് ഉയൎന്ന പൎവ്വതങ്ങൾ; അവയുടെ താഴ്വാരം കഴിഞ്ഞു് ചെമ്മണ്ണുനിറഞ്ഞഭൂമി; പിന്നീട് കായലുകൾ; കായലുകൾക്കിരുവശത്തും മണൽപ്രദേശങ്ങൾ; ഇത്രയും ഭൂവിഭാഗങ്ങൾ നിറയെ അവിടവിടെയായി തലയെടുത്തു നിൽക്കുന്ന കുന്നുകൾ; ആ കുന്നുകളെ വലയം ചെയ്തും, ആ ചെമ്മണ്ണുനിറഞ്ഞ പരപ്പുകളിൽ പരന്നും മണൽപ്രദേശങ്ങളിൽ തങ്ങിനിന്ന് കായലുകളിലേക്കും കടലിലേക്കും ചെന്ന് വീഴുന്ന നദികൾ; ഇവയെല്ലാംകൊണ്ടു് വൈവിദ്ധ്യവും വൈചിത്ര്യവും കലൎന്ന ഒരു മനോഹരഭൂവിഭാഗമാണ് ഇവിടെ കുടിയേറിപ്പാൎക്കാൻ വന്ന പരശുരാമനും കൂട്ടരും കണ്ടതെന്ന് ഊഹിക്കാം.

### പരശുരാമനും കൂട്ടരും എവിടെനിന്നു വന്നു?

പരശുരാമകഥ കേരളത്തിൻെറ പ്രത്യേകസ്വത്തല്ലെന്നകാൎയ്യം ആദ്യംതന്നെ സൂചിപ്പിക്കട്ടെ. ബലൂചിസ്റ്റാൻ വരെയുള്ള നാടുകളിൽ പരശുരാമസ്മരണ അതതു നാട്ടിലെ ഐതിഹ്യങ്ങളിൽ കാണുന്നുണ്ട്. പേൎഷ്യ തുക്കി തുടങ്ങിയ രാജ്യങ്ങളിലും, ആവഴി ഇങ്ങോട്ട് പടിഞ്ഞാറെ തീരം പിടിച്ച് ഗുജരാററ് തുടങ്ങിയ ഇടങ്ങളിലും പരശുരാമൻ ഒരു പൗരാണികപുരുഷനാണ്. പരശുരാമനെ പ്രതിഷ്ഠിച്ച ക്ഷേത്രങ്ങളും ബലൂചിസ്റ്റാൻവരെയുള്ള ദിക്കുകളിലുണ്ടെന്ന് പറയപ്പെടുന്നു.

ദ്രാവിഡരുടെ ആഗമത്തെപ്പററി പല വാദങ്ങളും നിലവിലുണ്ടല്ലൊ. അവയിൽ മിക്കവാറും സിദ്ധാന്തദശയിൽ എത്തിയിരിക്കുന്നതു് അവർ മദ്ധ്യധരണ്യാഴി പ്രദേശങ്ങളിൽനിന്നും വന്നവരാണെന്ന വാദമാണ്. ദ്രാവിഡരും ആൎയ്യവംശീയരാണെന്ന കഥ സ്മൎത്തവ്യമാണ്. ഫ്രിജിയദേശത്തുനിന്ന് കൎഷകസംസ്കാരത്തിലെത്തിയ ഒരു കൂട്ടർ തീരപ്രദേശംവഴി ഇങ്ങോട്ട് കുടിയേറിപ്പാൎക്കാൻ പുറപ്പെട്ടക

യുണ്ടായി. അവരുടെ നായകനായിരിക്കണം പരശുരാമൻ. അദ്ദേഹം ഭൃഗുവംശക്കാരനാണല്ലൊ. ഫ്രിജിയ എന്ന പദവും ഭൃഗുപദവും ഒന്നുതന്നെയാണ്. 'പരശു'വെന്നതു് കാർഷികായുധമായി കണക്കാക്കിയാൽ ഭാർഗ്ഗവപരശുരാമനെ ഫ്രിജിയാ ദേശത്തുള്ള കർഷകസംസ്കാരമെത്തിയ ജനതയുടെ നേതാവായി ഗണിക്കാം. അഥവാ പരശുരാമൻ എന്ന പദം ഒരു വ്യക്തിയെയല്ലാ, ഒരു വംശത്തെ കുറിക്കുന്നതായും വരാം. 'പരശു' പദത്തിന് പർസു, പർസ്യ, പർഷ്യ എന്നീ വാക്കുകളോടുള്ള ബന്ധവും ഇവിടെ ഓർക്കാൻ നന്ന്. പരശുരാമവംശത്തിനു മുൻപേവന്ന ആൎയ്യവംശ്യരായ ക്ഷത്രിയരോട്ട് വിരോധമുണ്ടാവാനും ന്യായമുണ്ട്. ആദ്യംവന്ന ആൎയ്യക്ഷത്രിയർ നേരത്തെ ഭൂവിഭാഗമെല്ലാം കൈയ്യേറി അധികാരം സ്ഥാപിച്ചു. പിന്നീടുവന്ന ഭൃഗുവംശ്യരായ ബ്രാഹ്മണർക്ക് അവർ പലവിധത്തിലുള്ള ഉപദ്രവങ്ങളുണ്ടാക്കിയിരിക്കണം. ഇക്കാൎയ്യങ്ങളും അനുമാനദശയിലുള്ളവയാണ്; സിദ്ധാന്തപദവിയിലെത്താത്തവയാണെന്നും എടുത്തുപറയട്ടെ.

ഒരാദിപരശുരാമനുണ്ടായിരുന്നിരിക്കണമെന്നും അദ്ദേഹത്തിന്റെ വംശത്തിലൊ നേതൃത്വത്തിലൊ പെട്ടവരാണ് കേരളത്തിൽ പിന്നീടു കുടിയേറിപ്പാർത്തവരെന്നും ഇപ്പോൾ ചില [1]പണ്ഡിതന്മാരുടെ ഇടയ്ക്കുള്ള വിശ്വാസം സമാദരണീയമാണെന്നു് തോന്നുന്നു. എല്ലാംകൊണ്ടും, ഈ അഭ്യൂഹങ്ങളും കേരളോൽപത്തികളിൽ പരശുരാമനെപ്പററിക്കാണുന്ന പരാമർശങ്ങളുംകൂടി ബന്ധിപ്പിച്ച് കേരളചരിത്രത്തിന്റെ ആദിമഘട്ടത്തെപ്പററി ചരിത്രപണ്ഡിതന്മാർ ഇനിയും ഗവേഷണം ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. അവരുടെ പരിശ്രമങ്ങൾക്കു് ഈ വിചാരണ ഒരുത്തേജനം നൽകുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

മദിരാശി സർവ്വകലാശാല,
9—1—1953

ഡോക്ടർ എസ്. കെ. നായർ,
എം. ഏ. പി എച്ച്. ഡി.

---

1 ശ്രീ ഏ. ബാലകൃഷ്ണപിള്ള മാതൃഭൂമി വാരികയിൽ 'ആദി പരശുരാമ'നെപ്പററി എഴുതിയ ലേഖനപരമ്പര നോക്കുക. പ്രഫസർ മുണ്ടശ്ശേരിയും ഈ അഭിപ്രായത്തോടു യോജിക്കുന്നുണ്ട്.

# ശുദ്ധിപത്രം

| ഭാഗം | വരി | തെററു് | ശരി |
|---|---|---|---|
| 2 | തലക്കെട്ടു് | ന്ഥഗ്രം | ഗ്രന്ഥം |
| 3 | 3 | ചൊന്നൊടിച്ചു | ചെന്നൊടിച്ചു |
| ,, | 9 | ഗാധമഹൎഷി | ഗാഥമഹൎഷി |
| ,, | 12 | വൈശ്ചദേവം | വൈശ്വദേവം |
| 6 | 18 | ചോതിച്ച | ചോദിച്ച |
| 7 | 11 | നന്മുടെ | നമ്മുടെ |
| 8 | 12 | ഇരുചെരും | ഇരുപേരും |
| ,, | 24 | കുമാരിയയും | കുമാരിയേയും |
| 16 | 1 | ഗ്രഹവും | ഗൃഹവും |
| 20 | 10 | മരതുണ്ടത്തിൽ | മരത്തുണ്ടത്തിൽ |
| 23 | 6 | അഋസ്ത്യ | അഗസ്ത്യ |
| ,, | 9 | ഝ്യാനിച്ചു | ധ്യാനിച്ചു |
| 29 | 3 | പ്രതിഷ്ടിച്ചു് | പ്രതിഷ്ഠിച്ചു് |
| 36 | 1 | അടക്ക | അടയ്ക്ക |
| 44 | 3 | തേർവീതി | തേർവീഥി |
| ,, | 22 | ഊരാത്മ | ഊരാണ്മ |
| 45 | 8 | വരാഹമൂൎത്തിയേവും | വരാഹമൂൎത്തിയേയും |
| ,, | 11 | പരശുരമേൻ | പരശുരാമൻ |
| 46 | 6 | ശിശ്രൂഷ | ശുശ്രൂഷ |
| ,, | 20 | പിഷാലൊടി | പിഷാരൊടി |
| ,, | 25, 26 | ജാതിതൎക്കം | ജാതികൎക്കം |
| 47 | 8,9 | പാൎത്തുകൊണ്ടണം | പാൎത്തുകൊള്ളണം |
| ,, | 11 | നടന്നാടെ | നടന്നാറെ |
| ,, | 16 | 'ആയത്തു്' ആവൎത്തിക്കേണ്ട | |
| 48 | 12 | ഗന്ധകവ്വളെ | ഗന്ധൎവ്വസ്ത്രീകളെ |
| ,, | 13 | മൂകാംബികയിലും | മൂകാംബിയിലും |

| | | | |
|---|---|---|---|
| 48 | 13 | ആക്കിയിറെ | ആക്കിയാറെ |
| 51 | 6 | കോവിലാക | കോവിലകം |
| 52 | 18 | സുബ്രഹ്മണ്ഡ്യ | സുബ്രഹ്മണ്യ |
| 53 | 5 | ബ്രാഹ്മണരൊ | ബ്രാഹ്മണരെ |
| ,, | 26 | തൃചരകുന്നത്തു | തൃച്ചരക്കുന്നത്തു് |
| 63 | 14 | ലവണപൌത്ര | ലവപൌത്ര |

---

കുറിപ്പ്:—പ്രകടമായ അച്ചടിപ്പിഴകൾ മാത്രമേ ഈ ശുദ്ധി പത്രത്തിൽ ചേർത്തിട്ടുള്ളൂ.

UNIVERSITY EXTENSI
MADURA

ശ്രീ ഗണപതയേനമഃ ശ്രീ വേദവ്യാസായ നമഃ.

# കേരളോൽപത്തി ഗ്രന്ഥം.

## അദ്ധ്യായം ൧

ത്രേതായുഗത്തിന്റെ ആദിയിൽ സൂൎയ്യവംശത്തിൽ കൃതവീൎയ്യനെന്ന പേരായ രാജാവു നൎമ്മദയുടെ തീരത്തിങ്കൽ ഉണ്ടായി. ആദേശം മുതൽ എട്ടുദേശത്തിന്റെ തെക്കേദിക്കിൽ ഇരുന്ന രാജ്യപരിപാലനം ചെയ്യുന്നകാലത്തു പുത്രന്മാരില്ലാതെ ദുഃഖിച്ചു ശ്രീനാരായണനെ സേവിച്ചു നാലുദിക്കിലും അഗ്നിയെ വളൎത്തി നടുവിലിരുന്നു വിന്ധ്യപൎവ്വതത്തിന്മേൽ തപസ്സുചെയ്തപ്പോൾ നാരദമഹൎഷി ഈ രാജാവിന്റെ അടുക്കൽ ചെന്നു തപസ്സുകണ്ടു വളരെ സന്തോഷിച്ചു പുത്രനുണ്ടാകേണ്ടുന്നതിനു സുദൎശനവ്രതം ഉപദേശിച്ചു. അത് എന്തെന്നാൽ :—“മകരമാസത്തിൽ വെളുത്തപക്ഷത്തിൽ ഏകാദശിയും ഞായറാഴ്ചയും തിരുവോണവും കൂടി വരുന്ന ദിവസത്തിൽ ഉപവസിച്ചു പിറേറദിവസം ദ്വാദശിനാൾ ബ്രാഹ്മണഭോജനം ചെയ്യണം; എന്നാൽ പുത്രന്മാരുണ്ടാം സ്വൎഗ്ഗത്തെ പ്രാപിക്കയും ചെയ്യും” എന്നു നാരദമഹൎഷി ഉപദേശിച്ചാറെ, അതുപോലെ രാജാവു ചെയ്തുവരുമ്പോൾ കാൎത്തവീൎയ്യനെന്ന പേരോടുകൂടെ ആയിരം കയ്യുമായിട്ടു വിഷ്ണുവിന്റെ ചക്രവും കയ്യിൽ പിടിച്ചുണ്ടായി. ഭൂമിയിൽ രാജ്യങ്ങൾ ഒക്കയും അടക്കി ധൎമ്മന്യായത്തെ നടത്തിക്കൊണ്ടുവരുമ്പോൾ അഷ്ടദിക്പാലന്മാരെ ജയിക്കണമെന്നു നിശ്ചയിച്ചു എട്ടുമന്ത്രികളോടും പടസന്നാഹത്തോടും കൂടച്ചെന്നു വൈശ്രവണനോടു അഞ്ചുദിവസം യുദ്ധംചെയ്തു മടങ്ങി ഏറിയൊരു സേനയൊണ്ടായിട്ടും ആയിരം കയ്യും ഇരുന്നിട്ടും മടങ്ങിയതിന്റെശേഷം വടക്കേദിക്കിൽ സിന്ധുനദിയിങ്കൽ ഒരു ഗുഹയിൽചെന്നു നാലുദിക്കിലുമഗ്നിയെ വളൎത്തി നടുവിലിരുന്നു പതിനെണ്ണായിരം സംവത്സരം തപസ്സുചെയ്തു വരുമ്പോൾ നാരദമഹൎഷി വന്നു കാൎത്തവീൎയ്യനോടു ഒരു വാക്കു പറഞ്ഞതു എന്തെന്നാൽ:—നിന്റെ കയ്യും കാലും വെട്ടി ഹോമംചെയ്താൽ നിന്റെ മുമ്പിൽ ബ്രഹ്മാവു

വരുമെന്നും" പറഞ്ഞു. അതിൻെറ ശേഷം കാൎത്തവീൎയ്യൻ തൻെറ കയ്യുംകാലും വെട്ടി ഹോമം തുടങ്ങിയാറെ ബ്രഹ്മാവു അവിടെ വന്നു "നിനക്കു എന്തുവരം വേണ്ടുവെന്നു ചോദിച്ചതിൻെറ ശേഷം കാൎത്തവീൎയ്യൻ പറഞ്ഞ തെന്തെന്നാൽ:—ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രചണ്ഡാലനും അഷ്ടദിക്പാലന്മാരും ദേവേന്ദ്രനും പിന്നെയൊരുത്തരാലും എന്നെക്കൊല്ലരുതെന്ന വരം തരണമെന്നു ചോദിച്ചാറെ 'അങ്ങനെതന്നെ' എന്നു ബ്രഹ്മാവു വരവും കൊടുത്തു പോയതിൻെറ ശേഷം കാൎത്തവീൎയ്യൻ തൻെറ രാജ്യത്തിൽ വന്നു മുമ്പലത്തെ സേനയോടും കൂടെ പിന്നെയും വൈശ്രവണനോടു യുദ്ധത്തിനു ചെന്നു വാളെടുത്തു വൈശ്രവണനെ വെട്ടിയാറെ മടങ്ങിവീഴുകയും ചെയ്തു. അതിൻെറ ശേഷം ഏറിയദ്രവ്യമെടുത്തു കാൎത്തവീൎയ്യൻെറ കാല്ക്കൽ വച്ചു നമസ്കരിച്ചതിൻെറശേഷം തെക്കെദിക്കിൽ പോകയും ചെയ്തു.

---

### അദ്ധ്യായം ൨

കാൎത്തവീൎയ്യൻ തെക്കെദിക്കിൽ ചെന്നതിൻെറ ശേഷം ധൎമ്മരാജാവു ഏറിയദ്രവ്യമെടുത്തു കാൎത്തവീൎയ്യൻെറ കാക്കൽവച്ചു നമസ്കരിച്ചതിൻെറശേഷം പടിഞ്ഞാറോട്ടു പോകയും ചെയ്തു. കാൎത്തവീൎയ്യൻെറ വരവുകണ്ടു ഭയപ്പെട്ടു വരുണൻ തനിക്കുള്ള ആഭരണങ്ങളുമെടുത്തു വാദ്യഘോഷത്തോടും കൂടിച്ചെന്നു കാൎത്തവീൎയ്യൻെറ കാല്ക്കൽവച്ചു നമസ്കരിച്ചതിൻെറ ശേഷം ദേവലോകത്തു ചെന്നു ദേവസ്ത്രീകളെ ഒക്കെയും കൈക്കലാക്കി. ദേവേന്ദ്രനേയും മടക്കി തൻെറ ദിക്കിൽ വന്നു ബ്രാഹ്മണരെ ഉപദ്രവിച്ചു ഏകശാസനായിട്ടു ദേവസ്ത്രീകളോടും കൂടെ സുഖമായിട്ടു അധിവസിക്കുമ്പോൾ ഇതുകേട്ടു ദേവേന്ദ്രൻ മുതലായിട്ടുള്ള ദേവന്മാരൊക്കെയും ഋഷീശ്വരന്മാരുടെ ആശ്രമങ്ങളിൽ വന്നു ഒരുവാക്കു പറഞ്ഞതു എന്തെന്നാൽ:— "അൎജ്ജുനൻ എന്നൊരു കല്പകവൃക്ഷം ഒരു ബ്രാഹ്മണൻെറ ശാപം ഹേതുവായിട്ടു ദേവലോകത്തുനിന്നും ഭൂലോകത്തു വന്നു ആയിരം കൊമ്പോടുകൂടെ ഇരുന്തൂറു നാഴിക പൊക്കത്തിൽ നൂറുനാഴിക വണ്ണത്തിൽ ആകയാൽ അതിനെ

കളഞ്ഞാൽ നിനക്കു കാൎത്തവീൎയ്യാൎജ്ജുനൻ എന്നു പേരു തരികയും ആം" എന്നു നാരദമഹൎഷി പറഞ്ഞതിന്റെ ശേഷം ആ വൃക്ഷത്തിനെ ചൊന്നൊടിച്ചു പൂഴിയിൽ വലിച്ചുകളഞ്ഞാറെ എല്ലാപേരും കൂടി അൎജ്ജുനൻ എന്നുള്ള പേരു എല്ലാ ജനങ്ങളും വിളിച്ചു തുടങ്ങി. ശ്രീനാരായണൻ മുമ്പിൽ നാരദമഹൎഷിയോടു ഭൃഗുവംശത്തിൽ പുത്രനായിട്ടു ജനിക്കുമെന്നു പറഞ്ഞിട്ടുണ്ടോം. നാരദമഹൎഷിം ജമദഗ്നി എന്നൊരു മഹൎഷിയും അയാളുടെസ്ത്രീ രേണുകാ പാതിവ്രത്യതപോബലത്തോടും കൂടെ ഭൎത്താവിനെ ശുശ്രൂഷിച്ചു വരുമ്പോൾ (രേണുകയ്ക്കു) അച്ഛൻ ഗാധമഹൎഷി എന്നും അമ്മ കുശിക എന്നും ഇവൎക്കു പുത്രന്മാരു ഇല്ലാതെ ഇരിക്കുമ്പോൾ നാരദമഹൎഷി അവിടെ ചെന്നു "നിങ്ങൾക്കു പുത്രന്മാരുണ്ടാകു"മെന്നും പറഞ്ഞതിന്റെശേഷം ബ്രഹ്മാവിന്റെ അടുക്കൽചെന്നു [1] വൈശ്വദേവംകഴിച്ചു പിണ്ഡത്തിൽ ബ്രഹ്മതേജസ്സായിട്ടൊരു പിണ്ഡവും തരണമെന്നു ചോദിച്ചാറെ നാരദന്റെ കൈക്കൽ കൊടുത്തു. നാരദൻ ജമദഗ്നിയുടെ സ്ത്രീ രേണുകയ്ക്കു ക്ഷത്രിയതേജസ്സായിട്ടുള്ളൊരു പിണ്ഡം കൊടുത്തു. രേണുക ഭക്ഷിച്ചു ഗൎഭമാകയും ചെയ്തു. പിന്നെ ബ്രഹ്മതേജസ്സായിട്ടുള്ളൊരു പിണ്ഡം കുശികക്കു കൊടുത്തു കുശികയും ഭക്ഷിച്ചു ഗൎഭമുണ്ടായാറെ പുത്രൻ വിശ്വാമിത്രമഹൎഷി ജനിച്ചു. രേണുകയും പൂൎണ്ണഗൎഭമായിട്ടു തിരുവോണത്തുംനാൾ ശുഭമായിട്ടുള്ള നേരത്തു ഭൃഗുകുലത്തിങ്കൽ ഉത്തമപുരുഷനായിട്ടു ചന്ദ്രമണ്ഡലംപോലെ തേജസ്സായിട്ടു വെണ്മഴുവും കയ്യിൽപിടിച്ചു ശംഖ, ചക്രത്തോടും കൂടെ പിറന്നതിന്റെ ശേഷം പുത്രനെ രേണുക കണ്ടു സ്തുതിച്ചു നമസ്കരിച്ചു. മായാരൂപമായിട്ടു വെണ്മഴുവും കയ്യിൽ ശംഖ, ചക്രത്തോടും ബ്രഹ്മതേജസ്സായിട്ടു കണ്ട ഉടനെ അച്ഛൻ ജമദഗ്നി വന്നു പുത്രനെ കണ്ടു. വിധിപോലെ ജമദഗ്നി ബ്രാഹ്മണഭോജനം കഴിച്ചു മഹാബ്രാഹ്മണസംഘത്തിൽ നിന്നും പരശുരാമൻ എന്നു പേരും വിളിച്ചു. മൂന്നുവയസ്സായാറെ ചൗളവും കഴിച്ചു വിധിപോലെ പൂണുനൂലുമിട്ടു വേദവും അഭ്യസിപ്പിച്ചു. നാരദമഹൎഷി അവിടെ വന്നു ശ്രീപരമേശ്വരന്റെ പുത്രൻ സുബ്രഹ്മണ്യനു ആയുധാഭ്യാസത്തിനു സഹായമായിട്ടു അങ്ങേ പുത്രൻ

1 നൂറു ബ്രാഹ്മണർകൂടി ചെയ്യുന്ന ഒരു കൎമ്മം.

പരശുരാമനെ ഞാൻ കൂട്ടിക്കൊണ്ടുപോകുമെന്നും ജമദഗ്നിയോടു പറഞ്ഞാറെ ജമദഗ്നി പരശുരാമനെ അഭ്യാസത്തിനായിക്കൊണ്ടു കൈലാസത്തിങ്കൽ ചെന്നു. സുബ്രഹ്മണ്യനും പരശുരാമനും ആയുധാഭ്യാസം ചെയ്തുകൊണ്ടു വരുമ്പോൾ ഇവിടെ ആശ്രമത്തിൽ ജമദഗ്നിമഹർഷിയുടെ അഗ്നിഹോത്രത്തിനു രേണുക വെള്ളത്തിനുപോയാൽ പാതിവ്രത്യതപോബലംകൊണ്ടു ഒരു പാത്രമായിട്ടു തീരും. അതിൽ വെള്ളവുംകൊണ്ടു പോകുന്നകാലങ്ങളിൽ ഒരുദിവസം മറുകരയിൽ കാർത്ത്വീര്യൻ സഞ്ചരിക്കുന്നതു് രേണുക വരച്ച വെള്ളത്തിൽ അവന്റെ നിഴൽ കണ്ടു. രേണുക ഛായകണ്ടു മോഹിച്ചു ഇതുപോലെയുള്ള പുരുഷന്മാരോടുകൂടെ ഇരിയ്ക്കേണമെന്നു വിചാരിച്ചു. ആശ്രമത്തിൽ പോവാൻ വൈകിട്ടു വെള്ളം എടുത്താറെ പാതിവ്രത്യം പോകകൊണ്ടു വെള്ളംവന്നില്ല. അതിന്റെ ശേഷം ദുഃഖിച്ചു ആശ്രമത്തിൽ ചെന്നാറെ ജമദഗ്നിമഹർഷി കോപിച്ചു വെള്ളംകൊണ്ടു വരുന്നപാത്രം എവിടെ എന്നു ചോദിച്ചാറെ 'കാർത്ത്വീര്യാർജ്ജുനൻ എന്ന രാജാവു മറുകരയിൽ നില്ക്കുന്നതു ഞാൻ വെള്ളത്തിൽ വരച്ച പാത്രത്തിൽ ആയിരം കൈയ്യോടും സർവ്വാഭരണഭൂഷിതനായിട്ടും നല്ല സുന്ദരനായിട്ടും നിഴൽ കാണുകകൊണ്ടു മോഹത്തെ അടഞ്ഞു പാത്രത്തിൽ വെള്ളം വരായ്കകൊണ്ടത്രേ പോന്ന' തെന്നും രേണുക പറഞ്ഞപ്പോൾ ശപിപ്പാനായിട്ടു മഹർഷി ഭാവിച്ചാറെ ആ സമയത്തിൽ നാരദമഹർഷി അവിടെ വന്നു ശപിക്കരുതെന്നും പരശുരാമനെ വരുത്തി സംഹരിപ്പിക്കേണമെന്നും മഹർഷി പരശുരാമനെ വരുത്തി വെണ്മഴുകൊണ്ടു വെട്ടുവാൻ പറഞ്ഞാറെ അമ്മയെ പരശുരാമൻ വെട്ടിയതിന്റെ ശേഷം മുനീശ്വരന്മാർ ഒക്കെയും അവിടെ വന്നപ്പോൾ അവരെ എല്ലാപേരെയും പരശുരാമൻ നമസ്കരിച്ചു നിന്നാറെ എന്തു വേണ്ടു എന്നു ചോദിച്ചതിന്റെ ശേഷം 'എന്റെ അമ്മ ജീവിക്കേണം' മെന്നും പറഞ്ഞാറെ മഹർഷിമാരു ജീവിപ്പിച്ചു. മാതൃഹത്തിദോഷമുണ്ടെന്നും മഹർഷിമാരു പരശുരാമനോടു പറഞ്ഞതിന്റെ ശേഷം ആ ദോഷം പോവാനെന്തുവേണ്ടുവെന്നു ചോദിച്ചാറെ മഹർഷിമാരു പറഞ്ഞതു എന്തെന്നാൽ കാർത്ത്വീര്യാർജ്ജുനന്റെ വംശങ്ങളൊക്കയും കൊന്നാൽ മാതൃഹത്തിദോഷങ്ങളൊക്കയും പോകുമെന്നും പറഞ്ഞതിന്റെ ശേഷം ആയുധങ്ങളൊക്കയും എടുത്തു കാർത്ത്വീര്യാർജ്ജുന

നോടു യുദ്ധത്തിനായിട്ടു പോയി ഒരു ഗുഹയിൽച്ചെന്നു ശമ്പരിമരത്തിൻെറ ചുവട്ടിൽ തപസ്സുചെയ്തു വരുമ്പോൾ നായാട്ടിനായിക്കൊണ്ടു അനേകം സേനയോടുംകൂടെ കാൎത്തവീൎയ്യാൎജ്ജുനൻ വന്നാറെ അവൻെറ മന്ത്രി പരശുരാമൻെറ അടുക്കൽ വന്നു ആരെന്നു ചോദിച്ചാറെ വിശേഷമൊന്നും പറയായ്കകൊണ്ടു പിടിയാത്തവനെന്നു മന്ത്രി പറഞ്ഞതിൻെറ ശേഷം വില്ലെടുത്തു അസ്ത്രം പ്രയോഗിച്ചു തുടങ്ങി; വെണ്മഴുകൊണ്ടു വെട്ടും തുടങ്ങി സേനകളൊക്കയും ക്ഷയിച്ചാറെ കാൎത്തവീൎയ്യാൎജ്ജുനൻ പരശുരാമൻെറ ശരീരത്തിൽ അനേകം അസ്ത്രം പ്രയോഗിച്ചു. വെണ്മഴുവെടുത്തു പരശുരാമൻ കാൎത്തവീൎയ്യാൎജ്ജുനനേയും ഇരുപത്തൊന്നുപ്രാവശ്യം ക്ഷത്രിയവംശങ്ങളേയും വെട്ടി ഒടുക്കിയതിൻെറ ശേഷം പഞ്ചക്ഷേത്രത്തിൽ ചെന്നു തീൎത്ഥസ്നാനവും ചെയ്തു ശിവലിംഗവും ശ്രീനാരായണനെയും പ്രതിഷ്ഠിച്ചു.

---

## അദ്ധ്യായം ൩

ഗൎഗ്ഗൻമഹൎഷി ധൎമ്മപുത്രരോടു പറയുന്നവചനം എന്തെന്നാൽ:- കൃതയുഗത്തിൽ ഭൃഗുവംശത്തിൽ ജമദഗ്നിമഹൎഷിയുടെ പുത്രനായിട്ടും പരശുരാമനെന്ന പരാക്രമനായിട്ടും ധൎമ്മന്ന്യായത്തേയും പരിപാലനം ചെയ്തു ക്ഷത്രിയന്മാരുടെ ശത്രുവായിട്ടും അവരെക്കൊന്നതിൻെറ ശേഷം അവരുടെ ചോര ഒരു സമുദ്രംപോലെ ഉണ്ടായി അങ്ങനെയുള്ള സമുദ്രത്തിൽ പരശുരാമൻ പിതൃതൎപ്പണം ചെയ്തു ആ രാജ്യങ്ങളും കാൎത്തവീൎയ്യാൎജ്ജുനനൻെറ രാജ്യങ്ങളും പരശുരാമൻ തന്നെ ഏകശാസനആയിട്ടു ധൎമ്മന്ന്യായം നടത്തി പരിപാലനം ചെയ്തുവരുന്ന കാലത്തു ക്ഷത്രിയവംശങ്ങളൊക്കയും ഒടുക്കിയ പാപം പോവാനായിട്ടു മഹാബ്രാഹ്മണൎക്കു അനേകദാനം ചെയ്യണമെന്നും നിശ്ചയിച്ചു ദൂതനെ വിളിച്ചു വസിഷ്ഠാദികളായ മഹൎഷിമാരെ ഒക്കെയും ദാനത്തിനായിയ്ക്കൊണ്ടു വരുത്തേണമെന്നു പരശുരാമൻ ദൂതനോടു കല്പിച്ചതിൻെറ ശേഷം അനേകം തേരും കുതിരകളോടുംകൂടെ നൈമിശാരണ്യത്തിൽ ചെന്നു മഹൎഷിമാരോടു ദൂതൻ പറയിന്നവാക്കു എന്തെന്നാൽ "പരശു

രാമമഹാരാജാവു മഹാദാനം തരേണമെന്നു നിശ്ചയിച്ചിരിക്കകൊണ്ടും എല്ലാപേരും അങ്ങോട്ടു എഴുന്നെള്ളേണ"മെന്നും അപേക്ഷിക്കുന്നു എന്നു ദൂതൻ പറഞ്ഞതിന്റെ ശേഷം മഹർഷിമാരൊക്കയും പുറപ്പെട്ടു തേരെലും കുതിരെലും കേറി ദാനത്തിനായിക്കൊണ്ടു പരശുരാമന്റെ അടുക്കൽ വന്നു. മഹർഷിമാരുടെ പേരുകൾ വസിഷ്ഠമഹർഷി, വാമദേവമഹർഷി, വാല്മീകിമഹർഷി, അഗസ്ത്യമഹർഷി, കാശ്യപമഹർഷി, വിശ്വാമിത്രമഹർഷി, മൃകണ്ഡുമഹർഷി, നാരദമഹർഷി, തൃണബിന്ദുമഹർഷി, ശതാനന്ദമഹർഷി, ഗൗതമമഹർഷി, തപോധനമഹർഷി, അത്രിമഹർഷി, ഋശ്യശൃങ്ഗമഹർഷി, ദുർവാസാമഹർഷി, പരാശരമഹർഷി, വേദവ്യാസമഹർഷി ഇവരു എല്ലാപേരും ശിഷ്യന്മാരോടും കൂടെ പരശുരാമന്റെ അടുക്കൽ വന്നാറെ അവരെ എല്ലാപേരെയും നമസ്കരിച്ചു അവൎക്കു എല്ലാപേൎക്കും പ്രത്യേകം പ്രത്യേകം ആസനംകൊടുത്തു ഇരുത്തി പൂജിച്ചു പ്രദക്ഷിണം ചെയ്തു വൎത്തമാനങ്ങൾ പറഞ്ഞു കാൎത്തവീര്യാർജ്ജുനനെപ്പോലെ ചില ദുഷ്ടന്മാരുണ്ടായി യാഗാദികൎമ്മങ്ങളും മുടക്കി ഉപദ്രവിച്ചു എല്ലാം ഇപ്പോൾ നമ്മുടെ ഒള്ള രാജ്യങ്ങളിൽ ഇങ്ങനെയുള്ള അകൃത്യങ്ങൾ നടക്കുന്നുണ്ടോ എന്നു പരശുരാമൻ മഹർഷിമാരോടു ചോദിച്ചതിന്റെ ശേഷം ക്ഷത്രിയവംശം ഒടുക്കി രാജ്യങ്ങൾ ഒക്കെയും ഒരു ഉപദ്രവംകൂടാതെ സൗഖ്യമായിട്ടുതന്നെ ഇരിക്കുന്നു അതുകൊണ്ടും അങ്ങു വിഷ്ണുദൂതനാകകൊണ്ടും അങ്ങു സുഖമായിട്ടു വസിക്കണമെന്നും പരശുരാമനോടു മഹർഷിമാർ പറഞ്ഞു വിശേഷിച്ചും ഞങ്ങളെ വരുത്തിയതു എന്തുകാരണമെന്നും മഹർഷിമാരു ചോദിച്ചു ഇപ്പോൾ ഇനിക്കു വീരഹത്തിപാപം ഒണ്ടാകകൊണ്ടു ഷോഡശമഹാദാനം ചെയ്യുണം അതിന്റെ വിധി എങ്ങനെ എന്നു ചോദിച്ചാറെ മഹർഷിമാരു പറഞ്ഞപ്രകാരം നാരദൻ പരശുരാമനോടു പറഞ്ഞു.

---

## അദ്ധ്യായം ൪

"ദെശദാനം കൂടെ കഴിക്കണം—"എന്നു പറഞ്ഞാറെ ക്ഷൗരം ചെയ്യിച്ചു തീൎത്ഥസ്നാനം ചെയ്തു സ്നാനമണ്ഡപത്തിൽ ചെന്നു ഗണ

പതിയെയുംആദിത്യനെയും അഗ്നിയെയും പൂജിച്ചു ആയിരംകോടി പശുദ്ദാനവും ആയിരം വെള്ളക്കുതിരയും ആയിരം തേരും ആയിരം പല്ലക്കും നൂറായിരംകോടി ഭണ്ഡാരദ്രവ്യവും സ്വൎണ്ണംകൊണ്ടു പതിനായിരം ആനയും തൈലദാനവും ദാസികളെയും ദാസന്മാരെയും നല്ല വസ്ത്രങ്ങളും സ്വൎണ്ണം കൊണ്ടു ഉണ്ടാക്കിയ കിടക്കകളും ഇപ്രകാരം ഏറിയ ദ്രവ്യങ്ങൾ ദാനം ചെയ്തിരിക്കുമ്പോൾ വിശ്വാമിത്രമഹൎഷി സന്തോഷിച്ചു പറഞ്ഞു "ഇങ്ങനെ മറ്റൊരു രാജാക്കന്മാരും ദാനം ചെയ്തിട്ടില്ലെന്നും ദാനംമതി ഞങ്ങൾക്കു തൃപ്തി" യായെന്നും പറഞ്ഞു. പിന്നെയും മഹൎഷിമാരു തമ്മിൽ വിചാരിച്ചു ഭൂദാനം ചെയ്യിപ്പിക്കണമെന്നു വിശ്വാമിത്രൻ പറഞ്ഞപ്രകാരം നാരദൻ പരശുരാമനോടു പറഞ്ഞാറെ നമ്മുടെ ഗുരുവു ശതാനന്ദമഹൎഷിക്കു കൊടുക്കാമെന്നു പൂവും നീരും കയ്യിലെടുത്തു എത്ര നാഴികവഴി രാജ്യം വേണമെന്നു ചോദിച്ചാറെ മഹൎഷിഎല്ലാ ഭൂമിയും തന്നാലെ പാപം പോകുമെന്നും പറഞ്ഞതിൻെറശേഷം നാലു സമുദ്രത്തിനകത്തുള്ള ഭൂമിയും എല്ലാ ബ്രാഹ്മണൎക്കായിട്ടും ദാനംചെയ്തതു വാങ്ങിച്ചു ബ്രാഹ്മണരു എല്ലാപേരും സന്തോഷത്തോടുംകൂടെ പ്രത്യേകം പ്രത്യേകം അനുഗ്രഹിച്ചു. മുപ്പത്തുമുക്കോടി ദേവകളും യക്ഷന്മാരും ഗന്ധൎവ്വന്മാരും കിന്നരന്മാരും ദേവസ്ത്രീകൾ ഭൂമിദാനം കണ്ടു സന്തോഷിച്ചു പരശുരാമൻെറ ശിരസ്സിൽ പുഷ്പവൎഷം ചെയ്തു. പിന്നെയും ബ്രാഹ്മണരെ പ്രദക്ഷിണം ചെയ്തു നമസ്കരിച്ചു സന്തോഷിച്ചു പരശുരാമൻ ചോദിച്ചു. "ഇനി ഞാൻ എന്തുവേണ്ടു" വെന്നു ചോദിച്ചാറെ എല്ലാപേരും ലജ്ജയോടും ഇരുന്നതിൻെറ ശേഷം വിശ്വാമിത്രമഹൎഷി പറഞ്ഞു എല്ലാഭൂമിയും ദാനം ചെയ്തതുകൊണ്ടും ഇവിടെ ഇരിക്കരുതെന്നും ആകാശത്തിലോ സമുദ്രത്തിലോ പോകണമെന്നും പരശുരാമനോടു പറഞ്ഞാറെ "അങ്ങനെതന്നെ എന്നും നിങ്ങൾ ഈ ഭൂമിയിൽ സുഖമായിരിക്കേവേണ്ടു" എന്നും പരശുരാമൻ പറഞ്ഞു. ധൈൎയ്യത്തോടും കൂടി കൈലാസത്തിൽ ശ്രീപരമേശ്വരൻെറ സന്നിധിയിങ്കൽ ചെന്നു.

---

## അദ്ധ്യായം ൬

അതിൻെറ ശേഷം സന്തോഷത്തോടും കൂടി രാജ്യഭാരങ്ങൾ ഒക്കെയും ഒഴിച്ചു മുനീശ്വരന്മാരാൽ വന്ദിക്കപ്പെട്ടു നാരദാദിയായിരിക്കുന്ന മുനീശ്വരന്മാർ പറഞ്ഞുബോധിപ്പിച്ചു ഭൂമി ഒക്കെയും കൈക്കലാക്കിക്കൊണ്ടു പോക എന്നു പറഞ്ഞിട്ടത്രേ പോന്നതെന്നും ശ്രീപരമേശ്വരൻ കല്പിച്ചു. പൂർവ്വജന്മത്തിൽ എന്തൊരു കാരണത്താൽ ദാനം ഹേതുവായിട്ടു രാജ്യം ഭ്രഷ്ടവന്നതെന്നറിഞ്ഞില്ല. മൂന്നുലോകത്തിലും ഉള്ള ജനങ്ങൾ ഒക്കെയും നിന്ദിച്ചാൽ ഇനിക്കു സങ്കടം സഹിപ്പാൻ വയ്യാഴികകൊണ്ടും കൃപയൊണ്ടായിട്ടു വേറെ ഒരു ഭൂമി ഒണ്ടാക്കി ഇരിക്കാമെന്നു പറഞ്ഞതിനെ സംഗതി വരുത്തണം ഇപ്രകാരം പരശുരാമൻെറ ദുഃഖങ്ങൾ കണ്ടു ശ്രീപരമേശ്വരൻ കല്പിച്ചു "നിനക്കു രാജ്യമുണ്ടാകേണ്ടുന്നതിനു ചെങ്ങാതിയായിട്ടു നമ്മുടെ സുബ്രഹ്മണ്യനെക്കൂടെ അയയ്ക്കാം നിങ്ങൾ ഇരുപെരുംകൂടിച്ചെന്നു ഭൂമി ഒണ്ടാക്കിയാൽ നിൻെറ ഭൂമിയിൽ തന്നെ ഞാൻ ഇരിക്കാം" ഇതിന്മണ്ണം കല്പിച്ചു സുബ്രഹ്മണ്യനെ മടിയിൽവെച്ചു ശിരസ്സിൽ ഘ്രാണിച്ചു കല്പിച്ചു "പരശുരാമനു സഹായമായിട്ടു നീകൂടച്ചെന്നു ഞാൻ പറഞ്ഞപ്രകാരം സമുദ്രത്തോടു പറഞ്ഞു ഭൂമി വാങ്ങിച്ചു കൊടുക്കണമെന്നും കല്പിച്ചതിൻെറശേഷം സുബ്രഹ്മണ്യനും പരശുരാമനും കൂടി ശ്രീപരമേശ്വരനേയും ശ്രീപാർവ്വതിയേയും നമസ്കരിച്ചു മയിൽവാഹനത്തിൽ കേറി പരശുരാമനെയും കൂട്ടിക്കൊണ്ടു സുബ്രഹ്മണ്യൻ തെക്കെദിക്കിലെഴുന്നെള്ളി തെക്കെ സമുദ്രത്തിൽ ഒരു തീർത്ഥം ഉണ്ടാക്കി മായ്ക്കകൊണ്ടൊരു കന്യകയെ പ്രതിഷ്ഠിച്ചു സുബ്രഹ്മണ്യൻ പരശുരാമനൊടു കല്പിച്ചു "ഞാൻ മായ്ക്കകൊണ്ടൊരു കന്യകയെ പ്രതിഷ്ഠിച്ചുവല്ലോ ആ കന്യകയെ സംവത്സരം പൂജയും പുഷ്പാഞ്ജലിയും കഴിച്ചു കന്യാകുമാരിയയും നമസ്കരിച്ചു തീർത്ഥസ്നാനവും ചെയ്തു സൂര്യഗ്രഹണം ചന്ദ്രഗ്രഹണം ഇങ്ങനെയുള്ള സമയത്തിൽ കന്യാകുമാരിയെയും നമസ്കരിച്ചു ബ്രാഹ്മണർക്കു കന്യാദാനവും ഗോദാനവും പിന്നെയും വിശേഷമായിട്ടുള്ള ദാനങ്ങൾ ചെയ്താൽ ഏററവും പുണ്യവും ഒണ്ടാം. സംവത്സരം പൂജയും പുഷ്പാഞ്ജലിയും ചെയ്തു പാർക്കുമ്പോൾ സമുദ്രരാജൻ തന്നെ വരും എന്നു സുബ്രഹ്മണ്യൻ കല്പിച്ചതിൻെറ ശേഷം

കന്യാകുമാരി ഭഗവതിയേയും പൂജിച്ചു സാംവത്സരം പാർത്തതിന്റെ ശേഷം സമുദ്രരാജൻ വന്നു സുബ്രഹ്മണ്യനേയും പരശുരാമനേയും നമസ്കരിച്ചു നിങ്ങൾ ഇരുപേരും വന്ന കാര്യമെന്തെന്നു ചോദിച്ചാറെ സമുദ്രരാജനോടു പരശുരാമൻ പറഞ്ഞതു എന്തെന്നാൽ കുറഞ്ഞൊരു സങ്കടമുണ്ടെന്നും പറഞ്ഞു.

---

## അദ്ധ്യായം ൩

"ദാനം ചെയ്തിട്ടുള്ള രാജ്യങ്ങൾ ഒക്കെയും പോയി; ഇനിക്കു ഇരിപ്പാൻ ഭൂമി തരണ"മെന്നും ചോദിച്ചാറെ, ഒരു ഭവനത്തിനു തക്കവണ്ണം ഭൂമി തരാമെന്നും പറഞ്ഞതിന്റെ ശേഷം സുബ്രഹ്മണ്യൻ കല്പിച്ചു ഒരു ഭവനത്തിനായ്ക്കൊണ്ടു തരണമെന്നില്ല. ഈ ശ ീ ര ാ ന ജ്ഞ കൊണ്ടത്രെ ഞങ്ങൾ വന്നതെന്നും കല്പിച്ചാറെ സമുദ്രരാജൻ ഭയപ്പെട്ടു പടിഞ്ഞാറെ സമുദ്രത്തിൽ അങ്ങേ വെണ്മഴവെട്ടത്തു കൈകൊണ്ടു കന്യാകുമാരിയിൽ നിന്നും എറിഞ്ഞാൽ എത്രദൂരം പോയിവീണാൽ അത്രയും ഭൂമിയാകുമെന്നും പറഞ്ഞു സമുദ്രരാജൻ പോയതിന്റെ ശേഷം പരശുരാമനോടു സുബ്രഹ്മണ്യൻ ഉപായകൗശലംകൊണ്ടും വിഷ്ണുമായ ചിന്തിച്ചിട്ടും വേണമെന്നും കല്പിച്ചു അതുകേട്ടു പരശുരാമൻ വെണ്മഴകൊണ്ടു പടിഞ്ഞാറെ സമുദ്രത്തിൽ വടക്കോട്ടു എറിഞ്ഞാറെ ഗോകർണ്ണത്തുചെന്നു വീഴുകയും ചെയ്തു നൂറുയോജന നീളം പത്തുയോജന വീതിയോടുംകൂടി ഭൂമി ഒണ്ടായി. പരശുരാമൻ സന്തോഷിച്ചിരിക്കുന്ന സമയത്തു ആകാശത്തുനിന്നും ദേവകൾ പരശുരാമന്റെ ശിരസ്സിൽ പുഷ്പംകൊണ്ടു വർഷിച്ചു സന്തോഷിച്ചു.

---

## അദ്ധ്യായം ൪

അതിന്റെ ശേഷം സുബ്രഹ്മണ്യനും പരശുരാമനും ഒന്നിച്ചു ഗോകർണ്ണത്തുചെന്നു ഒരു സംവത്സരം അവിടത്തന്നെ ഇരുന്നു ഗോകർണ്ണ

ത്തിങ്കലുള്ള ശ്രീപരമേശ്വരനെയും പൂജിച്ചുവരുമ്പോൾ ഒരുദിവസം മദ്ധ്യാഹ്നത്തുങ്കൽ സുബ്രഹ്മണ്യൻ പരശുരാമനോടു ദേവകളൊക്കയും ബ്രഹ്മാവിനോടും കൂടെ വരുന്നതുകണ്ടോ എന്നും കല്പിച്ചു ദേവകളൊക്കയും ഗോകർണ്ണത്തു വന്നിറങ്ങിയാറെ പരശുരാമൻ എല്ലാപേരെയും നമസ്കരിച്ചു ദേവകൾ എല്ലാപേരുംകൂടി ഭൂമിക്കു പേരിടണമെന്നു പറഞ്ഞാറെ അതിൻെറ ശേഷം ശ്രീപരമേശ്വരൻ കല്പിച്ചതു. പണ്ടു ഇന്ദ്രൻെറ പുത്രനായ ജയന്തനു കേരളൻ എന്നു പേരായിട്ടു പരാക്രമത്തോടുകൂടി ഒരു പുത്രനുണ്ടായി. ആ പുത്രനായിട്ടു സമുദ്രത്തിൻെറ പുത്രിയായി ഭൂമിസ്വരൂപിയായിരിക്കുന്ന ഇവളെക്കൊടുത്തു അവൻ രക്ഷിക്കകൊണ്ടും കേരളം എന്നു പേരുണ്ടായി. ഇപ്രകാരം കല്പിച്ചതിൻെറ ശേഷം വിഷ്ണുഭഗവാൻ പരശുരാമനോടു കല്പിച്ചതു്:—ഈ ഭൂമിയിൽ അധിപത്യം നിനക്കായിട്ടു കല്പിച്ചിരിക്കകൊണ്ടും ഈ ഭൂമിയിൽ നീയ് 249 ദേവാലയങ്ങൾ ഉണ്ടാക്കണം, ഞാൻ മുപ്പത്തുമുക്കോടി ദേവകളോടും ബ്രഹ്മാവിനോടും ശ്രീപരമേശ്വരനോടും കൂടെ നിൻെറ ഭൂമിയിൽ ഇരിക്കുന്നൊണ്ടെന്നും, എത്രകാലം ഈ ഭൂമിയിൽ ധൎമ്മങ്ങൾ ഉണ്ടെന്നാൽ അത്രകാലവും ദേവകളോടും കൂടെ ഞാൻ നിൻെറ ഭൂമിയിൽ ഇരിക്കുന്നൊണ്ടെന്നും ശ്രീനാരായണൻ കല്പിച്ചു. വിശേഷിച്ചും ദേവാലയങ്ങളിൽ ഒക്കെയും ധൎമ്മങ്ങൾ ചെയ്യണമെന്നും സുദൎശനമെന്നുള്ള ചക്രത്തെ ഈ ഭൂമിയിൽ പ്രതിഷ്ഠിക്കണമെന്നും കല്പിച്ചു. ചക്രത്തിനെ പരശുരാമൻെറ കയ്യിൽകൊടുത്തു ഈ ചക്രം പ്രതിഷ്ഠിക്കുന്ന ദിക്കിൽ ഞാൻ വരാമെന്നും കല്പിച്ചതിൻെറ ശേഷം ശ്രീപരമേശ്വരൻ ഋഷഭം എന്നുള്ള പേരായ കാളയെ പ്രതിഷ്ഠിച്ചു ആ ദേശത്തിനു ഋഷഭാദ്രി എന്നു പേരുമിട്ടു. ശ്രീമൂലസ്ഥാനമണ്ഡപവും ഉണ്ടാക്കണമെന്നു പരശുരാമനോടു കല്പിച്ചു എല്ലാ ദേവകളും പരശുരാമനു സഹായമായിട്ടു ഇരിക്കണമെന്നും സുബ്രഹ്മണ്യനോടു കല്പിച്ചതിൻെറ ശേഷം ബ്രഹ്മാവും ശ്രീനാരായണനും ശ്രീപരമേശ്വരനും ദേവകൾ എല്ലാപേരും പോകയും ചെയ്തു.

## അദ്ധ്യായം ൫

അവിടെ നിന്നും തെക്കേ ദിക്കിൽ വന്ന ശ്രീമൂലസ്ഥാനമണ്ഡപം ഉണ്ടാക്കി ഋഷഭത്തിനേയും ചക്രത്തിനേയും പ്രതിഷ്ഠിച്ചു കുറഞ്ഞൊരു ദിവസം അവിടെ പാൎക്കുമ്പോൾ ഈ ഭൂമിയിൽ ഈ ദേശം ഋഷഭാദ്രി പുരത്തിൽ എല്ലാന്നാളും സമ്പത്തു വൎദ്ധിക്കണമെന്നും പരശുരാമൻ തപസ്സു ചെയ്തുവരുന്നകാലത്തു നാരദമഹൎഷി അവിടെ വന്നു ദേവകൾ എല്ലാപേരും വരുന്നതു കണ്ടാലുമെന്നു പറഞ്ഞതിൻെറ ശേഷം ദേവകളും വിശ്വാമിത്രമഹൎഷി ഒഴിച്ചുള്ള മഹൎഷിമാരും ശ്രീമൂലസ്ഥാനമണ്ഡപത്തിൽ വന്നപ്പോൾ പരശുരാമൻ എല്ലാവരേയും പൂജിച്ചു നമസ്കരിച്ചുനിന്നാറെ പരശുരാമൻ വിചാരിച്ച കാൎയ്യം സാധിച്ചല്ലോ എന്നും എല്ലാപേരും കല്പിച്ചു പരശുരാമനു രാജ്യാഭിഷേകം ചെയ്തു.

---

## അദ്ധ്യായം ൬

അതിൻെറ ശേഷം ആകട്ടെ ദേവകളേയും മഹൎഷിമാരെയും പരശുരാമൻ നമസ്കരിച്ചു, എല്ലാപേരും ഇവിടത്തന്നെ വസിക്കണമെന്നു അപേക്ഷിച്ചാറെ പരശുരാമനോടു എല്ലാപേരും കൂടി കല്പിച്ചു ദേവാലയങ്ങളിലും ബ്രാഹ്മണരുടെ ഭവനങ്ങളിലും ദുൎഭിക്ഷം കൂടാതെ സമ്പത്തു വൎദ്ധിപ്പിച്ചു ബ്രാഹ്മണരെ കൂട്ടിക്കൊണ്ടുവന്നിരുത്തി അവൎക്കു ഒരു ദുഃഖംകൂടാതെ കണ്ടു ആക്കിയാലെ ദേവകളുടെ സാന്നിദ്ധ്യം ഉണ്ടാവൂ എന്നു പരശുരാമനോടു കല്പിച്ചതിൻെറ ശേഷം പടിഞ്ഞാറോട്ടുനോക്കി ശ്രീപരമേശ്വരനെ സ്വൎണ്ണസിംഹാസനം ഉണ്ടാക്കി പ്രതിഷ്ഠിച്ചു വില്വംകൊണ്ടും നല്ല പുഷ്പങ്ങൾകൊണ്ടും പൂജിച്ചു. ശ്രീപരമേശ്വരനു അഭിഷേകത്തിനായിക്കൊണ്ടു ഋഷഭത്തിൻെറ വടക്കേ ഭാഗത്തു ഒരുതീൎത്ഥം കൊക്കരണി ഉണ്ടാക്കി സൂൎയ്യഗ്രഹണത്തിലും ചന്ദ്രഗ്രഹണത്തിലും ആ വെള്ളത്തിനെ തലെക്കൽ അസ്വാരം തളിച്ചാൽ സ്വൎഗ്ഗത്തെ പ്രാപിക്കുമെന്നും കല്പിച്ചതിൻെറ ശേഷം ശ്രീപരമേശ്വരൻെറ കിഴക്കേ ഭാഗത്തു ശ്രീഭഗവതിയേയും ശ്രീപര

മേശ്വരന്റെ ഇടത്തുഭാഗത്തു കിഴക്കോട്ടുനോക്കി ഗണപതിയേയും പ്രതിഷ്ഠിച്ചു. അതിന്റെ വലത്തുഭാഗത്തു ശ്രീപരമേശ്വരനേയും ശ്രീനാരായണനേയും ഒരുമിച്ചു ശങ്കരനാരായണനേയും പ്രതിഷ്ഠിച്ചു. ശംഖ ചക്രത്തോടുകൂടെ ഇരിക്കുന്ന ഭഗവാനെ തുളസികൊണ്ടും വില്വം കൊണ്ടും പൂജിച്ചു ശ്രീരാമനേയും പടിഞ്ഞാറോട്ടുനോക്കി പ്രതിഷ്ഠിച്ചു. അതിന്റെ ശേഷം ഏഴ്മതിൽ നാലുഗോപുരം ശ്രീമൂലസ്ഥാനമണ്ഡപം ഇതൊക്കയും ഉണ്ടായതിന്റെ ശേഷം ത്രിശ്ശിവപേരൂർ എന്നു പേരുമിട്ടു അങ്ങാടിയും ഉണ്ടാക്കി മതിലിന്റെ നാലുപുറത്തും വലുതായിട്ടു നാലു കുളവും വെട്ടിച്ചു.

---

## അദ്ധ്യായം ൩

അതിന്റെ ശേഷം ദേവകൾ എല്ലാപേരും ബ്രഹ്മാവും ശ്രീപരമേശ്വരനും പോകയും ചെയ്തു. പിന്നെ പരശുരാമൻ സുബ്രഹ്മണ്യനോടുംകൂടെ ഭൂമികളെല്ലാം മലകളായിട്ടും കുന്നായിട്ടും ഇരിക്കകൊണ്ടും വെണ്മഴുവും കയ്യിൽ പിടിച്ചു വെട്ടിനിരത്തി സമമാക്കണമെന്നും നിശ്ചയിച്ചു പരശുരാമൻ പുറപ്പെട്ടതിന്റെ ശേഷം ഭൂമിദേവി അതു കേട്ടു സ്വർഗ്ഗത്തിലും ബ്രഹ്മാവിന്റെ അടുക്കലും ചെന്നു പറഞ്ഞു:— ശ്രീപരശുരാമൻ സമുദ്രത്തിൽ ഭൂമി ഉണ്ടാക്കിയതിന്റെ ശേഷം മലകളായിട്ടും കുന്നായിട്ടും ഇരിക്കകൊണ്ടും എന്നെ വെട്ടിനിരത്തുവാനായിട്ടു പുറപ്പെട്ടിരിക്കുന്നു ഇനിക്കു, ഏററവും സങ്കടമാകകൊണ്ടു രക്ഷിപ്പാറാകണം, എന്നു ഭൂമിദേവി പറഞ്ഞതിന്റെ ശേഷം സ്ത്രീകളുടെ സങ്കടം വേഗത്തിൽ തീക്കണമെന്നും വിചാരിച്ചു ബ്രഹ്മാവു വരുണനോടു നീ വേഗത്തിൽ ചെന്നു പരശുരാമനോടു പറഞ്ഞു ഭൂമിദേവിയുടെ സങ്കടം തീക്കണമെന്നും കല്പിച്ചു. വരുണൻ പരശുരാമന്റെ അടുക്കൽ ചെന്നു ഈ മലകളൊന്നും വെട്ടിനിരത്തരുതെന്നും അങ്ങേ ഭൂമിയിൽ എത്ര വഷം വേണമെങ്കിലും അത്രയും വഷിക്കാം ഈ പവ്വതങ്ങളിൽ ഒക്കെയും ഔഷധങ്ങളുണ്ട്. എല്ലാം ഭൂമികളിലേക്കായിലും ഈ ഭൂമിക്കു വിശേഷിച്ചും ഇടവമാസം ൧൫-ാനു-മുതൽ ആറുമാസം നിത്യമായിട്ടു വഷിക്കു

ന്നതും ഒണ്ടു; കേരളത്തിലുള്ള മാനുഷൎക്കു ഞാൻ ദുഃഖം കൂടാതെ കണ്ടു സുഖംവരുത്തുന്നതും ഒണ്ടു; കലിയുഗത്തിൽകൂടിയതു് കുന്നുംപിറത്തു നവധാന്യങ്ങൾ ഒണ്ടാക്കിയാൽ ഞാൻ വർഷിക്കുന്നതും ഒണ്ടു എന്നു സത്യവാചകം ചൊല്ലി; വരുണൻ പോയാറെ ശ്രീപരശുരാമൻ ശ്രീമൂലസ്ഥാനമണ്ഡപത്തിൽ വന്നു. എവിടെ പോകേണ്ടുവെന്നു വിചാരിക്കുന്നസമയത്തിൽ നാരദമഹർഷി അവിടെ വന്നു 'പരദേശത്തു ചെന്നു ബ്രാഹ്മണരെ കൂട്ടിക്കൊണ്ടു വരു' എന്നു പരശുരാമനോടു പറഞ്ഞാറെ ഉടനെ വൈശ്രവണനെച്ചെന്നുകണ്ടു ഒരു ഭണ്ഡാരദ്രവ്യം വാങ്ങിച്ചുകൊണ്ടുവന്നു ശ്രീമൂലസ്ഥാനത്തു സ്ഥാപിക്കയും ചെയ്തു. പരശുരാമൻ പരദേശത്തുവടക്കെ ദിക്കിൽ കൃഷ്ണതീരത്തിങ്കൽ ചെന്നു സഞ്ചരിച്ചാറെ ആ ഗ്രാമത്തിൽ ഒരു ബ്രാഹ്മണൻ ശ്രേഷ്ഠത്വം ഒ(ഉ)ണ്ടായും യോഗാഭ്യാസമൊണ്ടായും വേദശാസ്ത്രങ്ങൾ പഠിച്ചവനായും അതിദരിദ്രനായും ദയഒണ്ടായും അഗ്നിഹോത്രിയായും അദ്ദേഹത്തിന്റെസ്ത്രീ പാതിവ്രത്യതപോബലമൊണ്ടായും എട്ടു പുത്രന്മാരുണ്ടായും അവരു എല്ലാപേരും മഹാവിദ്വാന്മാരായും ബ്രഹ്മചര്യാശ്രമവ്രതത്തോടുംകൂടെ ഇരിക്കുന്ന ബ്രാഹ്മണന്റെ ഇല്ലത്തുചെന്നു പരശുരാമൻ അദ്ദേഹത്തിനെ നമസ്കരിച്ചു അന്നേരം ആ ബ്രാഹ്മണനും പരശുരാമനെ നമസ്കരിച്ചു പറഞ്ഞു:—'പരശുരാമ മഹാരാജാവു ഇവിടെവന്ന കാര്യസാധ്യമെന്തെന്നും ഞാൻ ദരിദ്രനാകകൊണ്ടും ഒന്നുംതരുവാൻ പ്രാപ്തി അല്ലാഴികകൊണ്ടും പോയാലുമന്നും നമുക്കു ദാരിദ്ര്യമൊണ്ടു അതുവേണമെങ്കിൽ തരാമെന്നും അല്ലാതെ ഒരുവകയില്ലന്നും ബ്രാഹ്മണൻ പറഞ്ഞതിന്റെ ശേഷം നമ്മുടെ രാജ്യത്തു വന്നാൽ സമ്പത്തും ശ്രേഷ്ഠത്വവും പുത്രന്മാൎക്കു ശ്രേഷ്ഠത്വവും തരാമെന്നു സത്യവാചകം പരശുരാമൻ പറകകൊണ്ടും ബ്രാഹ്മണനും സ്ത്രീയും പുത്രന്മാരും പുറപ്പെട്ടു പരശുരാമനോടും കൂടി കേരളത്തിൽ തൃശ്ശിവപേരൂർ വന്നാറെ പരശുരാമൻ ശ്രീമൂലസ്ഥാനമണ്ഡപത്തിൽ ബ്രാഹ്മണനെക്കൊണ്ടുവന്നിരുത്തി എല്ലാ ബ്രാഹ്മണൎക്കും അങ്ങു ഗുരുഭൂതനായിട്ടു ഇരിക്കണമെന്നും എല്ലാക്കാര്യത്തിന്നും ഇന്നപ്രകാരം വേണമെന്നു വിധിക്കുന്നതും എന്നാ സ്ഥാനവും കൊടുത്തു പടിഞ്ഞാറെ ചിറയുടെ കരെ മഠവും കെട്ടിയിരുത്തി യോഗിയാരെന്നു പേരുംകൊടുത്തു.

## അദ്ധ്യായം ൧൧

പിന്നെയും ബ്രാഹ്മണന്നു ഏറിയൊരു സമ്പത്തും കൊടുത്തു സ്ഥാനവിശേഷങ്ങൾ കൊടുത്തതു് എന്തെല്ലാം എന്നാൽ:—പല്ലക്കും, അകമ്പടിയും, ശംഖുവിളിയും, ശിഷ്യന്മാരും, ഈവകകൾ ഒക്കെയും കൊടുത്തു. അദ്ദേഹത്തിന്റെ പുത്രന്മാർ എട്ടുപേൎക്കും വെവ്വേറെ ഇല്ലവും കെട്ടിച്ചു എട്ടു ഇല്ലക്കാൎക്കു സ്ഥാനവലിപ്പം എന്തെന്നാൽ, അഷ്ടഗൃഹത്തിലാഢ്യന്മാരെന്നു പേരും കൊടുത്തു, കുത്തുവിളക്കും ശിഷ്യന്മാരും ശംഖുവിളിയുമാചാരങ്ങളും കൊടുത്തുയിരുത്തി പിന്നെയുംപരശുരാമൻ പരദേശത്തു കിഴക്ക ചോളദേശത്തു മദ്ധ്യാൎജ്ജുനഗ്രാമത്തിൽ ഋഗ്വേദി വാദ്ധ്യാനായിട്ടും വേദശാസ്ത്രങ്ങളിൽ സമൎത്ഥനായിട്ടും അതിദരിദ്രനായിട്ടുംഒരു ബ്രാഹ്മണൻ അവിടെച്ചെന്നു. ബ്രാഹ്മണനോടു നമ്മുടെ കേരളത്തിൽ വരണമെന്നും, പറഞ്ഞാറെ അദ്ദേഹംവും സ്ത്രീയും പുത്രന്മാരും ശിഷ്യന്മാരോടും കൂടെ പരശുരാമനും ഒന്നിച്ചു തൃശ്ശിവപേരുവിങ്കൽവന്നതിന്റെശേഷം ആ ബ്രാഹ്മണനുതൃശ്ശിവപേരൂർ വാദ്ധ്യാനായിട്ടു സ്ഥാനം കൊടുത്തു. ഇല്ലവും പണിയിച്ചു ഇരുത്തി. പിന്നെയും പരശുരാമൻ പരദേശത്തു കുംഭകോണഗ്രാമത്തിൽ ചെന്നു ഋഗ്വേദിയായും യജുർവേദിയായും സാമവേദിയായും ഉള്ള നൂററമ്പതു ബ്രാഹ്മണരെ കുഡുംബത്തോടും കൂടെ കൂട്ടിക്കൊണ്ടുവന്നു, ശ്രീമൂലസ്ഥാനമണ്ഡപത്തിൽ വന്നതിന്റെ ശേഷം അവിടെ തെക്കുഭാഗത്തു [1] പെരുമനെ എന്നഗ്രാമം കെട്ടി ആ ഗ്രാമത്തിൽ ബ്രാഹ്മണരെ കുഡുംബത്തോടു കൂടെ ഇരുത്തി സമ്പത്തും കൊടുത്തു പിന്നെ അമ്പതുപേരെ കുഡുംബത്തോടും കൂടെ [2] ചൊവ്വരഗ്രാമത്തിൽ ഉണ്ടാക്കിയിരുത്തി. സമ്പത്തും കൊടുത്തു ആ ഗ്രാമത്തിൽ ഒരു ക്ഷേത്രം ഉണ്ടാക്കി ദക്ഷിണാമൂൎത്തിയെ പ്രതിഷ്ഠിച്ചു.

---

1. കൊച്ചിയിൽ
2. ടി

## അദ്ധ്യായം ൧൨

എന്നതിന്റെ ശേഷം പരശുരാമൻ പിന്നെയും ഒരു ഗ്രാമം ഉണ്ടാക്കി ആ ഗ്രാമത്തിൽ ശ്രീനാരായണനേയും ശ്രീഭഗവതിയേയും പ്രതിഷ്ഠിച്ചു. വജ്രംകൊണ്ടും വൈഡൂര്യംകൊണ്ടും ക്ഷേത്രംപണിയും കഴിപ്പിച്ചു, ഗരുഡന്റെമീതെ പ്രതിഷ്ഠയും കഴിച്ചു. ആ മതിലകത്തു ഒരു തീർത്ഥത്തിൽ ശ്രീനാരായണൻ പ്രത്യക്ഷനായിട്ടു പരശുരാമൻ കണ്ടു നമസ്കരിച്ചതിന്റെ ശേഷം ശ്രീനാരായണൻ കല്പിച്ചു:—ഞാൻ ഉദ്ഭവിച്ച തീർത്ഥത്തിനെ [1] 'മത്സ്യതീർത്ഥ'മെന്നു ജനങ്ങൾ എല്ലാ പേരും പറയും. ഈ തീർത്ഥത്തിൽ സ്നാനംചെയ്കയും ഇനിക്കു ഏററവും പ്രീതിയായിട്ടുള്ള താമരപ്പൂമാലകൊണ്ടു പൂജിക്കയും വേണമെന്നും കല്പിച്ചു. ശ്രീനാരായണൻ എഴുന്നള്ളിയാറെ പരശുരാമൻ ഭക്തിയോടും കൂടെ മത്സ്യതീർത്ഥത്തിന്റെ കല്പടയും കെട്ടിച്ചു സ്നാനവും ചെയ്തു താമരപ്പൂമാലകൊണ്ടു പൂജിച്ചു ബ്രാഹ്മണരെ കുഡുംബത്തോടും കൂടെ ആ ഗ്രാമത്തിലിരുത്തി സമ്പത്തും കൊടുത്തു കൂടൽമാണിക്കമെന്നും ഇരിഞ്ഞാലക്കുടെ എന്നും ഗ്രാമത്തിന്നു പേരുമിട്ടു. പിന്നെയും പരശുരാമൻ പരദേശത്തു ശാലിവാഹനന്റെ രാജ്യത്തു ചെന്നു വേദശാസ്ത്രങ്ങൾ ഒക്കയും ഉണ്ടായും സമർത്ഥന്മാരായും ദരിദ്രവാന്മാരായും ഉള്ളതിൽ കുഡുംബത്തോടുകൂടെ ഇരുന്നൂറു ബ്രാഹ്മണരെ കൂട്ടിക്കൊണ്ടു ശ്രീമൂലസ്ഥാനത്തു വന്നു അഞ്ചുഗ്രാമമെന്നും ആറുഗ്രാമമെന്നും ഏഴുഗ്രാമമെന്നും ഒമ്പതാംഗ്രാമമെന്നും പത്തുഗ്രാമമെന്നും പേരിട്ടു. അവിടങ്ങളിലൊക്കയും ഗൃഹവുംകെട്ടി ഈ ബ്രാഹ്മണരെ എല്ലാപേരെയും ഇരുത്തി എല്ലാപേർക്കും സമ്പത്തും വെവ്വേറെ കൊടുക്കുകയും ചെയ്തു.

---

## അദ്ധ്യായം ൧൩

പിന്നെയും പരശുരാമൻ പരദേശത്തു മധുരയിൽ ചെന്നു ചില ബ്രാഹ്മണരെ കുഡുംബത്തോടുകൂട്ടി ശ്രീമൂലസ്ഥാനത്തു വന്നു വലിയ

---

1. കൊച്ചിയിൽ കൂടൽമാണിക്യക്ഷേത്രത്തിൽ മതിലകത്തുള്ള കുളത്തിന്നാണ് മത്സ്യതീർത്ഥമെന്നു പറയുന്നതു്,

ഗ്രാമമായിട്ടു പന്ത്രണ്ടുഗ്രാമമുണ്ടാക്കി പേരുമിട്ടു ഗ്രഹവുംകെട്ടിച്ചു ഇരുത്തി അവൎക്കു വേണ്ടുന്ന സമ്പത്തും കൊടുത്തു. അവിടെ പന്ത്രണ്ടു ദേവാലയവും തീൎത്തു ശ്രീനാരായണനേയും ശ്രീഭഗവതിയേയും സുബ്രഹ്മണ്യനേയും ശാസ്താവിനേയും സരസ്വതിയേയും ശ്രീരാമനേയും ശ്രീകൃഷ്ണനേയും കാട്ടാളമൂൎത്തിയേയും [1] വെവ്വേറെ പ്രതിഷ്ഠയും കഴിച്ചു. പരശുരാമൻ പിന്നെയും പരദേശത്തു വടക്കെദിക്കിൽ ആകാശത്തോടു കൂടി ഗോദാവപുരിയിങ്കൽ ചെന്നതിന്റെ ശേഷം ആയുധാഭ്യാസമുള്ള ബ്രാഹ്മണരെക്കണ്ടു അതിനു ബ്രാഹ്മണരേയും ഉത്തമബ്രാഹ്മണരായിരിക്കുന്ന ബ്രാഹ്മണരെ കുഡുംബത്തോടുകൂട്ടിക്കൊണ്ടുവന്നു പന്ത്രണ്ടുഗ്രാമമെന്നുതന്നെ പേരിട്ടു ഗ്രഹവും കെട്ടിക്കൊടുത്തു ഇരുത്തി അവൎക്കു വേണ്ടുന്ന സമ്പത്തും കൊടുത്തു ഇതുവെണ്ണം [2] ൬൪ ഗ്രാമം ഉണ്ടാക്കി ൬൪ ക്ഷേത്രവും ൬൪ തീൎത്ഥവും ഉണ്ടാക്കി ശ്രീമൂലസ്ഥാനത്തു ചെല്ലുകയും ചെയ്തു.

---

## അദ്ധ്യായം ൰൪

അവിടെ നിന്നും പരശുരാമൻ പരദേശത്തു ചെന്നാറെ ഒരു ക്ഷത്രിയനെക്കണ്ടു കോപിച്ചു കൊല്ലുവാനായിട്ടു വെണ്മഴവും കയ്യിലെടുത്തു അതിന്റെശേഷം ക്ഷത്രിയൻ കണ്ടുഭയപ്പെട്ടു ചെന്നുപറയുന്ന വചനം:—“ പരശുരാമമഹാരാജാവേ, അങ്ങു ഏറിയൊരു ക്ഷത്രിയന്മാരെക്കൊന്നതുപോലെ എന്നെയും കൊല്ലരുതു, എന്റെ സ്ത്രീക്കു ഗൎഭമായിരിക്കുന്നു അങ്ങു പറയുന്നതിനെകേട്ടു ഇരുന്നുകൊള്ളാ” മെന്നും പറഞ്ഞു കാക്കൽ നമസ്കരിച്ചതിന്റെ ശേഷം ‘പറയുന്നതിനെ കേട്ടിരിക്കാമെങ്കിൽ ഒരുദയവു വിചാരിച്ചു നിനക്കു ഒരു ജീവനമുണ്ടാക്കിത്തരാ’മെന്നും പറഞ്ഞു ഔഷധങ്ങളൊക്കയും പറിച്ചു ധാന്യങ്ങളുടെ വിത്തുകളും പശു, കാള എരുമ പക്ഷിമൃഗാദി പലവിധത്തിലുള്ള

---

1. ഈ സ്ഥലത്തിന്റെ പേര് പറയാത്തതു എന്തുകൊണ്ടാണാവോ.?
2. 64 ഗ്രാമങ്ങളുടെ ഉത്ഭവം വേറെവിധത്തിലും പറയുന്നുണ്ട്.

വാഴ മുതലായ കറിസ്സാധനങ്ങളുടെ വിത്തുകളും മാവു മുതലായ വൃക്ഷങ്ങളും പരദേശത്തുനിന്നും തോണിയിൽ കൊണ്ടുവന്നുവച്ചു ഇരുപത്തെട്ടു പ്രാവശ്യം ക്ഷത്രിയന്മാരേയും കൊണ്ടുവന്നു ഏറിയൊരു ശൂദ്രന്മാരേയും ചണ്ഡാലന്മാരേയും ആശാരി കൊല്ലൻ തട്ടാൻ ചെമ്പുപണിക്കാരൻ പാണ്ഡിയൻ ദാസികൾ ദാസന്മാരും ക്ഷൗരവൻ കുശവൻ ഇങ്ങനെയുള്ള ആളുകളെയും സസ്യാദികളേയും നവധാന്യങ്ങളേയും തോണിയിൽ കൊണ്ടുവന്നുവച്ചു പരശുരാമൻ പരദേശത്തുനിന്നും തോണിവഴിക്കു [1] കേരളത്തിൽ വന്ന ആളുകളെ ഒക്കെയും ഓരോദിക്കിലിരുത്തി നവധാന്യങ്ങൾ ഒക്കെയും ഓരോസ്ഥലത്തു സ്ഥാപിക്കയുംചെയ്തു പരശുരാമൻ ശ്രീമൂലസ്ഥാനത്തു വന്നു.

---

## അദ്ധ്യായം ൧൪

പിന്നെ ബ്രാഹ്മണരും നൂർ ഗ്രാമക്കാരോടും പരശുരാമൻ കല്പിച്ചു ഈ ഭൂമിയിൽ വച്ചു ദേവകൾക്കു പ്രീതിയായിട്ടു യാഗംചെയ്യണമെന്നും പറഞ്ഞതിൻെറ ശേഷം ഈ ഭൂമിയിൽ യാഗംചെയ്യാൻ യോഗ്യതപോരാ എന്നും ബ്രാഹ്മണരു പറഞ്ഞാറെ, പരശുരാമൻ സത്യലോകത്തുചെന്നു ബ്രഹ്മാവിനെ നമസ്കരിച്ചതിൻെറ ശേഷം ബ്രഹ്മാവു കല്പിച്ചത് പരശുരാമൻ വന്നകാര്യസാദ്ധ്യമെന്തെന്നും സുഖമായിരിക്കുന്നോ എന്നും കല്പിച്ചാറെ പരശുരാമൻ നമസ്കരിച്ചു അറിയിച്ചു:—അങ്ങു എൻെറ ഭൂമിയിൽ എഴുന്നള്ളി യാഗം ചെയ്യണമെന്നും അറിയിച്ചാറെ ബ്രഹ്മാവു കല്പിച്ചത് കേരളത്തിൽ തെക്കേദിക്കിൽ വേഗത്തിൽചെന്നു യാഗശാലകെട്ടിച്ചാൽ ഞാൻ വന്നു യാഗം കഴിക്കാമെന്നും കല്പിച്ചു ഉടനെ കേരളത്തിൽ തെക്കേദിക്കിൽ ചെന്നു യാഗശാല കെട്ടിച്ചതിൻെറ ശേഷം ബ്രഹ്മാവും വിഷ്ണുഭഗവാനും ശ്രീപര

---

1. എവിടെ നിന്നാണ് പുറപ്പെട്ടത് എന്നു് വ്യക്തമാക്കീട്ടില്ല—തോണിവഴിക്ക് കേരളത്തിലെത്താൻ വളരെക്കാലം പിടിച്ചിരിക്കണം.

മേശ്വരനും മുപ്പത്തുമുക്കോടിദേവകളോടും കൂടി മഹർഷിമാരോടും കൂടി വന്ന് ബ്രഹ്മാവു യാഗംകഴിച്ചു എല്ലാപേരും പോയാറെ ജനാർദ്ദന ഭഗവാൻ പരശുരാമനോടു കല്പിച്ചു:— "ഞാനും ദേവകളും നിൻെറ ഭൂമിയിൽതന്നെ ഇന്നെ ഇരിക്കാം. വിശേഷിച്ചും കറുത്തവാവുനാൾ മദ്ധ്യാഹ്നനേരത്തു സർവ്വപാപങ്ങളും നശിപ്പാനായിക്കൊണ്ടു സമുദ്ര ക്കരയിൽ ഒരു തീർത്ഥമൊണ്ടാക്കീട്ടുമുണ്ട്. ആ തീർത്ഥത്തിൽ സ്നാനം ചെയ്താൽ ബ്രഹ്മഹത്യാദികളായിരിക്കുന്ന പാപങ്ങളൊക്കെയും നശി ക്കയും ചെയ്യും ജനാർദ്ദനവിഭൂതി ധരിച്ചാൽ അവക്കു മൃത്യുഭയവുമില്ല. ഈ തീർത്ഥത്തിൽ പുണ്യകാലങ്ങളിൽ പിതൃതർപ്പണം ചെയ്താൽ രൗര വാദിയായിരിക്കുന്ന നരകങ്ങളിൽ കിടക്കുന്ന പിതൃക്കൾക്കൊക്കെയും മോക്ഷവും ലഭിക്കു"മെന്നു കല്പിച്ചു ശ്രീനാരായണൻ എഴുന്നള്ളിയാറെ പരശുരാമൻ ആ തീർത്ഥത്തിൽ സ്നാനവും ചെയ്തു മഹർഷിമാരെ ക്കൊണ്ടു ജനാർദ്ദനഭഗവാനെ പ്രതിഷ്ഠയും കഴിപ്പിച്ചു നൂറ ഗ്രാമക്കാ രെയും വരുത്തി കലശവും കഴിപ്പിച്ചു. ക്ഷേത്രം പണിയിച്ചു ശുദ്ധി വരുത്തിയതിൻെറ ശേഷം പരശുരാമൻ മകരമാസത്തിൽ കറുത്ത വാവുന്നാൾ ബ്രാഹ്മണക്കു ആയിരം പശുദ്ദാനവും ഏറിയൊരു ദ്രവ്യവും ദാനംകഴിച്ചു ശ്രീമൂലസ്ഥാനത്തു വരികയും ചെയ്തു.

---

## അദ്ധ്യായം ൧൩

പിന്നെയും കുറഞ്ഞൊരുകാലം പരശുരാമൻ വടക്കുന്നാഥൻ ശ്രീപരമേശ്വരനേയും സേവിച്ചു രാജ്യം പരിപാലനം ചെയ്തിരിക്കുന്ന കാലത്തു ചില ബ്രാഹ്മണരു(ർ)ഏറിയൊരു കാലംകൊണ്ടു കുഡുംബ ത്തോടുകൂടെ പരദേശത്തു അവരവരുടെ ദിക്കിനുപോയതിൻെറ ശേഷം പരശുരാമൻ ശേഷം ഒള്ള ബ്രാഹ്മണരെയും യോഗിമാരെയും ആഢ്യന്മാരെയും ശ്രീമൂലസ്ഥാനത്തു വരുത്തി കല്പിച്ചു:— ബ്രാഹ്മണ രുടെ ദാരിദ്ര്യം പോയതിൻെറ ശേഷം ഇങ്ങനെ പോയിത്തുടങ്ങിയാൽ ഇവിടെ ദ്രവ്യവും നശിക്കും ബ്രാഹ്മണരുപോയാൽ ഞാനെന്തുവേണ്ടു വെന്നും അറിഞ്ഞില്ലാ അവരു പോകാതെകണ്ടു ഇരിപ്പാനുള്ള ഉപാ യങ്ങൾ നിങ്ങൾതന്നെ ഒണ്ടാക്കണമെന്നും ബ്രാഹ്മണരോടു പറയു

മ്പോൾ ആ സമയത്തു നാരദമഹർഷി പരശുരാമനോടു പറഞ്ഞു ബ്രഹ്മാവിനെ വരുത്തി ശ്രീമൂലസ്ഥാനമണ്ഡപത്തിൽ വച്ചു് ആചാരങ്ങളൊക്കയും ഭേദം വരുത്തിക്കണം. എന്നാൽ ബ്രാഹ്മണരു പോകയില്ലാ എന്നും പറഞ്ഞതിന്റെ ശേഷം പരശുരാമൻ സത്യലോകത്തു ചെന്നു ബ്രഹ്മാവിനോടു പറയുന്നവചനം:—കേരളത്തിൽ ഒള്ള ബ്രാഹ്മണരു പരദേശത്തു പോകാതെ ഇരിപ്പാൻ ആചാരങ്ങളൊക്കെയും ഭേദം വരുത്തണം, പോകുന്നവരെ ജാതിയിൽക്കൂട്ടാതെയും ശേഷം ബ്രാഹ്മണൎക്കു ശ്രേഷ്ഠത്വവും പിന്നെ ഒള്ള ജാതികളുടെ മര്യാദയും ഭാഷയും വെവ്വേറെ വരുത്തിക്കണമെന്നും, പരശുരാമൻ പറഞ്ഞപ്പോൾ ബ്രഹ്മാവും മഹർഷിമാരും സന്യാസവേഷം ധരിച്ചു ശ്രീനാരായണനും ദേവകളും ശ്രീമൂലസ്ഥാനത്തെഴുന്നള്ളി നൂർ ഗ്രാമക്കാരരെയും വരുത്തി കല്പിച്ചതെന്തന്നാൽ:—കേരളത്തിലേക്കു [1] മലയാം ഭാഷയും ഒണ്ടാക്കി എല്ലാപേരും മുമ്പിൽ കുടുമ്മയും വൈപ്പിച്ചു ജാതകൎമ്മം മുതലായ കൎമ്മങ്ങൾക്കു ഭേദംവരുത്തി പതിനാറുവയസ്സിൽ സമാവൎത്തനം എന്നുള്ള കൎമ്മം കഴിപ്പിച്ചു ബ്രഹ്മചാരിവ്രതം പോകുമെന്നും കല്പിച്ചു, ബ്രഹ്മാവു എഴുന്നള്ളിയശേഷം വൈഖാനസൻ എന്ന മഹർഷി ചില ആചാരങ്ങൾക്കു ഭേദം വരുത്തി വേദംചൊല്ലുന്നതിൽ സ്വരഭേദവും ഒരു ഇല്ലത്തു മൂത്തമകനുമാത്രം വേളിമതിയെന്നും പൂണനൂലു ഒന്നുമതിയെന്നും ഇങ്ങനെ പലവിധത്തിൽ ഭേദം വരുത്തിയതിന്റെ ശേഷം പരശുരാമനായിട്ടു ബ്രാഹ്മണസ്ത്രീകൾക്കു ആചാരഭേദം വരുത്തിയതു് പാതിവ്രത്യത്തിനും ഒരു കുടയും ഒരു വൃഷളി മുമ്പെനടക്കയും വസ്ത്രം പുതെക്കയും ആഭരണങ്ങൾ [2] ചുരുക്കിയും ഇങ്ങനെ ആചാരഭേദം വരുത്തി.

---

1. മലയാളഭാഷയുടെ ഉത്ഭവം.
2. കേരളബ്രാഹ്മണരുടെ ആചാരം:—മറക്കുട പിടിക്കയും ഒരു ദാസി മുമ്പിൽനടക്കയും വേണമെന്നാണ് അവരുടെ ഇടയിൽ നടപ്പ്.

## അദ്ധ്യായം ൧൭

ശ്രീമൂലസ്ഥാനത്തു വന്ന സ്വാമിയാന്മാർക്കു മറങ്ങളും പണിയിച്ചു അവർക്കു ചില സ്ഥാനംകൊടുത്തതു എന്തെന്നാൽ:—ശംഖുവിളിയും പല്ലക്കും കുത്തുവിളക്കും [1] ദേവാലയങ്ങൾക്കു ആധിപത്യവും കൊടുത്തു.

---

## അദ്ധ്യായം ൧൮

ശ്രീപരശുരാമൻ ശ്രീമൂലസ്ഥാനമണ്ഡപത്തിൽ ഇരുന്നു രാജ്യവും രക്ഷിച്ചുവരികയും ചെയ്തു. ഗർഗ്ഗമഹർഷി ധർമ്മപുത്രരോടു പറയുന്ന വചനം:—"പണ്ടു വടക്കു പരദേശത്തു കാഞ്ചീപുരം ഗ്രാമത്തിൽ ഒരു ബ്രാഹ്മണൻ വിഷ്ണുഭക്തനായും അഗ്നിഹോത്രിയായും മഹാതപസ്സോടെ ഇരിക്കുന്നകാലത്തു തെക്കേസമുദ്രം ഈ ബ്രാഹ്മണനെ പരീക്ഷിപ്പാനായിക്കൊണ്ടു അദ്ദേഹത്തിൻെറ ഭവനത്തിൽ വെള്ളപ്പൊക്കമുണ്ടായതിൻെറ ശേഷം ഒരു മരത്തുണ്ടത്തിൽ കേറി മറുകരെയിറങ്ങുന്നതു പരശുരാമൻ കണ്ടു. ആ ബ്രാഹ്മണനെ പരശുരാമൻ നമസ്കരിച്ചു. അങ്ങു സമുദ്രത്തിൽ തരണംചെയ്കകൊണ്ടും സംസ്കൃതത്തിൽ തരണനെന്നുള്ള പേരുമിട്ടു അദ്ദേഹത്തിനെ കുഡുംബത്തോടുകൂടെ കൂട്ടിക്കൊണ്ടു ശ്രീമൂലസ്ഥാനത്തു വന്ന പരശുരാമൻ അദ്ദേഹത്തിനു ചില സ്ഥാനം കൊടുത്തതു്:—എന്തെന്നാൽ മലയാളത്തിൽ 249 ക്ഷേത്രത്തിൽ തന്ത്രിയായിട്ടു ഇരിക്കയെന്നും, പല്ലക്കും കുത്തുവിളക്കും ശിഷ്യരേയും കൊടുത്തു ഇവിടത്തെ ആചാരവും ആചരിപ്പിച്ചു ഇരിഞ്ഞാലക്കുടെ ഗ്രഹവും കെട്ടിക്കൊടുത്തു തരണനല്ലൂർ നമ്പൂതിരി [2] എന്നും നെടുംപള്ളിൽ ചോമാതിരി എന്നും പേരും 17 നാഴികവഴിരാജ്യം അദ്ദേഹത്തിനു ചെമ്പകശ്ശേരിയിൽ പരശുരാമൻ കൊടുക്കയും ചെയ്തു. ഗർഗ്ഗമഹർഷി ധർമ്മപുത്രരോടു കല്പിക്കുന്നതു് കേരളത്തിലെ ഒരു വൈഷ്ണവക്ഷേത്രത്തിലെ മാഹാത്മ്യം പറയാം. "പണ്ടു ഒരുദിവസം

---

1. സ്വാമിയാർക്കുള്ള ചിഹ്നങ്ങൾ.
2. ഈ ഇല്ലം തെക്കൻ കോട്ടയത്തിനു സമീപമാണു്.

അഗസ്ത്യമഹർഷി വൈകുണ്ഠത്തിൽ ശ്രീനാരായണനെ കാണ്മാനായിട്ടു ചെന്നാറെ ശ്രീഭഗവതി അഗസ്ത്യനായിക്കൊണ്ടു ശ്രീനാരായണൻെറ സമം ആയിരിക്കുന്നതിൽ ഒരു ബിംബം നാലുകയ്യോടുകൂടി ഇരിക്കുന്ന വിഷ്ണുബിംബത്തിനെ കൊടുത്തു ബിംബവുംകൊണ്ടു അഗസ്ത്യമഹർഷി അവിടെനിന്നും പുറപ്പെട്ടു. കാഞ്ചീപുരം ഗ്രാമത്തിൽ പുഷ്കരൻ എന്ന ബ്രാഹ്മണൻെറ ഗൃഹത്തിൽ വന്നു ഈ ബിംബത്തിനേയും കൊടുത്തു. ബ്രാഹ്മണൻ വച്ചു പൂജിച്ചാൽ സകലസമ്പത്തും പുത്രന്മാരും ഉണ്ടായി സുഖമായിരിക്കുന്ന സംഗതിയിൽ ഒരുദിവസം ദേവേന്ദ്രനും നാരദമഹർഷിയും കൂടി സഞ്ചരിച്ചുവന്നതിൻെറ ശേഷം പുഷ്കരൻ എന്നുള്ള ബ്രാഹ്മണൻെറ ഗൃഹത്തിൽ വന്നാറെ അദ്ദേഹം പൂജചെയ്യുന്ന സമയത്തു ആ വിഷ്ണുബിംബത്തിനെ ദേവേന്ദ്രൻ കണ്ടു. നാരദനോടു ചോദിച്ചു:—വൈകുണ്ഠത്തിൽ സാക്ഷാത് വിഷ്ണുവിനെപ്പോലെയുള്ള ബിംബം ഈ ബ്രാഹ്മണനു എങ്ങനെ കിട്ടി എന്നു സന്തോഷിച്ചു ചോദിച്ചതിൻെറ ശേഷം നാരദൻ പറയുന്നവചനം:-"വൈകുണ്ഠത്തിൽ നിന്നും ശ്രീഭഗവതി അഗസ്ത്യനായിക്കൊണ്ടു കൊടുത്ത വിഷ്ണുബിംബം അഗസ്ത്യൻ പുഷ്കരനു കൊടുക്കകൊണ്ടും പുഷ്കരൻ പൂജിച്ചു എല്ലാപേരും വൎദ്ധിച്ചുവരുന്നതെന്നും ഇതുപോലെയുള്ള ബിംബം കിട്ടുകയില്ലെന്നും ഈ ബിംബം കൈക്കലാക്കിയാൽ ഏററവും വിശേഷമുണ്ടെന്നും നാരദൻ പറഞ്ഞുപോയതിൻെറ ശേഷം അന്നു അസ്തമിച്ചു പുഷ്കരൻ ഉറങ്ങുന്നസമയത്തു ദേവേന്ദ്രൻ ബിംബത്തെ വ്യാജേന എടുത്തു വരുണൻെറ പററിൽ കൊടുത്തു പോകയുംചെയ്തു. എന്നതിൻെറ ശേഷം വരുണൻ പടിഞ്ഞാറെസമുദ്രത്തിൻെറ നടുവിൽ പത്മതീൎത്ഥത്തിൽ പ്രതിഷ്ഠിച്ചു. പിന്നെ ദേവേന്ദ്രൻ ദേവലോകത്തുനിന്നും ഐരാവതത്തിൻെറ പുറത്തു കേറി ദിവസംതോറും വന്നുപൂജിക്കയും ദേവലോകത്തുപോകയും ചെയ്യും.

---

### അദ്ധ്യായം ൧൯

പിന്നത്തെതിൽ പുഷ്കരൻ എന്ന ബ്രാഹ്മണൻ പിറെറദിവസം കാലത്തു താൻ പൂജിച്ചിരുന്നബിംബത്തെ കാണായ്കകൊണ്ടു ദുഃഖിച്ചു :-

ഞാൻ ഏറിയൊരുകാലമായി പൂജിച്ചിരുന്നബിംബത്തെ കണ്ടില്ലല്ലോ എന്നു സന്താപപ്പെട്ടു മനസ്സുകൊണ്ടു ശ്രീനാരായണനെ ധ്യാനിച്ചു. ഞാൻ പൂജിച്ചിരുന്നബിംബം ഇനിക്കു കിട്ടുമോ ഇല്ലയോ എന്നു വിചാരിച്ചു ഉപവസിച്ചു രാത്രിയിൽ ഉറങ്ങുമ്പോൾ സ്വപ്നത്തിൽ ശ്രീനാരായണൻ പുഷ്കരനോടു കല്പിച്ചതു് എന്തെന്നാൽ :- നാളെക്കു തെക്കോട്ടു നോക്കി നടന്നാൽ ഞാൻ പോകുന്നവഴി താമരപ്പൂമാല വഴിനീളെ കാണുകയും ചെയ്യുമെന്നും കല്പിച്ചെഴുന്നള്ളിയ പ്രകാരം സ്വപ്നത്തിൽ കാണുകകൊണ്ടും ബ്രാഹ്മണൻ പിറെറദിവസം കാലത്തു സന്തോഷത്തോടുംകൂടെ തെക്കോട്ടുനോക്കി നടന്നാറെ, താമരപ്പൂമാലകണ്ടു നടന്നു ചെല്ലുമ്പോൾ സഹ്യപർവതംവരെ നടന്നാറെ ഭഗവാനെ കാണാഴികകൊണ്ടും ദുഃഖിച്ചുവരുമ്പോൾ പടിഞ്ഞാറെ സമുദ്രക്കരയിൽ ശംബരമഹർഷി തപസ്സുചെയ്യുന്നതു കണ്ടു ബ്രാഹ്മണൻ ചെന്നു നമസ്കരിച്ചു ഇവിടെ തപസ്സുചെയ്യുന്നതു എന്തെന്നു ചോദിച്ചാറെ മഹർഷി പറയുന്നവചനം :- "ദ്വാപരയുഗത്തിൽ ശ്രീകൃഷ്ണനും ബലഭദ്രനും നൃത്തം ഒണ്ടായപ്പോൾ ആ നൃത്തം അച്ഛൻ വസുദേവനും അമ്മ ദേവകിയും കണ്ടതിൻെറ ശേഷം കംസൻ ഇവരു രണ്ടുപേരെയും ബന്ധപ്പെടുത്തിയാറെ പിന്നെ ശ്രീകൃഷ്ണൻ നന്ദഗോപൻെറ ഗൃഹത്തിൽ വച്ചത്രെ നൃത്തം ഒണ്ടായതു്. കംസനെ ശ്രീകൃഷ്ണൻ തന്നെകൊല്ലുകയും ചെയ്തു. പിന്നെ കുറഞ്ഞൊരുദിവസം കഴിഞ്ഞാറെ ശ്രീകൃഷ്ണൻ സ്വർഗ്ഗാരോഹണം കാലമായപ്പോൾ അച്ഛനും അമ്മയും കണ്ടു :- നിങ്ങൾക്കു എന്തു വരം വേണ്ടു എന്നു കല്പിച്ചാറെ അച്ഛനും അമ്മയും പറയുന്നവചനം :- നന്ദഗോപൻെറ ഭവനത്തിൽവച്ചു നീയും ബലഭദ്രനും കൂടി നൃത്തം ഒണ്ടായത് ഞങ്ങൾ കാണായ്കകൊണ്ടും ആ നൃത്തം നീയും ബലഭദ്രനും കൂടി ബാലന്മാരായിട്ടു കളിക്കുന്നത് ഞങ്ങൾക്കു കാണണമെന്നു പറഞ്ഞപ്പോൾ ശ്രീകൃഷ്ണൻ കല്പിച്ചു. സഹ്യപർവ്വതത്തിൻെറ പടിഞ്ഞാറെഭാഗത്തു തളിപ്പറമ്പിൻെറ കിഴക്കേഭാഗത്തു ശംബരമഹർഷിയുടെ ഭവനത്തിൽ ഒരു ദുർഗ്ഗാഭഗവതി ഒണ്ടു. ആ ഭഗവതിയേയും പൂജിച്ചിരുന്നാൽ വരാമെന്നും കല്പിച്ചു വൈകുണ്ഠത്തിലേയ്ക്കു സ്വർഗ്ഗാരോഹണമായിട്ടു എഴുന്നൊള്ളുകയും ചെയ്തു.

## അദ്ധ്യായം ൨൦

പിന്നെ വസുദേവരും ദേവകിയും ഇവിടെ വന്നു ഭഗവതിയേയും സേവിച്ചുകൊണ്ടു ശ്രീകൃഷ്ണന്റെ വരവുംനോക്കി അവരും ഞാനുംകൂടെ ഇരുന്നാറെ കാണാഴികകൊണ്ടും പിന്നെയും ഭഗവതിയെയും സേവിച്ചു വരുന്നുവെന്നു ശംബരമഹർഷി പുഷ്കരനോടു പറഞ്ഞപ്പോൾ പുഷ്കരൻ പറയുന്നവചനം:— " ഞാൻ വന്നകാര്യം പറയാം കേൾക്കണമെന്നും വൈകുണ്ഠത്തിൽനിന്നും അഗസ്ത്യമഹർഷി ഇനിക്കു ഒരു ബിംബം കൊണ്ടുവന്നു തന്നാറെ ഞാൻ പൂജിച്ചുവരുമ്പോൾ ഒരു ദിവസം രാത്രി ദേവേന്ദ്രൻ വന്നു ആ ബിംബം കൊണ്ടുപോയ്ക്കളക കൊണ്ടും ഞാൻ ദുഃഖിച്ചു ധ്യാനിച്ചുകൊണ്ടു ഉറങ്ങുമ്പോൾ സ്വപ്നത്തിൽ ശ്രീനാരായണൻ എഴുന്നെള്ളി കല്പിച്ചു തെക്കോട്ടു നടന്നാൽ താമരപ്പൂമാലകാണാമെന്നും ആ വഴിക്കുവന്നാൽ എന്നെക്കാണാമെന്നും കല്പിച്ചു എഴുന്നള്ളിയശേഷം പിറെറദിവസം തെക്കോട്ടുനോക്കി നടന്നാറെ താമരപ്പൂമാല കണ്ടുതുടങ്ങി ആ വഴിയെ വരികയുംചെയ്തു. ഇനി മഹർഷി കല്പിക്കുന്നതുപോലെ കേൾക്കാമെന്നും ബ്രാഹ്മണൻ പറഞ്ഞാറെ മഹർഷി കല്പിക്കുന്നതു എന്തെന്നാൽ പരശുരാമൻ പടിഞ്ഞാറെ സമുദ്രത്തിൽ ഭൂമി ഉണ്ടാക്കുമ്പോൾ ഇതിനു ഒരു നിദാനം വരുമെന്നും അത്രനേരവും ബ്രാഹ്മണൻ ഇവിടെ തപസ്സുചെയ്തു പാൎക്കേണ്ടു എന്നും കല്പിക്കകൊണ്ടു അതിന്മണ്ണം ബ്രാഹ്മണൻ തപസ്സോടു കൂടി അവിടെ പാൎക്കുമ്പോൾ പരശുരാമൻ സമുദ്രത്തിൽ ഭൂമി ഉണ്ടാക്കി. ഓരോ ദേവാലയങ്ങളും ബ്രാഹ്മണൎക്കു ഗ്രാമങ്ങളും കെട്ടിച്ചു സഞ്ചരിക്കുമ്പോൾ പുഷ്കരൻ എന്ന ബ്രാഹ്മണൻ അവിടെനിന്നും പടിഞ്ഞാറോട്ടു പുറപ്പെട്ടപ്പോൾ പിന്നെയും താമരപ്പൂമാല പോകുന്നതുകണ്ടു. ആ വഴിക്കുതന്നെ പോയാറെ [1] ഏഴിമലയിൽചെന്നു കയറിയപ്പോൾ മോഹനൻ എന്നു പേരായിട്ടുള്ള ഗന്ധൎവ്വൻ ഏഴു സ്ത്രീകളോടും കൂടെ ഇരിക്കുന്നതു കണ്ടു ഇവിടെ ഇരിക്കുന്നതു എന്തൊരു കാര്യമായിട്ടെന്നും ബ്രാഹ്മണൻ ചോദിച്ചാറെ ഗന്ധൎവ്വൻ പറയുന്ന

---

1. വടക്കേ മലയാളത്തിൽ

വചനം:— "പണ്ടു ത്രേതായുഗത്തിൽ ദശരഥമഹാരാജാവിന്റെ പുത്രൻ ശ്രീരാമന്റെ സ്ത്രീ സീതയെ രാവണൻ മോഷ്ടിച്ചുകൊണ്ടു പോയാറെ വാനരപ്പടയോടുംകൂടെ ശ്രീരാമൻ സേതുബന്ധിച്ചു ലങ്കയിൽചെന്നു യുദ്ധംചെയ്യുമ്പോൾ ഇന്ദ്രജിത്തു നാഗാസ്ത്രംപ്രയോഗിച്ചതിനെതിർപാനായിട്ടു പൌരമന്ത്രിയായിരിക്കുന്ന ശ്രീഹനുമാൻ ക്ഷീരസമുദ്രക്കരെച്ചെന്നു മൃതസഞ്ജീവനിപർവ്വതം കൊണ്ടുവന്നു എല്ലാവെക്കും മോഹവും തെളിഞ്ഞാറെ ശ്രീരാമൻ ഹനുമാനോടു കല്പിച്ചു ഈ പർവ്വതം മുമ്പേ ഇരുന്നദിക്കിൽ കൊണ്ടുചെന്നു വെക്കണമെന്നും കല്പിച്ചതുകേട്ടു ഹനുമാൻ എടുത്തു കൈകൊണ്ടുപർവ്വതത്തിനെ എറിഞ്ഞപ്പോൾ പർവ്വതംപോകുന്നവഴിക്കു അതിൽ കുറഞ്ഞൊന്നു അടന്നു ഏഴുമുറിയായിട്ടു സമുദ്രത്തിൽ വീഴുകയാൽ ഏഴിമലയെന്നു പേരുണ്ടായി ഈ മലയിൽ [1] വിശല്യകരണി മുതലായ ദിവ്യൌഷധങ്ങൾ ഉണ്ടാകകൊണ്ടത്രേ ഞാൻ സ്ത്രീകളോടുംകൂടിയിരിക്കുന്നതു. ഈ മലയിലുള്ള കാററു എത്രദൂരംപോകുന്നു എന്നാൽ അവിടങ്ങളിൽ ഉള്ളവെക്കു വ്യാധികൾ ബാധിക്കുകയില്ലാ" എന്നും ഗന്ധർവ്വൻ പറഞ്ഞപ്പോൾ ബ്രാഹ്മണൻ ഏററവും സന്തോഷിച്ചു താമരപ്പൂമാല പോകുന്നവഴിയെ പുറപ്പെട്ടു ഏഴിമലയുടെ വടക്കുപുറത്തു ചെന്നുസഞ്ചരിക്കുമ്പോൾ വൈകുണ്ഠംപോലെ സാന്നിധ്യം ഉള്ളതിൽ ഒരുതീർത്ഥം കണ്ടു പ്രദക്ഷിണംവച്ചു നമസ്കരിച്ചാറെ നാരദമഹർഷിയെക്കണ്ടു ഐരാവതത്തിന്മേൽ കേറിക്കൊണ്ടു ദേവേന്ദ്രനും വന്നിറങ്ങി ആ തീർത്ഥത്തിൽ സ്നാനംചെയ്തു ശ്രീനാരായണനെ സ്തുതിയും പൂജിച്ചു പ്രദക്ഷിണംവച്ചു നമസ്കരിച്ചുപോയതു ബ്രാഹ്മണൻ കണ്ടു ആ തീർത്ഥത്തിൽ സ്നാനം ചെയ്തു ശ്രീനാരായണനെ സ്തുതിച്ചുകൊണ്ടുനില്ക്കുമ്പോൾ തീർത്ഥത്തിന്റെ സാന്നിദ്ധ്യം കണ്ടു പരശുരാമൻ അവിടെ വന്നു പുഷ്കരൻ എന്ന ബ്രാഹ്മണനെ കണ്ടു നമസ്കരിച്ചു എവിടെനിന്നും വരുന്നു എന്നു ചോദിച്ചാറെ "ഞാൻ കാഞ്ചിപുരം ഗ്രാമത്തിൽനിന്നു വരുന്നു എന്നും വൈഷ്ണവബിംബം പോയ അവസ്ഥകളും ഇവിടെ വന്നാറെ ദേവേന്ദ്രൻ വന്നു പൂജിച്ചുപോയപ്രകാരവും പറഞ്ഞപ്പോൾ "ഉപ

---

1. ഒരു മരുന്നിന്റെ പേർ

വസിച്ചു ദുഃഖിക്കാതെ ഭക്ഷണംകഴിക്കേവേണ്ടുവെന്നും'' പറഞ്ഞപ്പോൾ ബ്രാഹ്മണൻ ബിംബംകിട്ടിയല്ലാതെ ഭക്ഷിക്കയില്ലെന്നും പറഞ്ഞതിൻെറശേഷം ആ പദ്മതീൎത്ഥത്തിൻെറ പടിഞ്ഞാറെക്കരെ വിശേഷമായിട്ടു ക്ഷേത്രം പണിയിച്ചു സ്വൎണ്ണംകൊണ്ടു പീഠവുംവച്ചു 64 ഗ്രാമക്കാരേയും വരുത്തി പരശുരാമൻ പ്രതിഷ്ഠിപ്പാനായ്ക്കൊണ്ടു നിശ്ചയിച്ചപ്പോൾ പദ്മതീൎത്ഥത്തിൽ [1] ദേവകളോടുംകൂടി ഭഗവാനെ പ്രത്യക്ഷമായിട്ടു കണ്ടു പരശുരാമൻ നമസ്കരിച്ചു എൻെറ ഭൂമിയും ബ്രാഹ്മണരെയും രക്ഷിക്കണമെന്നും അപേക്ഷിച്ചാറെ ചിങ്ങമാസം തിരുവോണത്തുന്നാളിൽ ഈ തീൎത്ഥത്തിൽ സ്നാനംചെയ്തു ബ്രാഹ്മണഭോജനവും പിതൃതൎപ്പണവും കഴിച്ചാൽ സ്വൎഗ്ഗത്തെ പ്രാപിക്കുമെന്നും കല്പിച്ചു ദേവകളോടും ഭഗവാൻ എഴുന്നള്ളിയാറെ പരശുരാമൻ സ്നാനംചെയ്തു.

---

## അദ്ധ്യായം ൨൧

വിഷ്ണുബിംബത്തെ എടുക്കേണ്ടും പ്രകാരം പരശുരാമൻ നാരദനോടു കല്പിച്ചു പുഷ്കരൻ എന്ന ബ്രാഹ്മണനെക്കൊണ്ടു തീൎത്ഥത്തിൽനിന്നും ബിബം എടുപ്പിച്ചു പരശുരാമൻ വാങ്ങിച്ചു 64 ഗ്രാമക്കാരോടും യോഗിമാരോടും കൂടി പടിഞ്ഞാറെക്കരെ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു തരണനല്ലൂരേക്കു തന്ത്രവും കൊടുത്തപ്പോൾ പുഷ്കരൻ പരശുരാമനോടു ചോദിച്ചു ഈ ക്ഷേത്രത്തിൽ എൻെറ ബിംബത്തിനെ ഞാൻ പൂജിച്ചുതരാമെന്നും പറഞ്ഞാറെ കേരളബ്രാഹ്മണരുടെ മൎയ്യാദയും ആചാരങ്ങളും അനുസരിക്കാമെങ്കിൽ ക്ഷേത്രവും തന്ത്രവും തരാമെന്നു പരശുരാമൻ പറഞ്ഞപ്പോൾ "ഇനിക്കു അങ്ങേ ക്ഷേത്രവും തന്ത്രവും വേണ്ടാ എന്നു ഞാൻ കേരളബ്രാഹ്മണരുടെ ആചാരമനുസരിക്കയില്ലന്നും എൻെറ ബിംബത്തിനെ തരണ"മെന്നും കാഞ്ചീപുരം ഗ്രാമത്തിൽ പൊയ്ക്കൊള്ളാമെന്നും ബ്രാഹ്മണൻ പറഞ്ഞാറെ

---

1. തൃച്ചംബരമാണെന്നു തോന്നുന്നു.

അങ്ങു പോകെവേണ്ടു എന്നും ക്ഷേത്രവും ഭൂമിയും ബിംബവും ഇനിക്കു ള്ളതെന്നും ചിങ്ങമാസം തിരുവോണത്തുന്നാൾ ഈ ക്ഷേത്രത്തിൽ വച്ചു ഞാൻ ബ്രാഹ്മണൎക്കു ഭക്ഷണംകൊടുത്താൽ ആ സമയത്തു ഭഗവാനെ പ്രത്യക്ഷമായിട്ടു കണ്ടാൽ ഇനിക്കു എന്നും കന്നിമാസം തിരുവോണത്തുന്നാൾ ഈ ക്ഷേത്രത്തിൽ വെച്ചു അങ്ങു ബ്രാഹ്മണ ഭോജനം ചെയ്താൽ അന്നുഭഗവാൻ പ്രത്യക്ഷമായാൽ അങ്ങേപേക്കും ഇതിൻവണ്ണം എന്നു പറഞ്ഞു തിരുവോണത്തുന്നാൾ പരശുരാമൻ ബ്രാഹ്മണഭോജനം കഴിച്ചാറെ പ്രത്യക്ഷമായിട്ടു കാണാഴികകൊണ്ടു പരശുരാമൻ ദുഃഖിച്ചതിൻെറശേഷം കന്നിമാസം തിരുവോണത്തുന്നാൾ പുഷ്കരൻ ബ്രാഹ്മണഭോജനം കഴിക്കുമ്പോൾ ശ്രീനാരായണനെ പ്രത്യക്ഷമായിട്ടു മണ്ഡപത്തിൽ എഴുന്നള്ളിക്കണ്ടപ്പോൾ പുഷ്കരൻ പ്രസാദിച്ചു ഭഗവാനെ പൂജിച്ചു ദീപാരാധനയും കഴിച്ചു അന്നു ഉപവസിച്ചു പിറെറദിവസം ഭക്ഷണം കഴിച്ചതിൻെറശേഷം പരശുരാമൻ പുഷ്കരനായ്ക്കൊണ്ടു ആ ക്ഷേത്രത്തിനേയും ദാനംചെയ്തു ക്ഷേത്രകാര്യവും സ്ഥാനക്കാരനേയും ആചാരങ്ങളും കുത്തുവിളക്കും ശിഷ്യന്മാരും അഷ്ടൈശ്വര്യവും അനവധി സമ്പത്തും കൊടുത്തു ഏഴിമലയുടെ വടക്കുപുറത്തു ശ്രീമഹാദേവനെ പ്രതിഷ്ഠിച്ചു പരശുരാമൻ സുബ്രഹ്മണ്യനെ നമസ്കരിക്കയും ചെയ്തു.

---

## അദ്ധ്യായം ൨൨

പിന്നെ തെക്കേദിക്കിൽ പയ്യന്നൂർ[1] വന്നു എത്രയും വലുതായിട്ടും മനോഹരമായിട്ടും ഒരു ക്ഷേത്രം പണിയിച്ചു സ്വൎണ്ണസിംഹാസനത്തുന്മേൽ സുബ്രഹ്മണ്യനെ പ്രതിഷ്ഠിച്ചു പൂജിക്കയും ചെയ്തു. ഇവിടെ തുലാമാസത്തിൽ ബ്രാഹ്മണഭോജനവും വൃശ്ചികമാസത്തിൽ ഉത്സവവുംകഴിച്ചു വിശേഷമായിട്ടു ഊട്ടുപുരയും കെട്ടിച്ചു[2] ഓട്ടു

---

1. പയ്യന്നൂർ തെക്കോ ?

2. ഏതു് ഓടിനേയാണു് ഇവിടെ സൂചിപ്പിക്കുന്നതു് ? കാലം !

കൊണ്ടും ചെമ്പുകൊണ്ടും പലവിധത്തിലുള്ള പാത്രങ്ങളും ഉണ്ടാക്കി പായസം പാല്പായസം മുതലായവകൾ നിവേദ്യാദികളും പഞ്ചസാര മുതലായ ഭക്ഷണാൎത്ഥങ്ങളും കറിസ്സാധനങ്ങൾ വേണ്ടുന്നതൊക്കയും വരുത്തി പണ്ടു വസിഷ്ഠമഹൎഷി വിശ്വാമിത്രനായ്ക്കൊണ്ടു [1] എങ്ങനെ ചെയ്തു അതുപോലെ ബ്രാഹ്മണഭോജനം കഴിക്കുമ്പോൾ ബ്രാഹ്മണരുടെ നടുവിലിരുന്ന സുബ്രഹ്മണ്യനും ഭക്ഷിക്കുമ്പോൾ പരശുരാമൻ സുബ്രഹ്മണ്യനോടു പറഞ്ഞു "അങ്ങ എന്നെച്ചൊല്ലി ഏറിയൊന്ന ദുഃഖിച്ചുവല്ലോ ഇനി സൌഖ്യമായിട്ടു ഭക്ഷിക്കണമെന്ന" പറഞ്ഞപ്പോൾ ദേവകൾ പുഷ്പവൃഷ്ടി ചെയ്തു ദേവസ്ത്രീകൾ ഏറിയൊരു ആഭരണവും കെട്ടിവന്ന സന്തതിയ്ക്കായ്ക്കൊണ്ടു ബ്രാഹ്മണരു ഭക്ഷിച്ച ഇലയിൽ ശേഷിച്ചതൊക്കയും ഭക്ഷിച്ചു ദേവലോകത്തു പോകയും ചെയ്തു.

---

## അദ്ധ്യായം ൨൨

പിന്നെയും സുബ്രഹ്മണ്യൻ പരശുരാമനോടു കല്പിച്ചു തുലാമാസത്തിലും വൃശ്ചികമാസത്തിലും ഇതുപോലെ കാലംതോറും ബ്രാഹ്മണഭോജനം കഴിക്കണമെന്നും കല്പിച്ചെഴുന്നള്ളിയശേഷം തരണനല്ലൂരേക്കു തന്ത്രവും കൊടുത്തു മൂഷികക്ഷത്രിയന്ന [2] ഊരാണ്മയും കൊടുത്തു ആ ക്ഷേത്രത്തിന്റെ വടക്കുഭാഗത്തു ൫൦ നാഴിക വഴി രാജ്യം സുബ്രഹ്മണ്യസ്വാമിക്കു പൂജക്കായിട്ടു കൊടുത്തു പരശുരാമൻ അവിടെനിന്നും കുറെ വടക്കോട്ടുപോയപ്പോൾ കപിലൻ എന്ന മഹൎഷി അദ്ദേഹത്തിന്റെ ആശ്രമത്തിൽ അഗ്നിഹോത്രം ചെയ്യുമ്പോൾ അസുരന്മാരു വന്ന അദ്ദേഹത്തിന്റെ പശുക്കളെക്കൊന്ന ആ മാംസങ്ങ(ളു)ം ചോരയും അഗ്നിഹോത്രത്തിൽ വൎഷിക്കുന്നതു കണ്ടു ഭദ്രകാളി വന്ന അസുരന്മാരെ നിഗ്രഹിച്ചപ്പോൾ പരശുരാമൻ കണ്ടു ആ ദിക്കിൽ ശ്രീപരമേശ്വരനേയും പ്രതിഷ്ഠിച്ചു ഭദ്രകാളിയെ നമസ്കരിച്ചപ്പോൾ ഭദ്രകാളി കല്പിച്ചതു "നിന്റെ ഭൂമിയും രക്ഷിച്ചുകൊണ്ടു ഞാൻ

---

1. പുരാണ കഥ.
2. ഇപ്പോഴത്തെ കോട്ടയമാണിത്.

ഇവിടെത്തന്നെ ഇരിയ്ക്കാം പ്രതിഷ്ഠയും ചെയ്തു നീചന്മാരുടെ ആചാരമായിട്ട് മധുമാംസംകൊണ്ടു പൂജിച്ചാൽ നിന്റെ രാജ്യത്തു ശത്രുക്കൾ വന്നാൽ അവരെക്കൊല്ലുന്നതൊണ്ടെ"ന്നും ഭദ്രകാളി കല്പിച്ചാറെഅത്രി ന്മണ്ണം പരശുരാമൻ ഭദ്രകാളിയെ പ്രതിഷ്ഠിച്ചു മദ്യംകൊണ്ടു പൂജിക്കുന്നതിനഅടിക [1]ളെന്നു പേരായിട്ടുള്ളവരെയുമാക്കി അവിടെനിന്നും കുറെ കിഴക്കോട്ടുപോയാറെ പണ്ടു മുചുകുന്ദൻ എന്ന രാജാവു ശാസ്താവിനെ പ്രതിഷ്ഠിച്ചതു് പരശുരാമൻ കണ്ടു ക്ഷേത്രവും പണിയിച്ചു തെങ്ങെളന്നീർകൊണ്ടു അഭിഷേകവും കഴിച്ചു തേങ്ങാകൊണ്ടു നിവേദ്യവുംചെയ്തു തരണനല്ലൂരേയ്ക്കു തന്ത്രവും കൊടുത്തു പതിനാറുക്ഷത്രിയന്മാൎക്കു ഊരാണ്മയും കൊടുത്തു അവിടെ നിന്നും പരശുരാമൻ വടക്കോട്ടു പോയപ്പോൾ നീലൻ എന്ന മഹൎഷിയെക്കണ്ടു നമസ്കരിച്ചാറെ മഹൎഷി കല്പിച്ചതു ഞാൻ കാശിയിൽനിന്നും കൊണ്ടുവന്ന ശിവലിംഗം രാജാവു പ്രതിഷ്ഠിച്ചാലുമെന്നു കല്പിച്ചതിന്റെ ശേഷം പരശുരാമൻ ക്ഷേത്രം പണിയിച്ചു ശ്രീപരമേശ്വരനേയും പ്രതിഷ്ഠിച്ചു ന്നൎ ഗ്രാമക്കാരരെയും വരുത്തി കലശവും കഴിപ്പിച്ചു തരണനല്ലൂരേയ്ക്കു തന്ത്രവും കൊടുത്തു നീലമഹൎഷിയുടെ ശിവലിംഗം ആകകൊണ്ടു നീലേശ്വരമെന്നു പേരുമിട്ടു. അവിടെ ഒരു രാജാവിനെ ഉണ്ടാക്കി ഊരാണ്മയും കൊടുക്കയും ചെയ്തു.

---

## അദ്ധ്യായം ൨൪

പരശുരാമൻ അവിടെനിന്നും വടക്കോട്ടുപോയി ചില ബ്രാഹ്മണൎക്കു ഇല്ലങ്ങളും പണിയിച്ചുകൊടുത്തു അവൎക്കു ഭട്ട(ട്ട)വൃത്തിയെന്നു സ്ഥാനവും കൊടുത്തു പരശുരാമൻ പിന്നെയും വടക്കോട്ടുചെന്നു ഗണപതിയേയും പ്രതിഷ്ഠിച്ചു ക്ഷേത്രം പണിയിച്ചു നെയ്യപ്പം നിവേദിച്ചു ലക്ഷ്മീപുത്രനെന്നുള്ള ബ്രാഹ്മണനു തന്ത്രവും കൊടുത്തു ഒരു ക്ഷത്രിയനു ഊരാണ്മയും കൊടുത്തു അവിടെനിന്നും പുറപ്പെട്ടു മംഗലപുരത്തു

---

1. ദേവീ പൂജകന്മാർ—ഉത്തരകേരളത്തിൽ.

ചെന്ന ശ്രീനാരായണനേയും പ്രതിഷ്ഠിച്ചു. അവിടെനിന്നും വടക്കോട്ടു പോകുന്നവഴിക്കു ഓരോരോദിക്കിൽ ശിവാലയങ്ങളും ശാസ്താവിനേയും പ്രതിഷ്ഠിച്ചു ക്ഷേത്രവും പണികഴിപ്പിച്ചു. അവിടെക്കു ക്ഷേത്രവും കാവുംപുറത്തു നമ്പൂതിരിക്കു തന്ത്രവും [1] സ്വാമിയാക്കി ഊരാണ്മയും കൊടുത്തു പരശുരാമൻ വടക്കോട്ടുപോകുന്ന വഴിയിൽ ഒരു മലയിൽ സുംഭൻെറ പുത്രനായിരിക്കുന്ന കുടശൻ എന്ന അസുരൻ സ്ത്രീകളേയും ഭക്ഷിച്ചുകൊണ്ടിരിക്കുന്ന സമയത്തു പരശുരാമൻ കണ്ടു ഇവിടെനിന്നും വേഗത്തിൽ പോകാഞ്ഞാൽ നിന്നെ ഭക്ഷിക്കുമെന്നും അസുരൻ പറഞ്ഞാറെ വെണ്മഴവെട്ടത്തു കോപത്തോടും കൂടി കുടശനെ വെട്ടിക്കൊന്നാറെ അവൻെറ പുത്രനായിരിക്കുന്ന മൂകൻ എന്ന അസുരൻ ഏറിയൊരു സേനകളുമായി വന്നു പരശുരാമനോടു ഏററു അഞ്ചുദിവസം യുദ്ധം ചെയ്താറെ വെണ്മഴവെട്ടത്തു മൂകാസുരനെ വെട്ടിയപ്പോൾ അവൻെറ ചോരയിൽനിന്നു പരാക്രമത്തോടും ആയുധങ്ങളോടും കൂടി അവിടംമുതൽ ത്രുശ്ശിവമേരുവോളം അസുരന്മാർ നിറഞ്ഞപ്പോൾ പരശുരാമൻ ഭയപ്പെട്ടു മടങ്ങി അശ്വാരൂഢയെന്ന ഭഗവതി [2] യെ ധ്യാനിച്ചു സ്തുതിച്ചപ്പോൾ ഭഗവതി കുതിരപ്പുറത്തുകേറി വന്നു അസുരന്മാരെ ഒക്കെയും നിഗ്രഹിച്ചു അവരുടെ ചോരയുംകുടിച്ചു സന്തോഷിച്ചപ്പോൾ ദേവകൾ പുഷ്പവൃഷ്ടിചെയ്തു. മൂകാസുരനെ കൊന്നതു ഹേതുവായിട്ടു പരശുരാമൻ ഭഗവതിക്കു [3] മൂകാംബികയെന്നു പേരിട്ടു. കുടശം ഇരുന്ന ദിക്കിൽ തീൎത്ഥവുമൊണ്ടാക്കി ഭഗവതിയേയും പ്രതിഷ്ഠിച്ചു ക്ഷേത്രം പണിയിച്ചു നൂർ ഗ്രാമക്കാരേയും വരുത്തി ശുദ്ധിയും കഴിപ്പിച്ചു ക്ഷേത്രരക്ഷയ്ക്കു വീരഭദ്രനേയും പ്രതിഷ്ഠിച്ചു ഒരു ക്ഷത്രിയനു ഊരാണ്മയും കൊടുത്തു.

---

1. സ്ഥലം.
2. കാളിയുടെ സങ്കല്പഭേദം
3. മൂകാംബികാ പുരാണം—

## അദ്ധ്യായം ൨൭

പിന്നെ പരശുരാമൻ സുബ്രഹ്മണ്യത്തു സുബ്രഹ്മണ്യനേയും പ്രതിഷ്ഠിച്ച ക്ഷേത്രം പണിയിച്ചു [1] മത്സ്യതീൎത്ഥമെന്നും [2] കുമാരധാരയെന്നും പേരായിട്ടു തീൎത്ഥവും ഉണ്ടാക്കി നൂർ ഗ്രാമക്കാരെയും വരുത്തി തക്ഷകരൂപമായിട്ടു പ്രതിഷ്ഠിച്ചു അനേകം വിശേഷമായിട്ടു വൃശ്ചികമാസത്തിൽ ഷഷ്ഠിനാൾ ബ്രാഹ്മണഭോജനവും ചെയ്തു പരശുരാമൻ പ്രദക്ഷിണം വെയ്ക്കുമ്പോൾ ദേവകൾ എല്ലാപേരും വന്നു ബ്രാഹ്മണരു ഭക്ഷിച്ച ഇലയിൽ പരശുരാമൻ കിടന്നുരുണ്ടു [3] മടിസ്സ്നാനം എന്നു കല്പിച്ചാറെ ദേവകൾ പുഷ്പവൃഷ്ടി ചെയ്തു. അപ്പോൾ സുബ്രഹ്മണ്യൻ പരശുരാമനോടു കല്പിച്ചു "എന്റെ ക്ഷേത്രത്തിൽ കാലംതോറും വൃശ്ചികമാസത്തിൽ ഷഷ്ഠിനാൾ ബ്രാഹ്മണഭോജനവും മടിസ്സ്നാനവും വേണ"മെന്നുകല്പിച്ചാറെ അതുപോലെ കഴിപ്പാൻതക്കവണ്ണം അങ്ങാടി കെട്ടി എട്ടില്ലക്കാൎക്കു തന്ത്രവും കൊടുത്തു സ്വാമിയാൎക്കു ഊരാണ്മയും കൊടുത്തു അവിടത്തെ തീൎത്ഥത്തിന്റെ വിശേഷങ്ങൾ മനുഷ്യരു സ്നാനം ചെയ്താൽ കുഷ്ഠം ആദിയായിരിക്കുന്ന വ്യാധികളും പോയി സ്വൎഗ്ഗത്തെ പ്രാപിക്കയും ചെയ്യുമെന്നും കല്പിച്ചു പരശുരാമൻ തെക്കോട്ടു നടക്കെയും ചെയ്തു.

---

## അദ്ധ്യായം ൨൮

അവിടെനിന്നു [4] തൃച്ചംബരത്തേക്കു വരുമ്പോൾ മൂകാസുരന്റെ മകൻ ബ്രാഹ്മണവൈരി എന്ന പേരായിട്ടു അമ്പതുതലയും നൂറു കയ്യോടും കൂടെ അഹംകരിക്കുന്നവനെ പരശുരാമൻ കണ്ടു യുദ്ധം ചെയ്താറെ പരശുരാമൻ മടങ്ങി ശ്രീകൈലാസത്തിൽ ചെല്ലുമ്പോൾ ശ്രീപരമേശ്വരനും ശ്രീപാൎവ്വതിയും ചതുരംഗംവെക്കുന്ന സമയംകണ്ടു

---

1. മൂകാംബി കേരളത്തിലുൾപ്പെട്ടതോ ?
2. കുമാരധാര = കോട്ടയത്തു തമ്പുരാനെ കവീയാക്കിയ വെള്ളച്ചാട്ടം
3. പരിശുദ്ധ സ്നാനം
4. വടക്കേ മലയാളം.

നമസ്കരിച്ചു നില്ക്കുമ്പോൾ പിഴപാട്ട പറഞ്ഞു. ശ്രീനാരായണന്റെ സാക്ഷിയും വെച്ചു പോരുമ്പോൾ ശ്രീപരമേശ്വരൻ മടങ്ങിയാറെ ശ്രീപരമേശ്വരൻ ശ്രീനാരായണനോടു കല്പിച്ചു "ഞാനോ പാൎവ്വതിയോ മടങ്ങിയതെ"ന്നു കല്പിച്ചാറെ ഭഗവാൻ ലജ്ജിച്ചു ശ്രീപരമേശ്വരൻ തന്നെ ജയിച്ചുവെന്നും കല്പിച്ചാറെ ശ്രീപാർവതി കോപത്തോടുകൂടി ശ്രീനാരായണനെ ശപിച്ചു വലുതായിട്ടുള്ള മലമ്പാമ്പായിട്ടു മലയിൽ പോകയെന്നും കല്പിച്ചാറെ ഉടപ്പിറന്നഭഗവാനെ ശപിക്കരുതെന്നു നാരദമഹൎഷി പറഞ്ഞാറെ ശ്രീപാൎവ്വതി ശാപമോക്ഷം കല്പിച്ചു മൂന്നു ദിവസം പാമ്പായിട്ടും നാലാംദിവസം പുരുഷരൂപം വരുമെന്നും കല്പിച്ചതുപോലെ ചെയ്തു. [1] പിന്നെ കൈലാസത്തിൽ കാളാസുരൻ എന്നു പേരായിട്ടു മയന്റെ പുത്രൻ ൰ നാഴിക വഴിപൊക്കം ൩൦ നാഴിക വഴി വണ്ണമായിട്ടും ൧൦ നാഴിക വഴി നീളമൊള്ള പല്ലോടും കൂടി മൂവായിരം കയ്യുമായി ദിവസംതോറും മലകളെയും വൃക്ഷങ്ങളെയും ആഴികളെയും ഏറിയൊരു മൃഗങ്ങളെയും ഭക്ഷിച്ചു കൈലാസം ഭക്ഷിപ്പാനായിട്ടു വന്നതിന്റെ ശേഷം ശ്രീപാൎവ്വതി ഭയപ്പെട്ടു അതുകണ്ടു ഭയപ്പെടേണ്ടാ എന്നു ശ്രീപരമേശ്വരൻ കല്പിച്ചു മൂന്നാംതൃക്കണ്ണു തുറന്നപ്പോൾ പതിനെട്ടുകയ്യോടു കൂടെ അൎദ്ധരാത്രിക്കു ശ്രീഭദ്രകാളി ഉണ്ടായി അട്ടഹസിച്ചാറെ ദേവകൾ ശ്രീഭദ്രകാളിയെ പുഷ്പവൎഷം ചെയ്തു ഇന്നു രാത്രിയിൽ തന്നെ കാളാസുരനെ കൊല്ലണമെന്നും ദേവേന്ദ്രൻ മുതലായ ദേവകൾ അപേക്ഷിച്ചാറെ [2] കാളാസുരനെ കൊലയും ചെയ്തു. രാത്രിയിൽക്കൊന്നതു ഹേതുവായിട്ടു ദേവകൾ കാളരാത്രിയെന്നു പേരു വിളിച്ചപ്പോൾ ശ്രീപരമേശ്വരൻ മദ്യവും സേവിച്ചു ഭസ്മവും ധരിച്ചു കാളരാത്രിയെന്ന ഭഗവതിയോടും കൂടെ ക്രീഡിച്ചാറെ ക്ഷേത്രപാലൻ പുത്രനുണ്ടായി. ആ പുത്രനെ കൈലാസത്തിൽ കാവലായിട്ടു വച്ചതിന്റെശേഷം ദേവകൾ പുഷ്പം വൎഷിച്ചു "എന്റെ ക്ഷേത്രങ്ങളിൽ ഒക്കയും നിന്നെ തൊഴതല്ലാതെ എന്നെ തൊഴരുതെ"ന്നും ശ്രീപരമേശ്വരൻ കല്പിച്ചു.

---

1. വിനോദം വിരോധത്തിൽ കലാശിക്കുന്നതു് ദേവന്മാരുടെ ഇടയിലും ഉണ്ടോ ?
2. ഈ അസുരൻ ഒരു പുതിയ സൃഷ്ടിയാണു്

## അദ്ധ്യായം ൨൦

പിന്നെ പരമേശ്വരൻ ശ്രീപാർവതിയോടും കൂടെ കാട്ടാളവേഷം ധരിച്ചു ക്രീഡിക്കുമ്പോൾ ശ്രീഗരുഡൻ കണ്ടാറെ ശ്രീപാർവതി ലജ്ജിച്ചു അകത്തോട്ട് ഓടിയപ്പോൾ കോപംകൊണ്ടു ശ്രീപരമേശ്വരൻ ഇന്ദ്രിയം വെള്ളത്തിൽ വീണതിൻെറ ശേഷം ഭഗവാൻ അകത്തേയ്ക്കു പോകയും ചെയ്തു. കരുണൻ എന്ന മഹർഷി കുളിപ്പാൻ പോയാറെ ഒരു ആളിനെ വെള്ളത്തിൽ കണ്ടു എടുത്തുകൊണ്ടുപോയി രക്ഷിച്ചുവരുമ്പോൾ വിശ്വാസുരൻ എന്ന അസുരനെ വേട്ടക്കൊരു മകൻ കൊല്ലുകകൊണ്ടും ദേവകൾ എല്ലാപേരും കൂടി വേട്ടയ്ക്കൊരു മകൻ എന്നു പേരുമിട്ടു പുഷ്പംവർഷിച്ചാറെ വേട്ടയ്ക്കൊരുമകൻ ശാസ്താവിനെക്കണ്ടു കയ്യുപിടിച്ചു കൈലാസത്തിങ്കൽ ചെന്നു ഭഗവാനെയും ഭഗവതിയെയും നമസ്കരിച്ചു നില്ക്കുമ്പോൾ ശ്രീപരമേശ്വരൻ വേട്ടയ്ക്കൊരുമകനെ മടിയിൽവെച്ചു ശ്രീപാർവതിയെക്കൊണ്ടു മുലയും കൊടുപ്പിച്ചു ഈ വർത്തമാനങ്ങളൊക്കെയും പരശുരാമൻ കണ്ടു ശ്രീപരമേശ്വരനെ നമസ്കരിച്ചതിൻെറ ശേഷം "നീ വന്നിട്ടു കുറെ ദിവസമായല്ലോ എന്നും ഇനി താമസിക്കാതെ കാളരാത്രി എന്ന ഭഗവതിയെയും ക്ഷേത്രപാലനെയും [1] വേട്ടയ്ക്കൊരുമകനെയും ശാസ്താവിനെയും കൂട്ടിക്കൊണ്ടു സുബ്രഹ്മണ്യനും ഒന്നിച്ചു കേരളത്തിൽച്ചെന്നു ശത്രുക്കളെയും ഒടുക്കി സുഖമായിട്ടു ഇരിക്കണമെ"ന്നും ശ്രീപരമേശ്വരൻ കല്പിക്കകൊണ്ടും ഇവരു എല്ലാപേരെയും കൂട്ടിച്ചുംകൊണ്ടു സുബ്രഹ്മണ്യനും ഒന്നിച്ചു പരശുരാമൻ സഹ്യപർവതത്തിൽ വന്നു സ്നാനം ചെയ്യുമ്പോൾ എല്ലാപേർക്കും വിശപ്പു തുടങ്ങി, ബ്രാഹ്മണരുടെ ഗൃഹങ്ങളിൽ ചെന്നു ഭക്ഷണംകഴിച്ചു ഒന്നിച്ചുവരുമ്പോൾ ഒരു കുളവും പൊളിഞ്ഞു കിടക്കുന്ന ക്ഷേത്രവും [2] കണ്ടു ക്ഷേത്രപാലൻ ചെന്നു നോക്കിയാറെ അവിടെ പൂജക്കായിട്ടു ഒരു ഉരുളിയിൽ അരിയും നെയ്യും പഴവുംകൊണ്ടു ഒരു സ്ത്രീ വരുന്നതു ക്ഷേത്രപാലൻ അവളോടു

1. കേരളത്തിൽ അയ്യപ്പൻ വേട്ടയ്ക്കൊരുമകൻ എന്നീ ദൈവങ്ങളുടെ ഉൽപത്തി.

2. പരശുരാമനറിയാതെ ക്ഷേത്രമെങ്ങിനെയുണ്ടായി ?

ചോദിച്ചു വിശപ്പു ഉണ്ടാകകൊണ്ടു കുറെ അരി തരണമെന്നും പറഞ്ഞാറെ ദേവക്ക നിവേദിപ്പാൻ എന്നും പറഞ്ഞു ശാന്തിക്കാരന്റെ കയ്യിൽ കൊടുത്താറെ ശാന്തിക്കാരൻ കുറെ അരിയും നെയ്യും പഴവും ക്ഷേത്രപാലനു കൊടുത്തു പിന്നെ ഇവരും എല്ലാപേരും ഒന്നിച്ചു ശ്രീമൂലസ്ഥാനത്തു വന്നു പരശുരാമൻ എല്ലാപേക്കും ഭക്ഷണം കൊടുത്തു എല്ലാപേരും ഒന്നിച്ചു വൈരി എന്ന അസുരനെ [1] കൊല്ലുവാൻചെന്നു ക്ഷേത്രപാലൻ വാളുംകൊണ്ടു അസുരന്റെ തല വെട്ടിയാറെ വൈരിയെന്നവൻ ദിവ്യരൂപമായി ക്ഷേത്രപാലനോടു പറഞ്ഞു:- "പണ്ടു കൃതയുഗത്തിൽ ഏകാദശരുദ്രന്മാരിൽ പ്രധാനൻ ഞാൻ, വിശ്വാമിത്രമഹൎഷിയോടും കൂടെ വസിഷ്ഠമഹൎഷിയുടെ ആശ്രമത്തിൽ ചെന്നു ഞാൻ കാമധേനുവെ പിടിച്ചുകെട്ടുകകൊണ്ടു 'അസുരനാക' എന്നു വസിഷ്ഠൻ ശപിച്ചാറെ ഞാൻ വസിഷ്ഠനെ നമസ്കരിച്ചാറെ പതിനെട്ടുസംവത്സരം അസുരനായിരുന്നു പരശുരാമന്റെ കേരളത്തിൽ ക്ഷേത്രപാലൻ ഹേതുവായിട്ടു അസുരജന്മം പോയി മുമ്പലത്തെപ്പോലെ വരുമെന്നും വസിഷ്ഠൻ ശാപമോക്ഷം തരികകൊണ്ടും അതിന്നണ്ണം വന്നുവല്ലോ എന്നു സന്തോഷിച്ചു അങ്ങു എന്റെ ചങ്ങാതിയെന്നും പറഞ്ഞാറെ നമ്മൾ രണ്ടുപേരും എന്നും ചെങ്ങാതമായിരിക്കണമെ"ന്നും ക്ഷേത്രപാലൻ ശ്രീമൂലസ്ഥാനത്തു വന്നിരുന്നു ഇരുവരും സുബ്രഹ്മണ്യനെ നമസ്കരിച്ചാറെ ദിവ്യരുദ്രനെക്കണ്ടു സുബ്രഹ്മണ്യൻ സന്തോഷിച്ചു ശ്രീപരമേശ്വരന്റെ മടിയിൽ ദിവ്യരുദ്രനെ ഇരുത്തി തന്റെ വെള്ളക്കുതിരയും വാളുംകൊടുത്തു ഈ രാജ്യത്തു ശത്രുക്കൾ വന്നാൽ വധിക്കയുംചെയ്തു ഇവിടത്തന്നെ ഇരിക്കയെന്നും കല്പിച്ചു [2] വൈരിജാതൻ എന്നു പേരുംകൊടുത്തു അതിന്റെശേഷം പരശുരാമൻ വടക്കോട്ടുകൂട്ടിക്കൊണ്ടുപോയി സിംഹഗിരിപൎവ്വതത്തിൽ ചെന്നു ക്ഷേത്രപാലനേയും കാളരാത്രിയെന്ന ഭഗവതിയേയും വൈരിജാതനേയും വേട്ടക്കൊരുമകനേയും ശാസ്താവിനേയും വെണ്മഴവെയും പ്രതിഷ്ഠിച്ചു പൂജിച്ചു അവിടെ ക്ഷേത്രപാലൻ [3] കോട്ടയെന്നു പേരിടുകയും ചെയ്തു.

---

1. ഇയാരം എവിടെനിന്നു വന്നു ?
2. ഇതു് മററൊരുസൃഷ്ടി
3. സ്ഥലം ? വടക്കെമലയാളത്തിലാണെന്നു് സന്ദർഭംകൊണ്ടു് ഊഹിക്കണം

## അദ്ധ്യായം ൨൯

പരശുരാമൻ അവിടെനിന്നും വടക്കോട്ടു ത്രിച്ചംബരത്തു ചെന്നു പുഷ്കരനെക്കൊണ്ടു അങ്ങേ ശ്രീനാരായണനെ തൊഴുവാൻ വന്നു എന്നും പറഞ്ഞാറെ നമ്മുടെ ക്ഷേത്രത്തിൽ അസുരന്മാരു കടന്നു തീണ്ടിത്തൊട്ടു ദ്രവ്യങ്ങൾ കൊണ്ടുപോകകൊണ്ടും കലശംകഴിച്ചു ശുദ്ധിവരുത്തണമെന്നും പുഷ്കരൻ പറഞ്ഞാറെ ബ്രാഹ്മണരെ വരുത്തി ശുദ്ധിവരുത്തിയതിൻെറ ശേഷം ബ്രാഹ്മണരു പറഞ്ഞവചനം "ഈ ക്ഷേത്രത്തിൽ നാലുഗോപുരത്തിലും കാവലിനു ആളാക്കണ"മെന്നും പറഞ്ഞാറെ പണ്ടു പരദേശത്തുനിന്നും ക്ഷത്രിയരെക്കൊണ്ടുവന്നതിൽ ഒരുത്തനു എട്ടുപുത്രന്മാരുള്ളതിൽ നാലുപേരെ നാലുഗോപുരത്തിലും കാവലാക്കി നാലുപേരെ പയ്യന്നൂർ നാലുഗോപുരത്തിലും കാവലാക്കി അവക്കു സ്ഥാനമാനങ്ങളും കൊടുക്കയും ചെയ്തു.

---

## അദ്ധ്യായം ൩൦

അവിടെനിന്നും പരശുരാമൻ തെക്കോട്ടുവരുമ്പോൾ ഒരു പൊളിഞ്ഞുപോയ ക്ഷേത്രം കണ്ടു [1] ഈ ക്ഷേത്രത്തിൽ ആരെ പ്രതിഷ്ഠിക്കേണ്ടുവെന്നു നാരദനോടു ചോദിച്ചാറെ നാരദൻ കല്പിച്ചതു അയോദ്ധ്യയിൽ സൂര്യവംശത്തിൽ മാന്ധാതാ എന്ന രാജാവിനു പുത്രനില്ലായ്കയാൽ ശത്രുക്കൾ രാജ്യം അടക്കിയതിൻെറശേഷം രാജാവു സ്ത്രീയോടുംകൂടി കൈലാസത്തിൽ ചെന്നു തപസ്സുചെയ്തു മ്പോൾ ശ്രീപാർവ്വതി കളിപ്പാൻപോകുമ്പോൾ കണ്ടു തപസ്സുചെയ്യുന്ന സാദ്ധ്യമെന്തെന്നു കല്പിച്ചാറെ പുത്രനില്ലായ്കയാൽ ശത്രുക്കൾ രാജ്യം അതിക്രമിക്കകൊണ്ടും സങ്കടംതീർത്തു രക്ഷിക്കണമെന്നും രാജാവു പറഞ്ഞപ്പോൾ ഒരു ശിവലിംഗം തരാം ആയതു ശ്മശാനമില്ലാത്ത ഭൂമിയിൽ പ്രതിഷ്ഠിച്ചു പൂജിച്ചാൽ പുത്രനും ഉണ്ടായി ശത്രുക്കളും

---

1. പരശുരാമനറിയാതെ ക്ഷേത്രവും അസുരന്മാരും എങ്ങിനെ യുണ്ടായി?

പോയി സുഖമായിരിക്കുമെന്നും കല്പിച്ചുകൊടുത്ത ബിംബവുംകൊണ്ടു രാജാവു ഇവിടെ വന്നാറെ ഒരുതളം കയ്യോളം വട്ടത്തിൽ ശ്മശാനമില്ലാത്ത ദിക്കുകണ്ടു പ്രതിഷ്ഠിച്ചു. ഒരു തീർത്ഥവും ഉണ്ടാക്കി പൂജിച്ചു അയോദ്ധ്യയിൽ ചെന്നാറെ സമ്പത്തും പുത്രനും ഉണ്ടായി ശത്രുക്കളും പോയി സുഖമായിട്ടിരിക്കയും ചെയ്തു.

---

അദ്ധ്യായം|൩൦

ഇപ്രകാരം നാരദൻ പറഞ്ഞുകേട്ടു പരശുരാമൻ വിശേഷമായിട്ടു ക്ഷേത്രംപണിയിച്ചു മണ്ഡപത്തിൽ ഋഷഭത്തിനേയും പ്രതിഷ്ഠിച്ചു ഋഷഭത്തിന്റെ വടക്കേഭാഗത്തു വെണ്മഴുകൊണ്ടു ഒരു കിണറു ഉണ്ടാക്കി തളിപ്പരമ്പിൽ തമ്പിരാൻ [1] പെരുംതിരുക്കോവിലപ്പനെയും പൂജിച്ചു നെയ്യിളക്കും വെച്ചു തരണനല്ലൂരെക്കു തന്ത്രവും കൊടുത്തു കോടിനമസ്കാരമെന്നു പേരായിട്ടു ബ്രാഹ്മണക്കു അരി അളക്കയും ചെയ്തു.

---

അദ്ധ്യായം ൩൧

പിന്നെ കുംഭമാസം ഉത്സവത്തിന്നു ദേവന്മാരും ദേവകളും വന്നതിന്റെ ശേഷം ശ്രീനാരായണനും ശ്രീഭഗവതിയും തൃച്ചംബരത്തേക്കു വന്നാറെ നാരദൻ ശ്രീപരമേശ്വരനെ തൊഴുവാൻ ശ്രീഭഗവതി മുമ്പേ ചെല്ലട്ടേ എന്നു പറഞ്ഞപ്പോൾ ശ്രീഭഗവതി തളിപ്പറമ്പിൽ എഴുന്നള്ളി സോപാനത്തിങ്കൽ വന്നു തൊഴുതാറെ ശ്രീപരമേശ്വരൻ ശ്രീനാരായണന്റെ വേഷംധരിച്ചു അതുകണ്ടു എന്റെ ഭർത്താവെന്നു വിചാരിച്ചു അകത്തു കടന്നാറെ ശ്രീപരമേശ്വരൻ മഹാകാളനോടു കല്പിച്ചു ശ്രീഭഗവതിയെ പിടിച്ചു എന്റെ പീഠത്തിൽ കെട്ടണമെന്നു കല്പിച്ചതുകേട്ടു ശ്രീഭഗവതി പടിഞ്ഞാറെ നടയിൽക്കൂടെ ഭാവിച്ചു

---

1. തളിപ്പറമ്പ്.

പ്പോൾ പടിഞ്ഞാറെ നട അടക്ക എന്നു ശ്രീപരമേശ്വരൻ കല്പിച്ചതു കേട്ടു മഹാകാളൻ നട അടച്ചു പീഠത്തിൽ കെട്ടിയിരിക്കുമ്പോൾ ഈ അവസ്ഥ ശ്രീനാരായണൻ അറിഞ്ഞു സുബ്രഹ്മണ്യൻെറ വേഷം ധരിച്ചു കളിച്ചുവന്നാറെ ശ്രീപരമേശ്വരൻ എടുത്തു മടിയിൽവെച്ച പ്പോൾ ശ്രീഭഗവതിയെ അഴിച്ചു വെള്ളിക്കിണ്ണത്തിലാക്കി മൂടിക്കൊണ്ടു ശ്രീനാരായണൻ ത്രിച്ചംബരത്തു പോകുന്നതു പരശുരാമൻ കണ്ടാറെ പടിഞ്ഞാറെ നടയിൽ ലക്ഷ്മിസാന്നിദ്ധ്യം ഉണ്ടെന്നും കാലംതോറും കുംഭമാസത്തിൽ ശിവരാത്രിനാൾ ശ്രീഭഗവതി തൊഴുവാൻ വരികയും വിഷ്ണു വെള്ളിക്കിണ്ണത്തിൽകൊണ്ടുപോകയും വേണമെന്നും തളിപ്പറമ്പിലേക്ക ലക്ഷ്മിഗ്രാമമെന്നും കേരളകൈലാസമെന്നും പരശുരാമൻ പേരുമിട്ടു ഇരുപതു ബ്രാഹ്മണൎക്കു ഊരാണ്മയും കൊടുത്തു.

---

## അദ്ധ്യായം ന൨

പിന്നെ പരശുരാമൻ ത്രിച്ചംബരത്തുവന്നു ശംബരമഹൎഷിയോടു തപസ്സുചെയ്യുന്ന സാന്നിദ്ധ്യമെന്തെന്നു ചോദിച്ചാറെ ദ്വാപരയുഗത്തിങ്കൽ ശ്രീകൃഷ്ണൻ ഇവിടെ വരാമെന്നു വസുദേവരോടും ദേവകിയോടും കല്പിച്ചകാരണം അവർ ഇവിടെ തപസ്സുചെയ്കകൊണ്ടും ഇനിക്ക കാണാമെന്നും വെച്ചത്രേ തപസ്സുചെയ്യുന്നതെന്നു ശംബരമഹർഷി പറഞ്ഞതിൻെറ ശേഷം ശ്രീകൃഷ്ണനും ബലഭദ്രനും കൂടി നൃത്തം തുടങ്ങിയതു ദേവകൾ കണ്ടു പുഷ്പവൎഷം ചെയ്താറെ ശ്രീകൃഷ്ണബിംബത്തിനെയും വസുദേവൻെറ ശിരസ്സിൽ വച്ചാറെ വസുദേവൎക്കു ബോധമില്ലാതെ പരശുരാമൻ കണ്ടു നമസ്കരിച്ചു കാലംതോറും കുംഭമാസം ൨൨ ദിവസം ഇതുപോലെ കളിവേണമെന്നും അപേക്ഷിച്ചാറെ അതിന്നണ്ണംതന്നെ എന്നു കല്പിച്ചു ഭഗവാൻ എഴുന്നള്ളിയാറെ വലുതായിട്ടൊരുക്ഷേത്രം കെട്ടിച്ചു ശ്രീകൃഷ്ണനേയും ബലഭദ്രനേയും പ്രതിഷ്ഠിച്ചു ബ്രാഹ്മണരെ വരുത്തി കലശവും കാവുപുറത്തു നമ്പൂതിരിക്കു[1] തന്ത്രവും കൊടുത്തു സ്വാമിയാൎക്കു മഠവും കെട്ടിച്ചുകൊടുത്തു അതിൻെറശേഷം നാരദൻ വന്നു ഇപ്പോഴത്തെ ഉത്സവത്തിന്നു ഒരു ബ്രാഹ്മണനെ

---

1. അനുബന്ധം നോക്കുക.

ക്കൊണ്ടു ബിംബം എടുപ്പിക്ക എന്നു പറഞ്ഞതിന്മണ്ണം വിഷ്ണുഭക്തൻ ഒരു ബ്രാഹ്മണനെക്കൊണ്ടു ബിംബം ശിരസ്സിൽ എടുപ്പിച്ചാറെ അദ്ദേഹത്തിനും സുബോധം ഇല്ലാതെ ഇന്നും അതുപോലെ ബിംബം എടുക്കുന്ന ബ്രാഹ്മണനു സുബോധമില്ല.

---

## അദ്ധ്യായം ൩൩

പിന്നെ പരശുരാമൻ തെക്കോട്ടു ചുരത്തുമ്മേൽ വന്നു സഹ്യാമലകതീർത്ഥസ്നാനവും മാധവനെ പ്രതിഷ്ഠിച്ച ക്ഷേത്രപിണ്ഡവും വച്ചു കേരളത്തിലേയ്ക്കു മുക്തിയായിട്ടു തിരുനെല്ലി എന്നു പേരുമിട്ടു ക്ഷേത്രവും പണിയിച്ചു കലശവും കഴിപ്പിച്ചു കാട്ടുമാടത്തു നമ്പൂതിരിക്കു തന്ത്രവും കൊടുത്തു. പിന്നെ പത്തുക്ഷേത്രം ഉണ്ടാക്കി ഗണപതിയെയും ശ്രീപരമേശ്വരനെയും ശ്രീഭഗവതിയെയും ശ്രീകൃഷ്ണനേയും ശാസ്താവിനെയും സുബ്രഹ്മണ്യനേയും വീരഭദ്രനെയും ശിവനെയും സരസ്വതിയെയും ഭദ്രകാളിയെയും പ്രതിഷ്ഠിച്ചു കലശവും കഴിച്ചു കാട്ടുമാടത്തു നമ്പൂതിരിക്കു തന്ത്രവും തെക്കോട്ടു തലശ്ശേരിയിൽ വന്നു ക്ഷേത്രംപണിയിച്ചു ശ്രീരാമനെയും പ്രതിഷ്ഠിച്ചു കാട്ടുമാടത്തിനു തന്ത്രവും സാമന്തരാജാവിനു ഊരാണ്മയും കൊടുത്തു പരശുരാമൻ [1] തൃച്ചറക്കുന്നിൽ വന്നാറെ ആ കുന്നിൽ കലി വന്നിരുന്നു അട്ടഹസിക്കുന്നതു കേട്ടാറെ കുറഞ്ഞൊന്നു ഭയപ്പെട്ടു.

---

## അദ്ധ്യായം ൩൪

അവിടെനിന്നും കലിയെ പരശുരാമൻ ബന്ധിച്ചു വെണ്മഴു കൊണ്ടു വെട്ടുവാൻ ഭാവിച്ചപ്പോൾ ദേവന്മാരും ദേവകളുംകൂടെ വന്നു ഞങ്ങളുടെ ആജ്ഞകൊണ്ടത്രെ കലി ഉണ്ടായതെന്നും കൊല്ലരുതെന്നും കല്പിച്ചു മേടമാസം വിശാഖംമുതൽ ഇടവമാസം വിശാഖംവരെയും

---

1. അപ്പോൾ പരശുരാമനു മുമ്പും കേരളത്തിൽ ചിലരുണ്ടായിരുന്നു?

ഇവിടെ ഞങ്ങളെ പൂജിച്ചാൽ നിൻെറ രാജ്യത്തു കലി വരികയില്ലെന്നും മുടങ്ങുന്ന കാലത്തു അസുരന്മാരും ബൌദ്ധന്മാരും കടക്കുമെന്നും കല്പിച്ചു ത്രിമൂൎത്തികളും ദേവകളും എഴുന്നെള്ളിയശേഷം പരശുരാമൻ ക്ഷേത്രം പണിയും കഴിപ്പിച്ചു ഊട്ടുപുരയും കെട്ടിച്ചു സ്വൎണ്ണംകൊണ്ടുപാത്രങ്ങളും ഉണ്ടാക്കി ഉത്സവം തുടങ്ങി ബ്രാഹ്മണഭോജനവും വാഴപ്പിള്ളിനമ്പൂതിരിക്കു തന്ത്രവും സാമന്തരാജാവിനു ഊരാണ്മയും കൊടുത്തു കുറെ വടക്കേഭാഗത്തു കാട്ടാളമൂൎത്തിയെ പ്രതിഷ്ഠിച്ചു കാട്ടാളനമ്പൂതിരിക്കു തന്ത്രവും വേടന്മാൎക്കു ഊരാണ്മയും കൊടുത്തു.

---

### അദ്ധ്യായം ൩൫

അവിടെ തെക്കോട്ടുവന്നു ഭദ്രകാളിയെ പ്രതിഷ്ഠിച്ചു മദ്യം കൊണ്ടുള്ള പൂജക്കു അടികളെയും ആക്കി മംഗലത്തു നമ്പൂതിരിക്കു തന്ത്രവും കൊടുത്തു സാമന്തരാജാവിനു ഊരാണ്മയും കൊടുത്തു ആ ദിക്കിൽ എട്ടുക്ഷേത്രം ഉണ്ടാക്കി തരണനല്ലൂരേക്കു തന്ത്രവും പത്തു ബ്രാഹ്മണൎക്കു ഊരാണ്മയും കൊടുത്തു.

---

### അദ്ധ്യായം ൩൬

പിന്നെ പരശുരാമൻ കുറെ തെക്കോട്ടുകടന്നു കുറുമ്പനാടെന്നൊരു ദേശം ഉണ്ടാക്കി വലുതായിട്ടൊരു ക്ഷേത്രം പണിയിച്ചു വേട്ടക്കൊരുമകനെ പ്രതിഷ്ഠിച്ചു മംഗലത്തു നമ്പൂരിക്കു തന്ത്രവും കൊടുത്തു. ഒരു ക്ഷത്രിയരാജാവിനു(?) ഊരാണ്മയും കൊടുത്തു നൂറുക്ഷേത്രം പണിയിച്ചു രക്ഷിക്കുന്നതിനു ക്ഷേത്രപാലനെ പ്രതിഷ്ഠിച്ചു നാലുബ്രാഹ്മണൎക്കു തന്ത്രവും രാജാവിനു ഊരാണ്മയും കൊടുത്തു അവിടെനിന്നും പരശുരാമൻ തെക്കുവന്നു കോഴിക്കോട്ടു ഉണ്ടാക്കി വൈശ്രവണൻെറ അടുക്കൽ ഏറിയൊരുദ്രവ്യം കൊണ്ടുവന്നു അങ്ങാടികളും കെട്ടി വൎത്തകന്മാരെയും ഇരുത്തി.

---

## അദ്ധ്യായം ൩൧

പിന്നെ പരശുരാമൻ വൈകുണ്ഠത്തിൽ ചെന്നു ഒരു കൃഷ്ണ ബിംബം കൊണ്ടുവന്നു. കോഴിക്കോട്ടു വലുതായിട്ടു ഒരു ക്ഷേത്രം പണിയിച്ചു പ്രതിഷ്ഠയും കഴിച്ചു ആ ദിക്കിൽതന്നെ പതിനഞ്ചുക്ഷേത്രം കെട്ടിച്ചു കാട്ടുമാടത്തു നമ്പൂതിരിക്കു തന്ത്രവും മൂന്നുബ്രാഹ്മണർക്ക് ഊരാണ്മയും കൊടുത്തു പിന്നെ തെക്കോട്ടുവരുമ്പോൾ ഒരു കൂവളത്തും ചുവട്ടിൽ സ്വയംഭൂവായിട്ടു ശിവനെ കാണുകകൊണ്ടു അവിടെ പൂജിച്ചു ക്ഷേത്രം പണിയിച്ചു ബ്രാഹ്മണരെ വരുത്തി പടിഞ്ഞാറോട്ടു മുഖമായിട്ടു പ്രതിഷ്ഠകഴിച്ചു കലശംകഴിച്ചു ഉത്സവം തുടങ്ങി കല്പകശ്ശേരി നമ്പൂരിക്കു തന്ത്രവുംകൊടുത്തു ബ്രാഹ്മണർക്ക് ഊരാണ്മയും കൊടുത്തു തെക്കോട്ടുകടന്നു അമ്പതുക്ഷേത്രം പണിയിച്ചു ഈശ്വരന്മാരെയും പ്രതിഷ്ഠിച്ചു മംഗലത്തു നമ്പൂരിക്കു തന്ത്രവും സാമന്തരാജാവിന്നു ഊരാണ്മയും കൊടുത്തു. പരശുരാമൻ തെക്കോട്ടു വരുമ്പോൾ ഈ രാജ്യത്തുള്ള മനുഷ്യർക്ക് വാതത്തിന്റെ ദെണ്ണം വന്നതുകണ്ടു.

---

## അദ്ധ്യായം ൩൨

ഈ വന്ന വാതം നശിപ്പാൻ എന്തൊരു ഉപായമെന്നു ചിന്തിച്ചതിന്റെ ശേഷം നാരദൻ പറഞ്ഞു വാതാസുരനെക്കൊണ്ടു കൃഷ്ണബിംബം ബൃഹസ്പതിയും വായുവും കൂടെ വൈകുണ്ഠത്തിങ്കൽ പ്രതിഷ്ഠിച്ചിരിക്കകൊണ്ടും ആ ബിംബം കൊണ്ടുവന്നു ഈ ഭൂമിയിൽ പ്രതിഷ്ഠിച്ചാൽ വാതം നശിക്കുമെന്നു പറഞ്ഞതുകേട്ടു പരശുരാമൻ വൈകുണ്ഠത്തിൽ ചെന്നു ആ ബിംബം കൊണ്ടുവന്നു വലുതായിട്ടൊരു ക്ഷേത്രം പണിയിച്ചു നൂറ് ഗ്രാമക്കാരെയും വരുത്തി പ്രതിഷ്ഠയും കഴിച്ചു ഏറിയൊരു നിവേദ്യവും കഴിച്ചു വിശേഷമായിട്ടു വൃശ്ചികമാസത്തിൽ ഏകാദശി നാൾ ഉപവസിച്ചു ദ്വാദശിനാൾ ബ്രാഹ്മണഭോജനവും കഴിച്ചു ഗുരുവായൂർ എന്നു പേരുമിട്ടു ഏകാദശിക്കും രോഹണിക്കും വിശേഷ പൂജ ആദികളായിട്ടുള്ളതു കല്പിച്ചുസേവിച്ചാറെ വാതങ്ങളൊക്കയും

നശിച്ചു. തരണനല്ലൂരേക്ക തന്ത്രവും ബ്രാഹ്മണൎക്ക ഊരാണ്മയും കൊടുത്തു ഒരു രാജാവിനെ രക്ഷിപ്പാനും ആക്കി പരശുരാമൻ അവിടെനിന്നും പുറപ്പെട്ടുകയും ചെയ്തു.

---

## അദ്ധ്യായം ൩൯

പിന്നെ പരശുരാമൻ തിരുവഞ്ചിക്കുളത്തു വന്നു സ്വയംഭുവായിരിക്കുന്ന ശിവലിംഗത്തിനെക്കണ്ടു ക്ഷേത്രവും പണിയിച്ചു ബ്രാഹ്മണരെ വരുത്തി കലശവും കഴിപ്പിച്ചു ശിവരാത്രിനാൾ ഉപവസിച്ചു ഒറക്കം ഒഴിഞ്ഞു പിറെറദിവസം ബ്രാഹ്മണഭോജനവും കഴിച്ചു തരണനല്ലൂരേക്ക തന്ത്രവും ക്ഷത്രിയരാജാവിന്നു ഊരാണ്മയും കൊടുത്തു.

---

## അദ്ധ്യായം ൪൦

പിന്നെ പരശുരാമൻ തിരുപ്രയാററു ചെന്നു ക്ഷേത്രം പണിയിച്ചു ശ്രീരാമനെയും പ്രതിഷ്ഠിച്ചു കലശവും കഴിപ്പിച്ചു തീൎത്ഥത്തിൽ സ്നാനംചെയ്തു തരണനല്ലൂരേക്ക തന്ത്രവും ഒരു രാജാവിനു(?) ഊരാണ്മയും കൊടുത്തു. പരശുരാമൻ കൊടുങ്ങല്ലൂർ വന്നു അങ്ങാടികളും കെട്ടിച്ചു വൎത്തകന്മാരെയും ഇരുത്തി. കേരളത്തിൽ ഉള്ളവൎക്ക വസൂരിബാധ ഉണ്ടാകാതെ ഇരിപ്പാൻ ക്ഷേത്രവും പണിയിച്ചു വടക്കോട്ടു ദൎശനമായിട്ടു ഭദ്രകാളിയെ പ്രതിഷ്ഠിച്ചു ആയിരം മധുകുംഭം നൂറായിരം കോഴിമാംസത്തോടും ചുവന്ന പുഷ്പത്തോടും കൂടി പൂജിച്ചപ്പോൾ ഭദ്രകാളി പ്രത്യക്ഷമായി അട്ടഹസിച്ചതു കണ്ടു പരശുരാമൻ നമസ്കരിച്ചു ചോദിച്ചു അങ്ങേ വാൾകൊണ്ടു വസൂരിയെക്കൊല്ലുണമെന്നും അപേക്ഷിച്ചാറെ കല്പിച്ചു കാലംതോറും മീനമാസം ഭരണിക്ക ഉത്സവം തുടങ്ങിച്ചു അടികളെ മധുപൂജയ്ക്കാക്കി എട്ടില്ലക്കാൎക്ക ഊരാൺമയും പത്തുനാഴിക വഴിരാജ്യം ഭഗവതിക്ക ഒഴിഞ്ഞുകൊടുത്തു പരശുരാമൻ [1] ഇളങ്കുന്നപ്പുഴെ വന്നു സുബ്രഹ്മണ്യനെ പ്രതിഷ്ഠിച്ചു.

---

1. ഇളങ്കുന്നപുഴെ

## അദ്ധ്യായം ൪൧

പിന്നെയദ്ദേശത്തു പതിനൊന്നു ശിവക്ഷേത്രം പണിയിച്ചു ഏകാദശരുദ്രന്മാരെയും പ്രതിഷ്ഠിച്ചു തരണനല്ലൂരേക്കു തന്ത്രവും ക്ഷേത്ര കാര്യം രാജാവിന്നും കൊടുത്തു പരശുരാമൻ തെക്കോട്ടുവരുമ്പോൾ ത്രിപൂർണ്ണൻ എന്ന രാജാവു പരശുരാമനെ നമസ്കരിച്ചു പറഞ്ഞു എന്റെ പേരായിട്ടു ഒരുദേശം ഉണ്ടാക്കിയാൽ ഞാൻ അവിടെ ഇരിക്കാമെന്നും പറഞ്ഞതിനെക്കേട്ടു ഒരു ദേശമൊണ്ടാക്കി തൃപ്പൂണിത്തുറ എന്നു പേരുമിട്ടു രാജാവിനെയിരുത്തി വലുതായിട്ടു അങ്ങാടികളും കെട്ടികൊങ്ങിണി മുതലായ വർത്തകന്മാരെയും ഇരുത്തി വലുതായിട്ടൊരു ക്ഷേത്രം പണിയിച്ചു നൂർ ഗ്രാമക്കാരെയും വരുത്തി അനന്തകൃഷ്ണനെ പ്രതിഷ്ഠിച്ചു ചന്ദനംകൊണ്ടു കളഭവും ബ്രാഹ്മണഭോജനവും കഴിച്ചു അവിടേക്കു കളഭം ഏററവും പ്രധാനമാക്കി ദിവസം മാലകളും ചാർത്തിച്ചു ബ്രാഹ്മണൎക്കും രാജാവിന്നും ചന്ദനംകൊണ്ടും സ്വർണ്ണം കൊണ്ടും തുലാഭാരം കല്പിച്ചു തൃപ്പൂണിത്തുറ സ്ത്രീകൾ രൂപികളായിട്ടു തീരുമെന്നും കല്പിച്ചു ഇരിഞ്ഞാലിക്കുടെ ഒള്ളതിൽ ഒരു ബ്രാഹ്മണനു തന്ത്രവും രാജാവിന്നു ഊരാൺമയും കൊടുത്തു.

---

## അദ്ധ്യായം ൪൨

പിന്നെയും പരശുരാമൻ കുറെ തെക്കോട്ടുവന്നു നൂറുക്ഷേത്രം കെട്ടിച്ചു ശ്രീപരമേശ്വരനെയും ശ്രീനാരായണനെയും പ്രതിഷ്ഠിച്ചു വിധിപോലെ പൂജചെയ്തു തരണനല്ലൂരേക്കു തന്ത്രവും കൊടുത്തു തെക്കോട്ടു വരുമ്പോൾ പണ്ടു ഖരൻ വലത്തുകൈകൊണ്ടു ശിവലിംഗം വൈക്കത്തും ഇടത്തുകൈകൊണ്ടു ശിവലിംഗം ഏററുമാന്തൂരും പല്ലു കൊണ്ടു കടുത്തുരുത്തിലും പ്രതിഷ്ഠിച്ചിരിക്കുന്നതിൽ പരശുരാമൻ വൈക്കത്തു വന്നു. വിശേഷമായിട്ടു ക്ഷേത്രം പണിയിച്ചു ഗ്രാമക്കാരെ വരുത്തി കലശവും രുദ്രപൂജയും സഹസ്രകലശവും കഴിപ്പിച്ചു ഒരു സംവത്സരം അവിടെ ഇരുന്നും ദിവസംപ്രതി ബ്രാഹ്മണഭോജനവും കഴിച്ചുവരുമ്പോൾ ഭഗവാൻ പ്രത്യക്ഷമായിട്ടു പരശുരാമനോടു

കല്പിച്ചു ഇനിമേല്പെട്ടു ഇതുപോലെ ബ്രാഹ്മണഭോജനം കഴിക്കുന്നതിനു ഞാൻതന്നെ വരുത്തിക്കൊള്ളാമെന്നും നീയ് ഇതിനു ഒക്കെയും ഒരു ചട്ടം വെക്കണമെന്നും കല്പിച്ചാറെ വൈയ്ക്കം മുക്കാതത്തിനു രാജാവു ഭഗവാൻതന്നെ എന്നും തരണനല്ലൂരെക്കു തന്ത്രവും പതിനാറു ബ്രാഹ്മണർക്കും മൂന്നു മൂസ്സതന്മാർക്കും ഊരാണ്മയും കൊടുത്തു സാമന്തരാജാവിനെ രക്ഷിപ്പാനുമാക്കി അങ്ങാടികളും കെട്ടിച്ചു അവിടെനിന്നും പരശുരാമൻ ചേർത്തലച്ചെന്നു ഭഗവതിയെയും പ്രതിഷ്ഠിച്ചു.

---

## അദ്ധ്യായം ൪൩

അവിടെ നിന്നും പരശുരാമൻ പുറപ്പെട്ടപ്പോൾ വൈശ്രവണന്റെ പുത്രിയായിരിക്കുന്ന ബാലവന്നു പറഞ്ഞു എന്റെ പേരായിട്ടു ഒരുദേശം ഉണ്ടാക്കിയാൽ അവിടെ ഇരിയ്ക്കാമെന്നും പറഞ്ഞതിനെകേട്ടു സമുദ്രക്കരെ ഒരുദേശം ഉണ്ടാക്കിയാൽ അവിടെ ഇരിയ്ക്കാമെന്നും പറഞ്ഞതിനെകേട്ടു സമുദ്രക്കരെ ഒരു ദേശമുണ്ടാക്കി കൊച്ചി എന്നു പേരിട്ടു നാനാജാതികളെയും വരുത്തി അങ്ങാടികളും കെട്ടിച്ചു ഇരുത്തി ബാല എന്നവളെയും ഇരുത്തി തെക്കോട്ടുവന്നു ശാസ്താവിനെ പ്രതിഷ്ഠിച്ചു പാണ്ഡവന്മാരുടെ ഓരോ ഈശ്വരന്മാരെ പ്രതിഷ്ഠിച്ചിരിക്കുന്നതു കണ്ടു അവിടെ അഞ്ചുക്ഷേത്രവും കെട്ടി തരണനല്ലൂരെക്കു തന്ത്രവും ഈ രാജാവിനു ഊരാണ്മയും കൊടുത്തു മാളക്കുളത്തുവരുമ്പോൾ നാരദൻ പ്രതിഷ്ഠിച്ചിരിക്കുന്ന വിഷ്ണുബിംബത്തെക്കണ്ടു വലുതായിട്ടു ക്ഷേത്രം പണിയിച്ചു തരണനെല്ലൂരെക്കു തന്ത്രവും ഒരു ബ്രാഹ്മണനു ഊരാണ്മയും കൊടുത്തു രാജാവിനെ രക്ഷിപ്പാനും ആക്കി പരശുരാമൻ അവിടെനിന്നും ചെങ്ങനൂർ ചെന്നു ക്ഷേത്രംപണിയിച്ചു ശ്രീമഹാദേവനെ പ്രതിഷ്ഠിച്ചു തരണനല്ലൂരെക്കു തന്ത്രവും ഒരു രാജാവിനെ രക്ഷിപ്പാനും ആക്കി ആ ദേശത്തു ശ്രീകൃഷ്ണനേയും ശാസ്താവിനേയും പ്രതിഷ്ഠിച്ചു അവിടെനിന്നും തെക്കോട്ടു വന്നു.

---

## അദ്ധ്യായം ൪൪

അപ്പോൾ തെക്ക ഭൂമി ഉയൎന്നു കണ്ടു. പരശുരാമൻ വിചാരപ്പെട്ടിരിക്കുമ്പോൾ നാരദൻ പറഞ്ഞു വൈകുണ്ഠത്തിൽ നിന്നും ശ്രീനാരായണൻ എഴുന്നള്ളി തെക്കെടിക്കിൽ കടന്നല്ലാതെ ഭൂമി താഴുകയില്ലെന്നും പറഞ്ഞതിനെകേട്ടു പരശുരാമൻ ശ്രീനാരായണന്റെ അടുക്കൽചെന്നു നമസ്കരിച്ചു കേരള തെക്കേടിക്കു ഉയൎന്നു പോകകൊണ്ടും എഴുന്നള്ളി പള്ളികൊണ്ടരുളണമെന്നും അപേക്ഷിച്ചാറെ വരാഹമൂൎത്തിയായിരിക്കുന്ന ബിംബവും കൊടുത്തു തിരുക്കൊല്ലത്തുചെന്നു ഈ ബിംബവും സ്നാനംചെയ്തു ക്ഷേത്രപിണ്ഡവും വച്ചാറെ മൂൎത്തികൾ മൂന്നുപേരും ദേവകളും കൂടെവന്നു കല്പിച്ചു തിരുക്കൊല്ലത്തുവന്നു തീൎത്ഥത്തിൽ സ്നാനംചെയ്തു ക്ഷേത്രപിണ്ഡം വച്ചു പിതൃതൎപ്പണം ചെയ്യുന്നവർ സ്വൎഗ്ഗത്തെപ്രാപിക്കുമെന്നും കല്പിച്ചു എഴുന്നള്ളിയ ശേഷം ത്രിമൂൎത്തികളെക്കൂടെ പ്രതിഷ്ഠിച്ചു വലുതായിട്ടു ക്ഷേത്രംകെട്ടി കലശംകഴിപ്പിച്ചു തരണനല്ലൂരേക്കു തന്ത്രവും കൊടുത്തു രാജാവിനെ രക്ഷിപ്പാനും ആക്കി അവിടെനിന്നും താമ്രപൎണ്ണിതീരത്തു ചെന്നു പൊന്മനയെന്ന മലയിൽ തപസ്സുചെയ്യുമ്പോൾ അഗസ്ത്യമഹൎഷി വന്നു കണ്ടു ചോദിച്ചു എന്തൊരുസാദ്ധ്യമായിട്ടു തപസ്സുചെയ്യുന്നു വെന്നു ചോദിച്ചതിന്റെ ശേഷം എന്റെ ഭൂമി ഉയൎന്നുപോകകൊണ്ടത്രെ തപസ്സുചെയ്യുന്നതെന്നു പറഞ്ഞതിനെ കേട്ടു ആദികേശവനു കിടപ്പാനായിട്ടു ഒരു ക്ഷേത്രമുണ്ടാക്കി പടിഞ്ഞാറോട്ടു ദൎശനത്തിൽ ശ്രീകോവിലിനകത്തു വലുതായിട്ടുള്ള സ്വൎണ്ണപീഠംവച്ചു പൂജിച്ചാൽ ഭഗവാൻ എഴുന്നള്ളുമെന്നും അഗസ്ത്യൻ കല്പിച്ചാറെ പരശുരാമൻ തിരുവട്ടാററുവന്നു അഗസ്ത്യൻ കല്പിച്ചതിന്മണ്ണം തീൎപ്പിച്ചു പീഠംവെച്ചു പൂജിക്കുമ്പോൾ കോടിസൂൎയ്യപ്രഭയോടുംകൂടെ ആദികേശവൻ അവിടെ എഴുന്നള്ളിയാറെ ദേവകൾ പുഷ്പവൎഷം ചെയ്തു പരശുരാമൻ വിധിപോലെ പൂജചെയ്താറെ ഭഗവാൻ കല്പിച്ചു എന്നെപ്പോലെ രൂപമായിട്ടു ഒരു ബിംബത്തിനെ കിടത്തി പൂജിച്ചാൽ ഞാൻ വരാമെന്നും കല്പിച്ചു എഴുന്നള്ളിയാറെ അതിന്മണ്ണം ബിംബം ഉണ്ടാക്കി പൂജിച്ചു ഇടവമാസത്തിൽ ഉത്സവം കല്പിച്ചു തരണനല്ലൂരേക്കു തന്ത്രവും ബ്രാഹ്മണൎക്കു ഊരാണ്മയും കൊടുത്തു രാജാവിനെ രക്ഷിപ്പാനും ആക്കുകയും ചെയ്തു.

## അദ്ധ്യായം ൪൫

അവിടെനിന്നും പദ്മനാഭപുരം ഉണ്ടാക്കി അയോധ്യപട്ടണം പോലെ നാനാജാതികളേയും വരുത്തിയിരുത്തി വിശേഷമായിട്ടു ക്ഷേത്രം പണിയിച്ചു ശ്രീരാമനേയും പ്രതിഷ്ഠിച്ചു തേർവീതികളും ആനപ്പന്തി കുതിരപ്പന്തികളും ഉണ്ടാക്കി ഏറിയൊരു ആനെയും കുതിരയും വരുത്തിയതിൻെറശേഷം പണ്ടു ചന്ദ്രവംശത്തിൽ ഒരു രാജസ്ത്രീയെ ബ്രാഹ്മണൻ ക്രീഡിച്ചു പുത്രന്മാരുണ്ടായി അവരുടെ പേരുകൾ ഭാനുവിക്രമനെന്നും രണവിക്രമനെന്നും കുലശേഖരനെന്നും മരുമകൻ ബാലവീൎയ്യനെന്നും ഇങ്ങനെ നാലുപേരുണ്ടായതിൽ രാജ്യം രക്ഷിപ്പാനായിട്ടു വിചാരിച്ചു ന്നൂർ ഗ്രാമക്കാറരെയും വരുത്തി പരശുരാമൻ കല്പിച്ചു പദ്മനാഭപുരത്തു ഇരുന്നു രാജ്യം രക്ഷിപ്പാനായിട്ടു ഭാനുവിക്രമൻ എന്ന രാജാവിനെ കല്പിച്ചു ബ്രാഹ്മണരു എല്ലാപേരുംകൂടി സ്ഥാനം .കൊടുക്കണമെന്നും കല്പിച്ചാറെ അതിന്മണ്ണും ബ്രാഹ്മണരു സന്തോഷിച്ചു ആരാജാവിനെ സ്വൎണ്ണപീഠത്തിന്മേലിരുത്തി രാജ്യാഭിഷേകം ചെയ്തു ആചാരങ്ങളും പല്ലക്കും കുതിരകളും കുത്തുവിളക്കും ഇങ്ങനെയുള്ള സ്ഥാനങ്ങൾ കൊടുത്തതിൻെറശേഷം രാജാവിനോടു പരശുരാമൻ കല്പിച്ചു ഗോകൎണ്ണത്തോളം ഉള്ള ഭൂമിയും രക്ഷിച്ചു ബ്രാഹ്മണരെ ദുഃഖിപ്പിക്കാതെ സുഖം വരുത്തി ഈശ്വരന്മാരേയും പൂജിച്ചുകൊണ്ടു ഇരിക്ക എന്നും കല്പിച്ചു അതിന്മണ്ണും ഇരുത്തി പരശുരാമൻ വെണ്മഴപോലെയുള്ള മുദ്രയിട്ടു ഏറിയൊരു രാശിപണം അടിപ്പിച്ചു അവിടെ കിഴക്കുഭാഗത്തു നീലകണ്ഠസ്വാമിയേയും ഇടത്തുഭാഗത്തു ഭഗവതിയേയും പ്രതിഷ്ഠിച്ചു ക്ഷേത്രം പണിയിച്ചു തരണനല്ലൂരേക്കു തന്ത്രവും കൊടുത്തു രാജാവിന്നു ഊരാത്മയും കൊടുത്തു നാഗരുകോവിൽചെന്നു ആദിശേഷൻ നാഗരാജാവിനേയും പ്രതിഷ്ഠിച്ചു വെള്ളിയാഴ്ചക്കു ബ്രാഹ്മണഭോജനവും തരണനല്ലൂരേക്കു തന്ത്രവും കൊടുത്തു രാജാവിന്നു ഊരാണ്മയും കൊടുത്തു പരശുരാമൻ ശുചീന്ദ്രത്തുചെന്നു സ്ഥാണുനാഥനേയും ബ്രഹ്മാവിനേയും ശ്രീനാരായണനേയുംപ്രദക്ഷിണം വെച്ചു നമസ്കരിച്ചു പൂജിച്ചു കന്യാകുമാരിയിൽ ചെന്നു ഭഗവതിയേയും പൂജിച്ചു.

## അദ്ധ്യായം ൪൩

ദേവേന്ദ്രന്റെ ശാപം ഹേതുവായിട്ടു സർവ്വാംഗം ഒക്കെയും യോനി ആയി പോയാറെ ത്രിമൂർത്തികളും ബാലരൂപമായിവന്നു ഈ തീർത്ഥത്തിൽ സ്നാനം ചെയ്യുമ്പോൾ ദേവേന്ദ്രനും കൂടെ സ്നാനം ചെയ്താറെ ദേവേന്ദ്രനു ശുചി ആകകൊണ്ടും ത്രിമൂർത്തികൾ മൂന്നുപേരെയുംകൂടെ പ്രതിഷ്ഠിച്ചു ശുചീന്ദ്രം എന്നു പേരുമിട്ടു പൂജിച്ചതിന്റെ ശേഷം പരശുരാമൻ കണ്ടു പൂജിച്ചു വലുതായിട്ടുള്ള ക്ഷേത്രം പണിയിച്ചു തരണനല്ലൂരെക്കു തന്ത്രവും ബ്രാഹ്മണൎക്കു ഊരാണ്മയും കൊടുത്തു പരശുരാമൻ തിരുവനന്തപുരത്തുവന്നു ശ്രീവരാഹത്തു വരാഹമൂർത്തിയേവും ആദിക്കിൽ സ്യമന്തകം മണിയേയും പ്രതിഷ്ഠിച്ചു സമ്പത്തു വൎദ്ധിപ്പിക്കാനായിക്കൊണ്ടു പൂജിച്ചു നിത്യവും കദളിപ്പഴം നിവേദ്യവും കല്പിച്ചു നമസ്കരിച്ചു പരശുരമേൻ ത്രിശ്ശിവപെരൂർ വന്നാറെ ആ ഗ്രാമത്തിൽ ഒരു ബ്രാഹ്മണൻ വയസ്സൻ മൂർഖനായിട്ടു ഭാര്യയോടുംകൂടെ ഇരിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്ത്രീ യൌവനമായും പാതിവ്രത്യ തപോബലത്തോടുംകൂടെ ഇരിക്കുന്ന സമയത്തു ഗൎഭമായപ്പോൾ ഈ വൃദ്ധബ്രാഹ്മണൻ യോഗത്തിൽ ചെന്നു എന്റെ ഭാര്യ വ്യഭിചാരി എന്നു പറഞ്ഞു അദ്ദേഹം മരിക്കയും ചെയ്തു പിന്നെ ആ സ്ത്രീയെ പന്തിഭോജനം കൂടാതെ ബ്രാഹ്മണരു തള്ളിയാറെ ഗ്രാമക്കാരൊക്കെയുംകൂടെ വന്നു വിസ്തരിച്ചതിന്റെശേഷം ദോഷമൊണ്ടെന്നു വിധിക്കകൊണ്ടു വിവദിച്ചു പുറത്തു തള്ളിയാറെ പരശുരാമൻ പേരിട്ടു ഒരു മഠം കെട്ടിപാർപ്പിച്ചാറെ ഈ ബ്രാഹ്മണസ്ത്രീ ഒരു കന്യകയെ പ്രസവിച്ചു കുറഞ്ഞൊരു കാലം കഴിഞ്ഞാറെ സ്ത്രീ മരിക്കയും ചെയ്തു. പിന്നെ പരശുരാമൻ കന്യകയെക്കണ്ടു ദുഃഖിച്ചു ബ്രാഹ്മണരേയും യോഗിമാരേയും വരുത്തി ജാതിയിൽ കൂട്ടിനടത്താമോ എന്നു വിചാരിച്ചാറെ കന്യകക്കു ദോഷമില്ലെന്നും ബ്രാഹ്മണൻ എന്റെ ഭാര്യ വ്യഭിചാരി എന്നു പറകകൊണ്ടും അല്പം ദോഷം ഒണ്ടെന്നു വിധിക്കകൊണ്ടു പെരിട്ടുതന്നെ പാർപ്പിച്ചിരിക്കുമ്പോൾ ഈ കന്യക നല്ല പുഷ്പങ്ങൾ കൊണ്ടുവന്നു മാല കെട്ടി എറിഞ്ഞാൽ ശ്രീപരമേശ്വരന്റെ കഴുത്തിൽചെന്നു വീഴുന്നതു ഒരു ദിവസം പരശുരാമൻ കണ്ടു ശാന്തിക്കാരനോടു ഈ മാല ആരു കെട്ടിയതെന്നും ചോദിച്ചാറെ എന്റെ പററിൽ ആരും മാലകെട്ടി

ത്തരുവാറില്ലെന്നു കാലത്തു നട തുറക്കുമ്പോൾ മാല കാണാമെന്നും ദിവസംപ്രതി ഞാൻ എടുത്തു കളകയും ദിവസംപ്രതിയും ഭഗവാന്റെ തൃക്കഴുത്തിൽ മാല കാണുകയും ഉണ്ടെന്നും ശാന്തിക്കാരൻ പറഞ്ഞാറെ പരശുരാമൻ ഇക്കന്യകതന്നെ മാലകെട്ടുന്നതെന്നും നിശ്ചയിച്ചു കന്യകയെ അമ്പലത്തിൽ വരുത്തി നിത്യവും ശിവക്ഷേത്രത്തിൽ മാലകെട്ടി ച്ചാർത്തിച്ചു ക്ഷേത്രങ്ങളിൽ അടിച്ചുതളിയും ശിശ്രൂഷയും ചെയ്തു നിനക്കു പുത്രനുണ്ടാവാൻ ബ്രാഹ്മണരെ അംഗീകരിച്ചു ബ്രാഹ്മണശുശ്രൂഷ ചെയ്തുവരു എന്നു കല്പിച്ചു പുഷ്പത്തി എന്നു പേരുമിട്ടു ഇരിഞ്ഞാലക്കുടെ പോകയും ചെയ്തു.

---

## അദ്ധ്യായം ൪൭

ഇരിഞ്ഞാലക്കുടെ ഒരു ബ്രാഹ്മണൻ സ്ത്രീയോടുംകൂടെ ഇരിക്കുമ്പോൾ വടക്കേമഠത്തിൽ സ്വാമിയാരു എഴുന്നള്ളിയാറെ ബ്രാഹ്മണസ്ത്രീ സ്വാമിയാൎക്കു ശുശ്രൂഷചെയ്തു വരുമ്പോൾ ആ സ്ത്രീയെ സ്വാമിയാരു അംഗീകരിച്ചു പുത്രനുണ്ടായാറെ ബ്രാഹ്മണരു എല്ലാപേരും കൂടി സ്വാമിയാരുടെ സ്വരൂപമായ പുത്രനെക്കണ്ടു ആ സ്ത്രീയേയും പുത്രനേയും തള്ളിയാറെ സ്ത്രീ മരിച്ചുപോകകൊണ്ടും പുത്രനെ സ്വാമിയാരുടെ ശിഷ്യനായിട്ടു ഇരുത്താമെന്നും വിചാരിച്ചു പരശുരാമൻ സ്വാമിയാരുടെ അടുക്കൽ ചെന്നാറെ ഈ പുത്രൻ ഇനിക്കത്രെ ഉണ്ടായിരിക്കുന്നതെന്നും ക്ഷേത്രത്തിൽ മാലകെട്ടുവാനാക്കണമെന്നും മരിച്ചാൽ എന്നെപ്പോലെ ഉപ്പുകുഴിയിൽ വെക്കണമെന്നും സ്വാമിയാരു കല്പിച്ചാറെ പരശുരാമൻ ഇവനു പിഷാരൊടി എന്നു പേരുമിട്ടു ഇരിഞ്ഞാലക്കുടേ ശ്രീനാരായണനു മാലകെട്ടിക്കൊടുത്തു ക്ഷേത്രങ്ങളിലും ബ്രാഹ്മണന്മാൎക്കും ശുശ്രൂഷചെയ്തു എന്നും കല്പിച്ചു ഒരു ശൂദ്രസ്ത്രീയെ ശ്രേഷ്ഠത്വം ഉണ്ടാക്കിക്കൊടുത്തു ഉടപ്പിറന്നവളാക്കി ബ്രാഹ്മണരു അംഗീകരിച്ചു നിന്റെ വംശം വൎദ്ധിക്കട്ടെ എന്നും നീയ് ശൂദ്രസ്ത്രീകളിൽ അംഗീകരിച്ചോ എന്നും ആയതു് അല്ലാതേയും എല്ലാ ജാതിതാൎക്കും വിശേഷങ്ങൾ പരശുരാമൻ കല്പിച്ചു ബ്രാഹ്മണൎക്കുമാത്രം പാതവ്രത്യം ക്ഷത്രിയരാജാക്കന്മാരു മുതലായിട്ടുള്ള ജാതികൾക്കു

ഒന്നിന്നും എന്റെ രാജ്യത്തു പാതിവ്രത്യം വേണ്ടാ എന്നും അമ്മാവന്റെ പിതൃകർമ്മങ്ങൾ ചെയ്തുകൊള്ളണം അമ്മാവന്റെ മുതലോ കടമോ ഉള്ളതു മരുമകനെന്നും നിന്റെ വംശം ഇതുപോലെ വർദ്ധിക്കട്ടെ എന്ന പിഷാരൊടിയോടും കല്പിച്ചു പരശുരാമൻ ത്രിശ്ശിവപെരൂർ വന്നാറെ അടുക്കിൽ ഒരു ബ്രാഹ്മണൻ ശൂദ്രവീട്ടിൽചെന്നു ചാത്തമുണ്ടു യോഗത്തിൽ വന്നാറെ ബ്രാഹ്മണരു എല്ലാപേരുംകൂടി പിടിച്ചുതള്ളിയതിന്റെ ശേഷം ആ ബ്രാഹ്മണനോടു പരശുരാമൻ കല്പിച്ചു നിത്യമായിട്ടു ശൂദ്രശ്രാദ്ധം ഭക്ഷിച്ചു വേറിട്ടുതന്നെ ഇല്ലവും കെട്ടി പാർത്തുകൊണ്ടണം നിന്റെ സ്ത്രീകൾക്കു പാതിവ്രത്യം വേണ്ട ബ്രാഹ്മണരു അംഗീകരിച്ചുപോരട്ടെ എന്നും ഇളയതെന്നും കല്പിച്ചു പരശുരാമൻ അവിടെനിന്നും നടന്നാടെ ഒരു ശിവബ്രാഹ്മണൻ നല്ല ബ്രാഹ്മണന്റെ വേഷം ധരിച്ചു ഒരു ബ്രാഹ്മണന്റെ ഇല്ലത്തുചെന്നു കന്യാദാനം ചെയ്യണമെന്നു ചോദിച്ചാറെ കന്യാദാനംചെയ്തു മംഗല്യസൂത്രം കെട്ടുമ്പോൾ ശേഷം ബ്രാഹ്മണരു ശിവബ്രാഹ്മണനെന്നറിഞ്ഞു പരശുരാമനോടു അറിയിച്ചാറെ കല്പിച്ചു മംഗല്യകർമ്മം മുഴവനും ആകട്ടെ ഈ ആൾക്കും ഒരു വിധി കല്പിക്കാം ആയതു് ആയതു് എന്തെന്നാൽ ദേവാലയങ്ങളിൽ സോപാനം കഴകാൎയ്യവും ഉത്സവബിംബം എഴുന്നള്ളിക്കയും ചെയ്തുകൊള്ളണം ഈ സ്ത്രീയോടുകൂടി അംഗീകരിക്കാതെ ശൂദ്രസ്ത്രീയോടുകൂടി അംഗീകരിച്ചുകൊള്ളണം മൂത്തതെന്നു പേരുമിട്ടു ഈ ബ്രാഹ്മണസ്ത്രീക്കു വിധിപോലെ എന്തന്നാൽ ബ്രാഹ്മണരെയും അംഗീകരിക്കയും ആ സ്ത്രീ വച്ചാൽ ബ്രാഹ്മണരു ഭക്ഷിക്കയും ആം അതു കൂടാതെമൂത്തതുതന്നെ ആ സ്ത്രീയെ സംഗം ചെയ്താൽ അമ്മയെ സംഗംചെയ്ത ദോഷവുമുണ്ടുഅതിനൊരു പ്രായശ്ചിത്തവുമില്ല. ഏതൊരുകാലത്തെങ്കിലും മൂത്തതു കെട്ടിയ സ്ത്രീയോടുകൂടെ സംഗം ചെയ്യുന്നതെന്നാൽ അക്കാലങ്ങളിൽ ക്ഷേത്രങ്ങളൊക്കെയും നശിക്കും രാജാക്കന്മാരുതമ്മിൽ യുദ്ധവുമുണ്ടാം കേരളത്തിന്റെ ദുർഭിക്ഷയും അരിഷ്ടയും ഉണ്ടാം എന്നു പരശുരാമൻ കല്പിച്ചു.

## അദ്ധ്യായം ൪൮

പിന്നെ പരശുരാമൻ ത്രിശ്ശിവപെരൂർവന്ന ന്നൂർ ഗ്രാമക്കാരോടും പറഞ്ഞുകൊണ്ടു ദേവലോകത്തു ദേവേന്ദ്രൻെറ അടുക്കൽ ചെന്നാറെ പരശുരാമനെ ദേവേന്ദ്രൻ നമസ്കരിച്ചു ചോദിച്ചു ഇവിടെ എന്തൊരു കാൎയ്യമായിട്ടു വന്നുവെന്നും ചോദിച്ചാറെ കേരളത്തിലുള്ള ബ്രാഹ്മണൎക്കു അംഗീകരിപ്പാൻ ദേവസ്ത്രീകളെ തരണമെന്നും ചോദിച്ചാറെ വാദ്യവും കൊട്ടുവാൻ ഒള്ള ആളുകളേയും കൊടുത്തു അതിൻെറ ശേഷം ഇന്ദ്രാണി നേന്ത്രവാഴവിത്തും നല്ല മുളകുവിത്തും വെള്ളരിവിത്തും കൊടുത്തു സ്ത്രീകളെയും വിത്തുകളെയും ത്രിശ്ശിവപെരൂർ കൊണ്ടുവന്നു ഭഗവാൻെറ സന്നിധിയിങ്കലാക്കി എല്ലാ ബ്രാഹ്മണൎക്കും അംഗീകരിപ്പാനായിട്ടു സ്ത്രീകളേയും ആക്കി വിത്തുകൾ ഒക്കെയും ഓരോദിക്കിൽ നട്ടുവിച്ചു വൎദ്ധിപ്പിക്കയും ചെയ്തു. ദേവലോകത്തുനിന്നും പതിനെട്ടു സ്ത്രീകളെ കൊണ്ടുവന്നതിൽ ആറു ഗന്ധൎവ്വകളെ തളിപ്പറമ്പിലും ആറു രാക്ഷസസ്ത്രീകളെ മൂകാംബികയിലും ആക്കിയിറെ രാക്ഷസസ്ത്രീകൾ മദ്യവും സേവിച്ചു ബ്രാഹ്മണരോടു ക്രീഡിക്കുന്നതുകണ്ടു ഉത്തരദേശികളായിട്ടുള്ള ബ്രാഹ്മണരു ദുർബ്രാഹ്മണരായിട്ടു നമ്മുടെ രാജ്യം മുടിപ്പാനായിട്ടു വന്നവരെന്നും നീലേശ്വരത്തിന്നു വടക്കുള്ള ബ്രാഹ്മണരെ പരശുരാമൻ ശപിക്കയും ചെയ്തു. പിന്നെത്തേതിൽ രാക്ഷസവംശങ്ങളൊക്കയും താൻതന്നെ കൊല്ലുണമെന്നും നിശ്ചയിച്ചു ഗോകൎണ്ണത്തുള്ള രാജാവിനെ ഇവരെ ശിക്ഷിപ്പാനും കല്പിച്ചു ശ്രീമൂലസ്ഥാനത്തു വരികയുംചെയ്തു.

---

## അദ്ധ്യായം ൪൯

പിന്നെ പരശുരാമൻ വടക്കോട്ടു നടന്നു തിരുവാനാവായ് പേരാറരും[1] കരെച്ചെന്നു ശ്രീനാരായണനേയും ശ്രീപരമേശ്വരനേയും ദുൎഗ്ഗാഭഗവതിയേയും പ്രതിഷ്ഠിച്ചു വലുതായിട്ടുള്ള ക്ഷേത്രവും കെട്ടിച്ചു

---

1. പൊന്നാനിപ്പുഴ (ഭാരതം

സ്വർണ്ണംകൊണ്ടു തുലാഭാരവും ബ്രാഹ്മണഭോജനവും കഴിച്ചു തരണനല്ലൂരേക്കു തന്ത്രവും കൊടുത്തു രാജാവിന്നു ഊരാണ്മയും കൊടുത്തു അതിന്റെ തെക്കുഭാഗത്തു വിഷ്ണുബിംബത്തെ പ്രതിഷ്ഠിച്ചു വേദം ഓതുന്നവൎക്കു മഠവും കെട്ടിച്ചു തിരുനാവായ് വാധ്യാൻ നമ്പൂതിരിയേയും കല്പിച്ചു ശിഷ്യന്മാരേയും ഉണ്ടാക്കി തൃക്കണംകോവിൽ കാലാന്തകനേയും പ്രതിഷ്ഠിച്ചു ആ ദിക്കിൽ നൂറു ക്ഷേത്രം കെട്ടിച്ചു ഓരോരോ പ്രതിഷ്ഠകളും കഴിച്ചു തരണനല്ലൂരേക്കു തന്ത്രവും തിരുനാവായ് ഇരിക്കുന്ന ബ്രാഹ്മണൎക്കു ഊരാണ്മയും കൊടുത്തു പേരാററിന്റെ രണ്ടു ഭാഗത്തും ചമ്രവട്ടം എന്നു പേരുമിട്ടു അയ്യപ്പനെയും പ്രതിഷ്ഠിച്ചു പരശുരാമൻ ഏകാദശിദിവസം ഒരു മലയിൽ ചെന്നാറെ ഏകാദശി മലയെന്നും തിരുവില്വാമലയെന്നും പേരിട്ടു. ശ്രീരാമനേയും ലക്ഷ്മണനേയും പ്രതിഷ്ഠിച്ചു വലുതായിട്ടു ക്ഷേത്രം പണിയിച്ചു അവിടെനിന്നും തെക്കോട്ടു കടന്നു ശ്രീനാരായണനേയും ശ്രീഭഗവതിയേയും നരസിംഹരൂപേണ പ്രതിഷ്ഠിച്ചു ഋഷിനാരദമംഗലമെന്നു പേരുമിട്ടു ആദേശം സ്വാമിയാൎക്കു കൊടുത്തു ക്ഷേത്രം രക്ഷിപ്പാൻ രാജാവിനോടും കല്പിച്ചു പരശുരാമൻ ശ്രീമൂലസ്ഥാനത്തുവന്നു.

---

## അദ്ധ്യായം ൯ം

പരശുരാമൻ ഇതിന്മണ്ണം നൂർ ഗ്രാമക്കാരോടുംകൂടി ൯൩൦൦ സംവത്സരം ഗോകൎണ്ണം മുതൽ കന്യാകുമാരിവരെയും ധൎമ്മത്തെ രക്ഷിച്ചു കള്ളന്മാരുടെ ഭയവും ദുർഭിക്ഷവും അസത്യവും വ്യാധിയും കൂടാതെ രാജ്യപരിപാലനം ചെയ്തതിന്റെ ശേഷം പരശുരാമൻ തിരുനാവായ്‌വന്നു ഗ്രാമക്കാരരെ ഒക്കെയും വരുത്തി കല്പിച്ചു നിങ്ങൾ പരദേശത്തു ആയുധാഭ്യാസം ഉള്ളതിൽ ഒരു രാജാവിനെ അവരോധിച്ചു വരുത്തി ൧൨ വൎഷം ആ രാജാവിനെക്കൊണ്ടു രാജ്യം രക്ഷിപ്പിച്ചു പരദേശത്തുകൊണ്ടുചെന്നാക്കി പിന്നെ മറെറാരു രാജാവിനെ വരുത്തി പിന്നെ പരശുരാമൻ നൂർ ഗ്രാമക്കാററരേയും ഓരോ ഗ്രാമത്തിൽ ഓരോരുത്തൎക്കു സ്ഥാനങ്ങൾ കൊടുത്തു പീഠങ്ങളും കുത്തുവിളക്കും ശംഖുവിളിയും കൊടുത്തു ദേവസ്ത്രീകൾക്കും പുത്രന്മാരുണ്ടായി അതിൽ ആയുധം കൊടുത്തു അഭ്യസിപ്പിച്ചു.

---

## അദ്ധ്യായം ൫൧

പിന്നെ പരശുരാമൻ സുബ്രഹ്മണ്യത്തു ചെന്നാറെ ഗോകർണ്ണത്തുള്ള രാജാവിനെ ഭക്ഷിപ്പാനായിക്കൊണ്ടു ഒരു അസുരൻ വന്നാറെ പരശുരാമൻ അവനെക്കളഞ്ഞു ഏഴിമലയിൽചെന്നു മോഹനൻ എന്ന ഗന്ധർവ്വനെക്കണ്ടു മൂന്നു ഗന്ധർവ്വസ്ത്രീകളെ വാങ്ങി തളിപ്പറമ്പിൽ കൊണ്ടുവന്നു ഇരുത്തുകയും ചെയ്തു.

---

## അദ്ധ്യായം ൫൨

പിന്നെ പരശുരാമൻ ഇതിന്മണ്ണം നൂറ ഗ്രാമക്കാറരോടു ൫൩൦൦ സംവത്സരം കന്യാകുമാരിമുതൽ ഗോകർണ്ണംവരെയും ധർമ്മത്തെരക്ഷിച്ചു കള്ളന്മാരുടെ ഭയവും ദുർഭിക്ഷവും അസത്യവും വ്യാധിയും കൂടാതെ രാജ്യം പരിപാലനം ചെയ്തതിന്റെ ശേഷം പരശുരാമൻ തിരുനാവായ്‌വന്നു ഗ്രാമക്കാറരെ ഒക്കയും വരുത്തി കല്പിച്ചു നിങ്ങൾ പരദേശത്തുനിന്നും ആയുധാഭ്യാസം ഉള്ളതിൽ ഒരു രാജാവിനെ അവരോധിച്ചു വരുത്തി പന്ത്രണ്ടുവർഷം ആ രാജാവിനെക്കൊണ്ടു രാജ്യം രക്ഷിപ്പിച്ചു പരദേശത്തു കൊണ്ടുചെന്നു ആക്കി പിന്നെ മറെറാരു രാജാവിനെ വരുത്തി മാതാകത്തിനായിക്കൊണ്ടു വന്നാൽ അതുപോലെതന്നെ നടന്നുകൊള്ളണമെന്നും കല്പിച്ചു പരശുരാമൻ തപസ്സിനുപോകയും ചെയ്തു അപ്രകാരംതന്നെ നടന്നു പന്ത്രണ്ടു വർഷം വീതം ഇരുപത്തൊന്നു രാജാക്കന്മാരു രാജ്യം രക്ഷിച്ചാറെ പിന്നെ ഒരു രാജാവുവന്നു രാജ്യം രക്ഷിച്ചു പരദേശത്തു പോകുമ്പോൾ ഏറിയൊരു ദ്രവ്യം ഇരിപ്പുവകയിൽനിന്നും കൊണ്ടുപോയതു ബ്രാഹ്മണരു അറിഞ്ഞു ഇതിന്മണ്ണം ആയാൽ ഇവിടെ നശിക്കുമെന്നും നിശ്ചയിച്ചു എല്ലാപേരുംകൂടി ശ്രീമൂലസ്ഥാനത്തുവന്നു പരശുരാമനെ ധ്യാനിച്ചു മൂന്നു ദിവസം പാക്കുമ്പോൾ പരശുരാമൻ ഇനി പരദേശത്തുനിന്നും രാജാക്കന്മാരെ കൊണ്ടുവരേണ്ടാ എന്നും കല്പിച്ചു.

---

## അദ്ധ്യായം ൧൨

മോഹനൻ മൂന്നു സ്ത്രീയെകൊടുത്തതിൽ ഒരു സ്ത്രീയെ കോലത്തു നാട്ടിൽ രാജാവായിട്ടും, ഒരു സ്ത്രീയെ തളിപ്പറമ്പിലും, ഒരു സ്ത്രീയെ പദ്മനാഭപുരത്തും ഇരുത്തി പട്ടം കൊടുത്തു തളിപ്പറമ്പിൽ ഇരിക്കുന്ന സ്ത്രീയെ വേളികഴിപ്പാൻ ഊരാണ്മക്കാരിൽ ഒരു ബ്രാഹ്മണന്നു ശ്രേഷ്ഠത്വവും നായകൻ എന്ന സ്ഥാനവും കൊടുത്തു വേളി കഴിപ്പിച്ചാറെ അമ്പലത്തിന്നു കിഴക്കു കോവിലാക പണിയിച്ചു ഇരുത്തിയതിൻെറ ശേഷം ഈ രാജസ്ത്രീക്കു ഗർഭമുണ്ടായി ഒരു പുരുഷനെ സൂര്യോദയംകൊണ്ടു പ്രസവിക്കകൊണ്ടും ഉദയവർമ്മനെന്നു പേരുമിട്ടു ബ്രാഹ്മണരെക്കൊണ്ടു ജാതകർമ്മം ചെയ്യിച്ചു ഏറിയൊരു ദാനങ്ങളും കഴിച്ചു തളിപ്പറമ്പിൽ പടിഞ്ഞാറെ ഗോപുരത്തിൽ ബ്രാഹ്മണരേയും ഉദയവർമ്മനേയും വരുത്തി സ്വർണ്ണസിംഹാസനത്തിന്മേൽ രാജ്യാഭിഷേകം ചെയ്താറെ ശ്രീപരമേശ്വരൻ പ്രത്യക്ഷമായിട്ടു കല്പിച്ചു ഈ രാജാവുതന്നെ രാജ്യം രക്ഷിച്ചു എൻെറ ഗോപുരത്തിൽ തന്നെ ഇരിക്കട്ടെ എന്നും കല്പിച്ചു രാജാവിന്നു ഒരു മോതിരവും[1] കൊടുത്തു തളിപ്പറമ്പുമുതൽ ഗോകർണ്ണം വരെയും രാജ്യം കല്പിക്കട്ടെഎന്നും കല്പിച്ചു എഴുന്നള്ളുകയും ചെയ്തു.

## അദ്ധ്യായം ൧൩

പിന്നെ പരശുരാമൻ രാജാവിന്നു ഏറിയൊരു പദവിയും കൊടുത്തതിൻെറ ശേഷം പടിഞ്ഞാറെ ഗോപുരത്തിൽ ഭദ്രകാളി എഴുന്നള്ളിയാറെ പരശുരാമൻ പൂജിച്ചു അറിവിച്ചു:—ഉദയവർമ്മന്നു സഹായമായിട്ടും ലോകമാതാവായിട്ടും ഇവിടെ ഇരുന്നു ഗോകർണ്ണം വരേയും രാജ്യം രക്ഷിക്കണമെന്നും അപേക്ഷിച്ചാറെ അതിന്മണ്ണംതന്നെ ഭഗവതി രാജാവിനോടും കല്പിച്ചു.

---

1. മോതിരം

## അദ്ധ്യായം ൧൮

ബ്രാഹ്മണൎക്ക ധൎമ്മവും ഈശ്വരസേവയും എൻെറ പാദത്തുങ്കൽ വന്ദിക്കയും ചെയ്തുകൊണ്ടാൽ നിൻെറ വംശം വൎദ്ധിക്കുമെന്നും അയ്യു ല്ലാതെ ഒക്കെയും വിപരീതമായിട്ടു തുടങ്ങിയാൽ നിൻെറ വംശവും രാജ്യഭാരവും പോകയും ചെയ്യുമെന്നും കല്പിച്ചു.

---

## അദ്ധ്യായം ൧൯

പരശുരാമൻ സുബ്രഹ്മണ്യത്തു ചെന്നാറെ അബോഹലൻ എന്ന രാജാവിനെക്കൊണ്ടുപോരികകൊണ്ടും ആ രാജാവു പരശു രാമൻെറ ദ്രോഹിയായും ദേവബ്രാഹ്മണവൈരിയായും ഇരിക്കുന്ന രാജാവു പരശുരാമനോടു പറഞ്ഞു എൻെറ രാജ്യത്തു ഇരുന്നുകൂടാ യെന്നും യുദ്ധംചെയ്തു മടക്കുമെന്നും പറഞ്ഞതിൻെറശേഷം ഞാൻ കൊണ്ടുപോന്നവനെ ഉപായത്തിൽ കൊല്ലുന്നമെന്നും നിശ്ചയിച്ചു പരശുരാമൻ തളിപ്പറമ്പിൽ വന്നു

---

## അദ്ധ്യായം ൧൨

പരശുരാമൻ ഉദയവൎമ്മനോടു കല്പിച്ചു അബോഹലൻ എന്ന രാജാവു ബ്രാഹ്മണവൈരിയായിരിക്കുന്നവൻ എട്ടു ദേശത്തിലേക്കും അധിപതിയായും എട്ടു മന്ത്രികളോടും എട്ടു സ്ത്രീകളോടുംകൂടെ ഇരി ക്കുന്നവനെ യുദ്ധംചെയ്തു കൊല്ലുണമെന്നും കല്പിച്ചതുകേട്ടു സേനക ളോടുംകൂടെ ഉദയവൎമ്മൻ ചെന്നു 28 ദിവസം യുദ്ധം ചെയ്തു ആ രാജാ വിനെ കൊന്നതിൻെറ ശേഷം പരശുരാമൻ ആ രാജ്യവും ഉദയ വൎമ്മനു കൊടുത്തു സുബ്രഹ്മണ്ഡ്യത്തോളം 80 നാഴിക വഴി രാജ്യം ഉള്ളതിൽ നാലുഭാഗം ആക്കി ഒരു ഭാഗം സുബ്രഹ്മണ്യനും ഒരുഭാഗം തളിപ്പറമ്പിൽ ശ്രീപരമേശ്വരസ്വാമിക്കും രണ്ടുഭാഗം രാജ്യം രക്ഷി പ്പാനായിട്ടു ഉദയവൎമ്മരാജാവിനായിട്ടു പരശുരാമൻ കൊടുക്കയും ചെയ്തു.

---

## അദ്ധ്യായം ൧൨

പിന്നെ പരശുരാമൻ ഉദയവർമ്മരാജാവിനോടു കല്പിച്ചു ബ്രാഹ്മണക്കു ധർമ്മം ചെയ്യണം സത്യമായിരിക്കണം ധർമ്മന്യായം നടത്തണം ആയതിനു ഭേദം വരുത്തുന്നകാലത്തു രാജ്യം പോം. കലിയുഗത്തിൽ നിന്റെ വംശത്തിൽ ഒരു രാജകുമാരനുണ്ടായി നമ്മുടെ കല്പന ലംഘിച്ചു വടക്ക തുംഗഭദ്രനദിയിങ്കൽചെന്നു അവിടെ ഉള്ള ബ്രാഹ്മണരെ കൊണ്ടുവന്നു നമ്മുടെ ആചാരവുംപോയി ആ ബ്രാഹ്മണരെ ഇവിടെ ഇരുത്തി അക്കാലത്തു രാജ്യനാശംവന്നു രാജാക്കന്മാരുതമ്മിൽ യുദ്ധവും ദുർഭിക്ഷവും ഉണ്ടാമെന്നു കല്പിച്ചു പരശുരാമൻ കുറുമ്പനാട്ടിൽവന്നു. ഒരു ക്ഷത്രിയ രാജസ്ത്രീയെ ബ്രാഹ്മണരു ക്രീഡിച്ചു പുത്രനുണ്ടായാറെ ആ പുത്രനെ കുറുമ്പനാട്ടിൽ രാജാവായിട്ടു ആക്കി തന്റെ ആയുധവും കൊടുത്തു ദേവാലയങ്ങളും ബ്രാഹ്മണരെയും രക്ഷിച്ചു ധർമ്മന്യായം നടത്തി ധർമ്മംചെയ്തു വസിക്കണമെന്നും ആയതിനു ഭേദം വന്നാൽ രാജ്യം പോകുമെന്നും കല്പിച്ചു. പരശുരാമൻ കൊച്ചിയിൽവന്നു പണ്ടു ശ്രീരാമന്റെ പുത്രൻ കുശനെന്നും ലവനെന്നും രണ്ടു പേരുണ്ടായതിൽ ലവന്റെ പുത്രന്റെ പുത്രനെ കൊച്ചിയിൽ രാജാവാക്കി ബ്രാഹ്മണരെയും രക്ഷിച്ചു ധർമ്മത്തോടുംകൂടെ ധർമ്മന്യായം നടത്തി ഈശ്വരഭക്തിയോടുംകൂടെ വസിക്കണമെന്നും ആയതിനു ഭേദംവന്നാൽ രാജ്യം പോകുമെന്നും കല്പിച്ചു പരശുരാമൻ തൃശ്ശിവപേരുവിങ്കൽ വന്നു 64 ഗ്രാമക്കാറരേയും വരുത്തി പൂജിച്ചു കേരളഭൂമി എല്ലാ ബ്രാഹ്മണർക്കായിട്ടും കൊടുത്തു. കന്യാകുമാരിമുതൽ ഗോകർണ്ണത്തോളം സത്യമായിട്ടു ധർമ്മന്യായപ്രകാരം രാജാക്കന്മാരെക്കൊണ്ടു രാജ്യപരിപാലനം ചെയ്യിച്ചു പരശുരാമൻ തപസ്സിന്നുപോകയുംചെയ്തു. രാജാക്കന്മാരു ധർമ്മന്യായപ്രകാരം നടത്തിവരുന്ന കാലത്തു കാശ്യപ മഹർഷിയും ഖണ്വ മഹർഷിയും കേരളത്തിൽ പരശുരാമന്റെ കല്പനകളൊക്കയും ലംഘിച്ചു നശിപ്പിക്കെണമെന്നും വിചാരിച്ചു കാശ്യപൻ ദുർവ്വാസമഹർഷിയോടു കല്പിച്ചു അങ്ങു തൃച്ചരകുന്നത്തുചെന്നു ഇടവമാസം ഉത്സവാ മുടക്കണം പണ്ടു ത്രിമൂർത്തികളുംകൂടി തൃച്ചരക്കുന്നത്തു ഉത്സവം മുടക്കുന്നകാലത്തു അസുരന്മാരും ബൌദ്ധന്മാരും കടന്നു കേരളത്തെ നശിപ്പിക്കുമെന്നും കല്പിച്ചിരിക്കകൊണ്ടും വൈശാഖം ഉത്സവം മുടക്കി.

പരശുരാമന്റെ കല്പനകൾ ഒക്കെയും ലംഘിക്കണമെന്നും കല്പിക്ക കൊണ്ടു ദുർവ്വാസാവു തൃച്ചരകുന്നത്തുചെന്നു ഉത്സവം മുടക്കി ഏഴിമലയിൽ ചെന്നാറെ ഒരു ബൌദ്ധസ്ത്രീയെക്കണ്ടു മോഹിച്ചു സംഭോഗം വേണമെന്നു ചോദിച്ചാറെ ഇനിക്കു സമ്പത്തുംതന്നു എന്റെ പുത്രനു കേരളരാജ്യം തരാമെങ്കിൽ അംഗീകരിക്കാമെന്നു പറകകൊണ്ടു 'അതിന്മണ്ണം ആം' എന്നു സത്യവാചകം പറഞ്ഞു സമ്പത്തും കൊടുക്ക കൊണ്ടും അവൾ സമ്മതിച്ചു അംഗീകരിക്കകൊണ്ടും അവളോടുകൂടെ ആറുമാസം സുഖമായിരിക്കുമ്പോൾ നാരദമഹർഷികണ്ടു ദുർവ്വാസാവിനോടു പറഞ്ഞു:—അങ്ങു ഇതിന്മണ്ണം ഇരിക്കുന്നതു യോഗ്യമല്ലെന്നും പറകകൊണ്ടും ഇനിക്കു ബുദ്ധിപോരായ്കകൊണ്ടും ഇതിന്മണ്ണം വന്നുപോയെന്നും ഇതിനു പ്രായശ്ചിത്തമെന്തെന്നു ചോദിച്ചാറെ ഒമ്പതു ജന്മം നീചനായും പത്തുജന്മം നായായും മൂന്നുജന്മം ശൂദ്രനായും ജനിച്ചു ബ്രാഹ്മണശുശ്രൂഷചെയ്താൽ മുമ്പിലത്തെപ്പോലെ മഹർഷി ആമെന്നും പറഞ്ഞു.

---

## അദ്ധ്യായം ൧൯

ഇങ്ങനെയുമുള്ള ജന്മങ്ങളെയുമെടുത്തു മുമ്പിലത്തെപ്പോലെയായതിന്റെശേഷം ഏഴിമലയിൽ മാലിയെന്ന ബൌദ്ധസ്ത്രീക്കു ഗർഭമുണ്ടായി സുന്ദരനായിരിക്കുന്ന പുത്രനെ പ്രസവിച്ചാറെ അപ്പോൾ പരശുരാമൻ ഭാനുവിക്രമനേയും കുലശേഖരനേയും ബാലശേഖരനേയും 64ഗ്രാമക്കാറരേയും വരുത്തി ശ്രീമൂലസ്ഥാനത്തുവെച്ചു അശ്വമേധയാഗം ചെയ്തു ആയിരംകോടി പശുദാനവും കഴിച്ചു തപസ്സിനായി ഹിമവത്പർവ്വതത്തിങ്കൽ എഴുന്നള്ളുകയും ചെയ്തു. പിന്നെത്തേതിൽ ഉദയവർമ്മരാജാവിനു മരുമകനായിട്ടു കുലശേഖരൻ എന്ന രാജാവു ഉണ്ടായി. അദ്ദേഹത്തിന്റെ ഉടപ്പിറന്നവൾ ഭാഗി എന്നു പേരായി അവൾക്കു ഗർഭമുണ്ടായി. പ്രസവിപ്പാനായിട്ടു പുരക്കകത്തു ചെന്നാറെ ആ സമയത്തു ദുർവ്വാസാവു ഭക്ഷണംതരേണമെന്നു ചോദിച്ചാറെ ഞാൻ പ്രസവിക്കുന്ന സമയം ആകകൊണ്ടു ഭക്ഷണം തരികയില്ലെന്നു പറഞ്ഞാറെ ശപിച്ചു. നീ പ്രസവിക്കുന്ന പുത്രനു അംഗഹീനം വരട്ടെ എന്നും

അവന്ന രാജ്യംഭ്രഷ്ടൻ ആയിപോകട്ടേ എന്നും ശപിച്ചു. ബൗദ്ധസ്ത്രീയുടെ അടുക്കൽചെന്നു ദുർവ്വാസാവു നിന്റെ പുത്രനെ സമുദ്രക്കരയിൽ കൃഷ്ണക്ഷേത്രത്തിന്റെ പടിഞ്ഞാറെക്കാട്ടിൽ കൊണ്ടുപോയി വച്ചാൽ രാജ്യഭാരം ഉണ്ടാം എന്നു പറഞ്ഞു.

---

## അദ്ധ്യായം ൩൦

ദുർവ്വാസാവു പറഞ്ഞതിനെക്കേട്ടു മാലിയെന്ന ബൌദ്ധസ്ത്രീയുടെ പുത്രനെ സമുദ്രക്കരയിൽവെച്ചു പോരികയും ചെയ്തു. ഭാഗിഎന്ന രാജസ്ത്രീ പ്രസവിച്ചാറെ അംഗഹീനമായിട്ടുള്ള പുത്രനെക്കണ്ടു ദുഃഖിച്ചു മന്ത്രിമാരുംകൂടി നിരൂപിച്ചു ഈ പുത്രനെ കുഴിച്ചുമൂടിക്കളക എന്നു നിശ്ചയിച്ചപ്പോൾ ദുർവ്വാസാവു ഒരു ബ്രാഹ്മണന്റെ വേഷ(ത്തിൽ)വന്നു പറഞ്ഞു:—ഈ പുത്രനെ സമുദ്രക്കരയിൽ കൃഷ്ണക്ഷേത്രത്തിന്റെ പടിഞ്ഞാറെക്കരയിൽ കൊണ്ടുചെന്നു വച്ചാൽ നാളെച്ചെന്നു നോക്കുമ്പോൾ അംഗത്തോടെ നല്ല പുത്രനായിട്ടിരിക്കുമെന്നും പറഞ്ഞപ്പോൾ ബ്രാഹ്മണൻ പണ്ടു ചെന്നു വച്ചുപോന്നാറെ മാലി എന്ന ബൌദ്ധസ്ത്രീ തന്റെ പുത്രനെക്കൊണ്ടുചെന്നു വച്ചു അംഗഹീനമായിക്കണ്ടു കുമാരനെയടുപ്പാൻ ഭാവിച്ചപ്പോൾ ആകാശവാണി എടുക്കരുതെന്നു പറഞ്ഞാറെ, മാലിയെടുത്തു മമ്മാലിയെന്നു പേരുമിട്ടു. ആയതിന്റെ ശേഷം സ്വർണ്ണമാലാ ആകാശവാണി ഇക്കുമാരന്റെ കഴുത്തിൽ ഇട്ടു മാലി ഇക്കുമാരനെക്കൊണ്ടു തപസ്സുചെയ്യുമ്പോൾ മാലി നമസ്കരിച്ചു ഇക്കുമാരന്നു അംഗങ്ങൾ ഉണ്ടാക്കിതരെണം കണ്വമഹർഷി എന്നു പറഞ്ഞാറെ മഹർഷി കല്പിച്ചു സമ്പത്തും കൊടുത്തു അംഗങ്ങളും കൊടുത്തു ആഭിക്കും കൊടുത്തു ഏഴിമലയിൽ തപസ്സിന്നു പോകയും ചെയ്തു.

## അദ്ധ്യായം ൩൧

പിറ്റെദിവസം മന്ത്രിമാരുചെന്നു നോക്കുമ്പോൾ സൂര്യതേജസ്സായിരിക്കുന്ന പുത്രനെക്കണ്ടു. ബൗദ്ധസ്ത്രീരുടെ മകൻ എന്നറിയാതെ

അംഗങ്ങൾ ഒണ്ടായെന്നുംവച്ചു കൊണ്ടുവന്നു പട്ടം കെട്ടി കുമാരൻ പ്രാപ്തി ആയാറെ തളിപ്പറമ്പിൽ തൊഴുവാൻ ചെന്നാറെ ഭദ്രകാളി പ്രത്യക്ഷമായി ബൗദ്ധസ്ത്രീയുടെ പുത്രൻ എന്നെ തൊഴുവാൻ വരേണ്ടയെന്നും കല്പിച്ചാറെ ദേവകൾ ഭദ്രകാളിക്കു പുഷ്പവർഷംചെയ്തു. ആ സമയം ഭദ്രകാളിയിവനു നസംഗൻ എന്നു പേരുമിടുകകൊണ്ടും ഭദ്രകാളി കല്പിച്ചതുകേട്ടു നസംഗനെ മന്ത്രിമാരു തളിപ്പറമ്പിനു കിഴക്കു തെക്കായിട്ടു ഒരു പള്ളിവച്ചു അവിടെ പാർപ്പിച്ചു രാജാവു പള്ളിയിൽത്തന്നെ പാർത്തു കന്യാകുമാരിമുതൽഗോകർണ്ണം വരേയും ഏറിയൊരു ബൌദ്ധന്മാരുണ്ടായി ബ്രാഹ്മണർക്കു ദ്രവ്യം കൊടുത്തു ഓരോദിക്കിൽ പള്ളിയും കെട്ടി കേരളത്തിൽ ബൗദ്ധന്മാരുണ്ടായാറെ കണ്ണൂർ പഴയ പണവും അടിപ്പിച്ചു പരശുരാമന്റെ കല്പനകൾ ലംഘിച്ചു ൪൫ സംവത്സരം കേരളത്തിൽ ബൗദ്ധന്മാരു് രാജ്യം പരിപാലനം ചെയ്തു.

---

## അദ്ധ്യായം ൯൨

ഇതിന്മണ്ണം ഇരിക്കുന്ന സമയത്തു പരശുരാമൻ വന്നു കണ്ടാറെ ദേഷ്യപ്പെട്ടു തൃച്ചരകുന്നിൽ ഉത്സവം മുടക്കിയ അവസ്ഥയും ഈ ഒണ്ടായകാര്യങ്ങളും അറിഞ്ഞു മാലി പുത്രനെ കയ്യുംകാലുംവെട്ടിപ്പുഴച്ചു കയ്യും കാലും ഒണ്ടായി അട്ടിക്കിലേക്കു അംഗവൃദ്ധിവനമെന്നു പേരിട്ടു അവിടെ പള്ളികളും അങ്ങാടികളും കെട്ടിക്കൊടുത്തു സ്വർണ്ണ സിംഹാസനത്തിന്മേൽവച്ചു രാജാവായിട്ടു അഭിഷേകവുംചെയ്തു സമ്പത്തും കൊടുത്തു.

---

## അദ്ധ്യായം ൯൩

പരശുരാമൻ വാളുംകൊടുത്തു ഭദ്രകാളിയെ പ്രതിഷ്ഠിച്ചു ഉദയവർമ്മരാജാവിനു ഊരാണ്മയും കൊടുത്തു നവരാത്രിക്കു ഉത്സവം കഴിപ്പിച്ചു നസംഗൻ എന്ന അവന്റെ സ്ത്രീയെ പള്ളിയിൽ ഇരുത്തി ക്രൗഢൻ എന്ന മന്ത്രിയെ കാവലാക്കി നായാട്ടിനു പോയപ്പോൾ

തളിപ്പറമ്പിൽതമ്പുരാൻ പെരും തിരുക്കോവിലപ്പൻ കാട്ടാളവേഷം ധരിച്ചു ഭൂതങ്ങളോടുംകൂടെക്കൂടി നസംഗനെ കൊല്ലുവാൻ ചെന്നാറെ നസംഗൻ ഭയപ്പെട്ടു നമസ്കരിക്കുമ്പോൾ ഭഗവാൻ എഴുന്നള്ളുകയും ചെയ്തു. നസംഗൻെറ സ്ത്രീ മന്ത്രി ക്രൗഢനോടു അംഗീകരിക്കേണമെന്നു പറഞ്ഞാറെ രാജസ്ത്രീ അമ്മക്കുസമം ആകകൊണ്ടും ആയ്തു പറയരുതെന്നു പറഞ്ഞതിൻെറശേഷം ദേഷ്യപ്പെട്ടു കോപശാലയിൽ ചെന്നിരിക്കുമ്പോൾ നസംഗൻ വന്നുചോദിച്ചു. കോപത്തിന്നു കാരണമെന്തെന്നുകേട്ടു സ്ത്രീപറഞ്ഞു. എന്നെ ക്രൗഢൻ അംഗീകരിക്കണെമെന്നു പറകകൊണ്ടും അവനെ എണ്ണയിലിട്ടു വറുക്കണമെന്നും സ്ത്രീ പറഞ്ഞതുകേട്ടു അതിന്മണ്ണം ചെയ്യുമ്പോൾ ആകാശത്തുനിന്നും പുഷ്പകവിമാനംവന്നു ക്രൗഢൻ കേറുന്നതുകണ്ടു നസംഗൻ ദുഃഖത്തോടുംകൂടെ ചോദിച്ചു ഞാനറിയാതെ ചെയ്തതിന്നു എനിക്കു മുക്തി എന്നും.

---

## അദ്ധ്യായം ൫൪

എനിക്കു മൂഢത്വംകൊണ്ടു സ്ത്രീ പറഞ്ഞതിനെ കേട്ടുപോയി എന്നു പറഞ്ഞപ്പോൾ നീ ബൗദ്ധസ്ത്രീയുടെ പുത്രനാകകൊണ്ടും ലവണസമുദ്രമദ്ധ്യത്തുങ്കൽ വിഷ്ണുപാദമുണ്ടു പണ്ടു ശ്രീനാരായണൻ വിശ്വരൂപമായി അവതരിച്ചു മഹാസുരനെകൊന്നു ഭഗവാൻെറ ഇടത്തുപാദം അവിടെ ഒണ്ടാകകൊണ്ടും അവിടെ മക്കം എന്നു പേരാകകൊണ്ടും ചെന്നു വന്ദിച്ചാൽ നിനക്കു മുക്തി വരുമെന്നും പറഞ്ഞു. ക്രൗഢൻ പോയാറെ ഫല്ലിയെന്നു പേരായിട്ടുള്ള ദാസിക്കു തൻെറ വാളും കൊടുത്തു നിൻെറ പുത്രന്നു രാജ്യമെന്നും പറഞ്ഞു ഇനിക്കായിട്ടു പിണ്ഡവും ശ്രാദ്ധവും പന്ത്രണ്ടുമാസം ദീക്ഷിക്കയും വേണമെന്നും പറഞ്ഞു സ്ത്രീയോടുംകൂടെ നസംഗൻ മക്കത്തുപോകയും ചെയ്തു.

---

## അദ്ധ്യായം ൫൫

നസംഗൻ ഇരുന്ന അംഗവൃദ്ധിവനത്തിൽ പരശുരാമൻ ബാലവീര്യൻ എന്ന രാജാവിന്നു രാജ്യവുംകൊടുത്തു മദ്ധ്യരാജ്യം ഉദയ

വർമ്മനും കൊടുത്താറെ ഉദയവർമ്മന തപസ്സുകാലം ആകകൊണ്ടും സൗഖ്യമായിരുന്ന ധർമ്മവും ചെയ്താറെ രണ്ടാംരാജകുലശേഖരന സിംഹാസനവും കിരീടവും കൊടുത്തു ഉദയവർമ്മന്റെ രണ്ടാം കുലശേഖരനെന്നും മൂന്നാമത്തു ബാലവീര്യനെന്നും നാലാമത്തു ഭാനവിക്രമനെന്നും കല്പിച്ചു മദ്ധ്യരാജ്യത്തു മുപ്പത്തഞ്ചുക്ഷേത്രം കെട്ടിച്ചു ഈശ്വരന്മാരെയും പ്രതിഷ്ഠിച്ചു ബ്രാഹ്മണരെ വരുത്തി കലശം കഴിപ്പിച്ചു കാട്ടുമാടത്തിന തന്ത്രവും കൊടുത്തു ബൗദ്ധൻ ഇരുന്ന ദിക്കാകകൊണ്ടു പന്തീരായിരത്തഞ്ഞൂറു തേങ്ങാകൊണ്ടു ഗണപതിഹോമവും ബ്രാഹ്മണഭോജനവും ചെയ്തു.

---

## അദ്ധ്യായം ൯൩

പിന്നെ ഉദയവർമ്മരാജാവു ത്രിശ്ശിവപേരൂർ ശ്രീമൂലസ്ഥാനത്തു വന്നു ഗ്രാമക്കാറരെ വരുത്തി പൂജിച്ചാറെ മുമ്പെ നസംഗൻ ഫല്ലിക്കു രാജ്യംകൊടുക്കകൊണ്ടും ഫല്ലി അവിടെവന്നു ഭാഗി എന്ന രാജസ്ത്രീയോടു പറഞ്ഞു അംഗെരകൻ എന്നോടു ശേഷക്രിയകൾ ചെയ്യേണമെന്നുംരാജ്യം എന്റെ പുത്രനെന്നും പറഞ്ഞിരിക്കുന്നു. അതുകേട്ടു ഭാഗി പറഞ്ഞു എന്റെ മകന്റെ ശേഷക്രിയ ഞാൻ ചെയ്യാമെന്നും എന്റെ വംശം കഴിഞ്ഞാൽ നിന്റെ പുത്രനു രാജ്യമെന്നും പറഞ്ഞു. ഫല്ലി പോയപ്പോൾ ഭാഗി ശേഷക്രിയയും കഴിച്ചു ദീക്ഷിച്ചു മാസം കഴിച്ചു ബ്രാഹ്മണഭോജനവും ചെയ്താറെ ഉദയവർമ്മരാജാവു ബൗദ്ധനന്നപ്പോൾ അറിഞ്ഞതിന്റെശേഷം ശേഷക്രിയ കഴിച്ചല്ലൊ എന്നും ദുഃഖിച്ചു ബ്രാഹ്മണരെ വരുത്തി ഇനി എന്തുവേണ്ടു എന്നു വിചാരിച്ചാറെ പിണ്ഡംവച്ചതുമൂലം പൂണനൂലും എടുത്തു ആയാളുകളെ ഒക്കെയും തള്ളുകയും ചെയ്തു.

---

## അദ്ധ്യായം ൯൪

എന്നതിന്റെശേഷം പരശുരാമൻ സുബ്രഹ്മണ്യനോടു ചോദിച്ചു ബൌദ്ധപിണ്ഡംവച്ചതിന്നു പ്രായശ്ചിത്തമെന്തെന്നു ചോദിച്ചു

പ്പോൾ നാരദൻ പറഞ്ഞു ഹിരണ്യഗൎഭം കഴിക്കണമെന്നും ആയ തിന്റെ അവസ്ഥകൾ ഒക്കയും ഞാൻ ഉപദേശിക്കാമെന്നും പറഞ്ഞു. നൂറായിരം പണത്തൂക്കം സ്വൎണ്ണംകൊണ്ടു പശുവിനെയും നൂറായിരം പണത്തൂക്കം വെള്ളികൊണ്ടു ഋഷഭനെയും ഉണ്ടാക്കി ബ്രാഹ്മണരെ ക്കൊണ്ടു ജാതകൎമ്മം മുതലായിട്ടുള്ള കൎമ്മങ്ങൾ ഒക്കയും ചെയ്യിച്ചു മൂന്നു ദിവസം മന്ത്രജപത്തോടുംകൂടെ വച്ചു പൂജിക്കണം.

---

## അദ്ധ്യായം നൂറു

നാലാംദിവസം ആയതിന്നു വിധിയായിട്ടുള്ള പൂജചെയ്തു മനോ ഹരമാംവണ്ണം ബ്രാഹ്മണൎക്കു ഭോജനവും കഴിച്ചു തന്ത്രിയും വന്നു ഈ രാജാക്കന്മാൎക്കു ജാതകൎമ്മം മുതലായ കൎമ്മങ്ങളും മന്ത്രജപങ്ങളും ചെയ്തു ഹിരണ്യഗൎഭം കഴിച്ചു പിറെറദിവസം പശുവും ഋഷഭനും അച്ഛനും അമ്മയും എന്നു ഭാവിച്ചു ശേഷക്രിയയും ചെയ്തു. പശുവിൽ പാതി പന്ത്രണ്ടു സോമാതിരിമാൎക്കും പാതി ദേവാലയങ്ങൾക്കു ഋഷ ഭത്തിനെ ബ്രാഹ്മണരു എല്ലാപേൎക്കും കൊടുക്കയും ചെയ്തു. ഈ രാജാ ക്കന്മാരിടെ വംശങ്ങളൊക്കയും പന്ത്രണ്ടുവയസ്സിൽ ഹിരണ്യഗൎഭദാനം ചെയ്കയും വേണമെന്നും നാരദൻ കല്പിച്ചതുകേട്ടു പരശുരാമൻ തളിപ്പ റമ്പിൽ വരികയും ചെയ്തു. അവിടെച്ചെന്നു ഉദയവൎമ്മനോടു കല്പിച്ചു ഹിരണ്യഗൎഭത്തിന്നു വട്ടംകൂട്ടി തരണ നമ്പൂരിയും പന്ത്രണ്ടു സോമാ തിരിമാരേയും ശേഷം ബ്രാഹ്മണരെയും എല്ലാപേരെയും വരുത്തി.

---

## അദ്ധ്യായം നൂറ്റൊന്ന്

നാരദൻ കല്പിച്ചതിന്മണ്ണം ഹിരണ്യഗൎഭം കഴിച്ചു ദാനവും ബ്രാഹ്മണഭോജനവും കഴിച്ചു.

---

O 1617
UNIVERSITY EXTENSION L
MADURAI

## അദ്ധ്യായം ൨൦

വിക്രമരൂപമായിരിക്കുന്ന ബ്രാഹ്മണരു മൂന്നില്ലക്കാരരും ഈ രാജാക്കന്മാൎക്കു മന്ത്രോപദേശം ചെയ്താറെ ഭൂമി ആന കുതിര ആദിയായിട്ടുള്ള ദാനങ്ങളും ചെയ്തു അതിന്മണ്ണം കുലശേഖരൻ കാട്ടുമാടത്തിനും കൊടുത്താറെ കുലശേഖരനും പട്ടാഭിഷേകം ചെയ്തു ഉദയവൎമ്മൻ കുലശേഖരനോടും ബാലവീൎയ്യനോടും പറഞ്ഞു ഇതിന്മണ്ണം ൧൨ വയസ്സിൽ നമ്മുടെ വംശത്തിനു ഈ യജ്ഞം ചെയ്യണമെന്നും പറഞ്ഞു.

---

## അദ്ധ്യായം ൨൧

പിന്നെ കുലശേഖരൻ തിരുനാവായ് മാമാങ്കത്തിനു വന്നാറെ പരശുരാമൻ സിംഹാസനത്തിലിരിക്കുമ്പോൾ പല്ലക്കിൽ രാജാക്കന്മാരു മന്ത്രിമാരോടുംകൂടി വന്നതുകണ്ടു സന്തോഷിച്ചു, കുലശേഖരനെ മടിയിൽവെച്ചു. ലക്ഷത്തമ്പതിനായിരത്തിനും പ്രഭുവായിരുന്ന ഉദയവൎമ്മന്റെ മരുമകൻ കുലശേഖരനും മന്ത്രിമാരെയും സ്ഥാനങ്ങളും കൊടുത്തു.

---

## അദ്ധ്യായം ൨൨

പിന്നെ ഉദയവൎമ്മൻ മന്ത്രിമാരോടും പതിനെട്ടു വാദ്യങ്ങളും ഭാഗവതന്മാരോടും വന്നാറെ കുറുമ്പൻനാട്ടിൽ രാജാവും എല്ലാപേരും ഒന്നിച്ചു പരശുരാമന്റെ അടുക്കൽവന്നു നമസ്കരിച്ചാറെ പരശുരാമൻ ഉദയവൎമ്മനെ ഇരുത്തി പിന്നെത്തേതിൽ എല്ലാപേരും ഒന്നിച്ചു തിരുനാവായ്‌വന്നു. ചിങ്ങവ്യാഴത്തിൽ കുംഭമാസം മകംനാളിൽ വെള്ളിയാഴ്ചയുംകൂടിയ ദിവസം മാമാങ്കസമയത്തു തീൎത്ഥം ഉദ്ഭവിച്ചപ്പോൾ പരശുരാമൻ ആയിരംകോടി പശുവും ഏറിയ ദ്രവ്യങ്ങളും ബ്രാഹ്മണരു എല്ലാപേൎക്കും ദാനം ചെയ്തു. പരശുരാമൻ സ്വൎണ്ണപീഠത്തിലിരിക്കുമ്പോൾ ബ്രാഹ്മണരു തീൎത്ഥമെടുത്തു ജപിച്ചു അഭിഷേകം ചെയ്യുമ്പോൾ നാലുരാജാക്കന്മാരോടും ബ്രാഹ്മണരോടും പരശുരാമൻ

കല്പിച്ചു ഇതുപോലെ പന്ത്രണ്ടു വൎഷത്തിൽ ഒരിക്കൽ മാമാങ്കത്തിനും എല്ലാപേരുംവന്നു ഞാൻ ഇരിക്കുന്നദിക്കിൽ ഉദയവൎമ്മരാജാവിനെയിരുത്തി അഭിഷേകം ചെയ്യണമെന്നും കല്പിച്ചതിന്മണ്ണം കേരളത്തിൽ നടന്നുവരികയും ചെയ്തു.

---

## അദ്ധ്യായം ൩൭

ഇതിന്മണ്ണം നടന്നുവരുമ്പോൾ ഉദയവൎമ്മനു കൊടുത്തവാൾ എടുപ്പാൻ മറന്നുപോകകൊണ്ടും ആ വാൾ ഗോപകടൻ എന്ന രാജാവു കൊടുത്തുകൊണ്ടു പരശുരാമന്റെ അടുക്കൽ ചെന്നാറെ ഞാൻ കൊടുത്തവാൾ അവൻ മറക്കകൊണ്ടും നീയ് എടുക്കകൊണ്ടും മാമാങ്കത്തിൽ എന്റെ സ്ഥാനത്തു നിനക്കു അഭിഷേകം ചെയ്യട്ടെ എന്നും കോഴിക്കോട്ടു രാജാവത്രെ മാമാങ്കം നടത്തുന്നതെന്നും ധൎമ്മ ന്യായം നടത്തി എന്റെ ആയുധവും പൂജിച്ചു ബ്രാഹ്മണരെയും രക്ഷിക്കണമെന്നും കല്പിച്ചു പരശുരാമൻ ശ്രീമൂലസ്ഥാനത്തു എഴുന്നള്ളിയാറെ ഉദയവൎമ്മനും കുലശേഖരനും കോലത്തുനാട്ടിൽ തളിപ്പറമ്പിൻ പടിഞ്ഞാറെ ഗോപുരത്തിൽ വന്നാറെ അവിടെ ഒരു അസുരനെക്കണ്ടു കോഴിക്കോട്ടു രാജാവിനോടു പറഞ്ഞു അസുരനെ കൊല്ലണമെന്നും പറഞ്ഞതുകേട്ടു കൊന്നതു കാരണമായിട്ടു ഉദയവൎമ്മൻ തളിപ്പറമ്പിൽ ആകകൊണ്ടും കോയിമ്മ കോഴിക്കോട്ടുരാജാവിനു കൊടുക്കയും ചെയ്തു.

---

## അദ്ധ്യായം ൩൮

പിന്നെ ഉദയവൎമ്മരാജാവു മൂന്നുലക്ഷത്തമ്പതിനായിരം നായരോടും മന്ത്രിമാരോടും നൂറ് ഗ്രാമക്കാരോടുംകൂടെ സുബ്രഹ്മണ്യത്തു ചെന്നു ആയുധാഭ്യാസത്തിനു ൪൨ കളരിയും തീൎത്തതിന്റെശേഷം സുബ്രഹ്മണ്യനും പരശുരാമനും അവിടെ എഴുന്നള്ളി രണ്ടുപേരും ആയുധാഭ്യാസം ചെയ്യണമെന്നു നിശ്ചയിച്ചു ചുവന്ന പട്ടും ഉടുത്തു

ചുവന്ന ചന്ദനവുംതേച്ച്, ഏററിയൊരു മുത്തുമാലകളും ധരിച്ചു കച്ചയും കെട്ടി സ്വൎണ്ണംകൊണ്ടുള്ള വാളുമെടുത്തു രണ്ടുപേരും ആരംഭിച്ചപ്പോൾ ത്രിമൂൎത്തികളും ദേവകളും അവിടെ വന്നാറെ രണ്ടുപേരും ആയുധശാലയും ഗണപതിയേയും ഗുരുവിനേയും ശ്രീപരമേശ്വരനേയും ശ്രീനാരായണനേയും പൂജിച്ചു ശ്രീപാൎവ്വതിയേയും ശ്രീഭഗവതിയേയും പൂജിച്ചു എല്ലാപേരെയും തൊഴുതു നമസ്കരിച്ചു.

---

## അദ്ധ്യായം ൧൭

അഗസ്ത്യമഹൎഷി പതിനെട്ടുവിധത്തിൽ ആയുധാഭ്യാസശാസ്ത്രം ഉണ്ടാക്കിയതുപോലെ സുബ്രഹ്മണ്യനും പരശുരാമനും എട്ടുവരിഷം നോക്കി ആയുധാഭ്യാസം ചെയ്താറെ ദേവേന്ദ്രൻ മുതലായ ദേവകൾ എല്ലാപേരുംകൂടി ആയുധാഭ്യാസം ചെയ്താറെ എല്ലാപേരും മടങ്ങി സുബ്രഹ്മണ്യനും പരശുരാമനും സമമായിനിന്നു ശ്രീനാരായണസ്വാമികണ്ടു പ്രസാദിച്ചു തന്റെ പദവിയും ഇവൎക്കിരുപേൎക്കുംകൊടുത്തു. അതിന്റെ ശേഷം പരശുരാമൻ ഒരു മന്ത്രിക്കു ഗവാക്ഷൻ എന്ന പേരുമിട്ടു നിത്യവും അഭ്യാസം ചെയ്യത്തക്കവണ്ണം തളിപ്പറമ്പിൽ അഭ്യാസശാല ഉണ്ടാക്കി അവിടെ ഉദയവൎമ്മന്റെ രാജ്യത്തു ചിത്രമംഗലശേഖരനെന്ന പേരിട്ടു ആയുധാഭ്യാസം കല്പിക്കയും ചെയ്തു.

---

## അദ്ധ്യായം ൧൮

അവിടെ ഇരിക്കുമ്പോൾ ഭസ്മാസുരന്റെ പുത്രനായിട്ടു ഒരു അസുരൻ തളിപ്പറമ്പിൽ കിഴക്കേ വനവാസത്തിൽ അട്ടഹാസം ചെയ്യുന്നതുകേട്ടു പരശുരാമൻ ചെന്നു വെണ്മഴുകൊണ്ടു വെട്ടിക്കൊന്നപ്പോൾ അവിടെ ഒരു ശിവലിംഗംകണ്ടു ഇതു ആരുടെ പ്രതിഷ്ഠ എന്നു പരശുരാമൻ നാരദനോടു ചോദിച്ചാറെ പറയുന്ന വചനം പണ്ടു സൂൎയ്യഭഗവാനു വിഷജ്വാലയേററു ശോഭയില്ലാതെയിരിക്കുമ്പോൾ ശ്രീഗരുഡൻ വന്നു അമൃതു തളിച്ചു പറഞ്ഞു ശ്രീപരമേശ്വരനു വ്യാധിയുണ്ടായാറെ

ആത്മലിംഗമുണ്ടാക്കി വ്യാധിരൂപമായിട്ടു പൂജിച്ചു ബിംബം കൈലാസത്തിൽ കൊണ്ടുവന്നു ശ്മശാനമില്ലാത്തദിക്കിൽ പ്രതിഷ്ഠിച്ചു പൂജിച്ചാൽ പശുവിൻപാൽകൊണ്ടു അഭിഷേകവും ചെയ്തു പൂജിച്ചാൽ വ്യാധിപോകുമെന്നും ഗരുഡൻ പറഞ്ഞതുകേട്ടു സൂൎയ്യൻ തപസ്സു ചെയ്താറെ ശ്രീപരമേശ്വരൻ സന്തോഷിച്ചു കൈലാസത്തിൽ പ്രതിഷ്ഠിച്ചിരുന്ന ബിംബം എന്നു നാരദൻ പറഞ്ഞാറെ പരശുരാമൻ അവിടെ ക്ഷേത്രം പണിയിച്ചു കലശം കഴിച്ചു തിരുനാവായ് പ്രൗഢൻ എന്ന ബ്രാഹ്മണനു തന്ത്രവും ഇരുപതു ബ്രാഹ്മണൎക്കു ഊരാണ്മയും കൊടുത്തു. കാഞ്ഞരങ്ങാട്ടപ്പനെന്നു പേരുമിട്ടു പരശുരാമൻ തൃച്ചംബരത്തുചെന്നു ശംബരമഹൎഷിയെ നമസ്കരിക്കയും ചെയ്തു.

---

## അദ്ധ്യായം ൨൭

അവിടെനിന്നും പരശുരാമൻ മൂകാംബിയിലും തിരുനാവായിലും ചെന്നു ആയുധാഭ്യാസത്തിനു ആളും ആക്കി അഭ്യാസശാലയും കെട്ടിച്ചു.

---

## അദ്ധ്യായം ൨൮

പിന്നെ പരശുരാമൻ കൊച്ചിയിൽവന്നു ലവണപൌത്രനെന്ന രാജാവിനും പാലിയത്തുമേനവനെ കല്പിച്ചു പദ്മനാഭപുരത്തുചെന്നു ഭാനുവിക്രമൻ എന്ന രാജാവിനു സൂൎയ്യൻ എന്ന മന്ത്രിമുതലായിട്ടു എട്ടു വീട്ടിൽപിള്ളമാരെയും കല്പിച്ചു പരശുരാമൻ ശ്രീമൂലസ്ഥാനത്തുവന്നു പയ്യന്നൂർ സുബ്രഹ്മണ്യസ്വാമിക്കു ആരാധന ആകകൊണ്ടും ബ്രാഹ്മണരു തൃച്ചംബരത്തു ഊരാണ്മക്കാരൻ പുഷ്കരൻ എന്ന ബ്രാഹ്മണനും പല്ലക്കിൽകേറിവന്നാറെ സുബ്രഹ്മണ്യനെ നമസ്കരിച്ചു നൂറ ഗ്രാമക്കാറരെയും പുഷ്കരൻ നമസ്കാരമെന്നു ആചാരം പറഞ്ഞാറെ അതിനിങ്ങോട്ടു ആചാരം പറയായ്കകൊണ്ടും കേരളത്തിൽ ഒള്ള ബ്രാഹ്മണൎക്കു തങ്ങളിൽ നമസ്കാരമെന്നു പറയുന്ന ആചാരമില്ലാതെ പോകട്ടെ എന്നും പുഷ്കരൻ ശപിക്കയും ചെയ്തു.

---

## അദ്ധ്യായം ൯൯

൧൯൨ം നെയ്യപ്പം സുബ്രഹ്മണ്യന്ന നിവേദ്യം കല്പിച്ചു ബാല വീര്യൻ എന്ന രാജാവു മന്ത്രിമാരോടുംകൂടി ഉത്സവം കാണ്മാനായി വന്നാറെ അദ്ദേഹത്തിൻെറ അമ്മാവൻ വാൾകൊണ്ടു ബാലവീര്യനെ വെട്ടുകകൊണ്ടും സുബ്രഹ്മണ്യൻ കോപിച്ചു പ്രായശ്ചിത്തം ചെയ്യണ മെന്നും പരശുരാമനോടു കല്പിച്ചാറെ ഈ രാജാവിനെക്കൊണ്ടു കുറെ ഭൂമി സുബ്രഹ്മണ്യന്ന കൊടുപ്പിച്ചു പ്രായശ്ചിത്തം ചെയ്യിപ്പിച്ചു പര ശുരാമൻ ശ്രീമൂലസ്ഥാനത്തുവന്ന ന്നൂർ ഗ്രാമക്കാരരെയും പൂജിച്ചു യാഗം കഴിപ്പാൻ ഭാവിച്ചു.

---

## അദ്ധ്യായം ൧൦൦

പതിന്നാലായിരം നായന്മാക്ക് ആയുധവും കൊടുത്തു ശാലകാവല്യ മാക്കിത്രിമൂൎത്തികൾ ദേവകൾ ആദിയായിട്ടുള്ളതിന്ന യോഗിമാരു മുത ലായി അഷ്ടഗൃഹത്തിൽ ആഢ്യന്മാരു മുതലായിട്ടുള്ള ബ്രാഹ്മണരെ നിശ്ചയിച്ചു യാഗം തുടങ്ങുമ്പോൾ യാഗം മുടക്കാനായിട്ടു അസുരന്മാരു വന്നപ്പോൾ കാവല്ക്കാരു നായന്മാരുകണ്ടു ആട്ടിക്കളകകൊണ്ടും പരശു രാമൻ പ്രസാദിച്ചു സമൎത്ഥന്മാരെന്നും ബ്രാഹ്മണൎക്കും രാജാക്കന്മാൎക്കും ശുശ്രൂഷിക്ക എന്നു സ്ഥാനംകൊടുത്തു കുടുംബത്തോടെ അവരെ ഇരു ത്തുകയും ചെയ്തു.

---

## അദ്ധ്യായം ൧൦൧

പരശുരാമൻ അവിടെ ഇരിക്കുമ്പോൾ ത്രിശ്ശിവപെരൂർ ഓത്ത ന്മാരിൽ ഒരു ഉണ്ണി മുണ്ടു ചാരത്തിൽ പുഴുങ്ങി അലക്കി കഞ്ഞി പിഴിഞ്ഞു ഉടുത്തുകൊണ്ടു വന്നാറെ ബ്രാഹ്മണരുകണ്ടു പുറത്തു തള്ളുക കൊണ്ടും പരശുരാമൻ ആ ഉണ്ണിയെ വെളുത്തേടംഎന്നും ഈ രാജ്യത്തു ദേവാലയങ്ങളിലും ബ്രാഹ്മണൎക്കും കഞ്ഞിപിഴിഞ്ഞു വസ്ത്രശുദ്ധി എന്നും

കല്പിച്ചു പിന്നെത്തേതിൽ ജ്യൗതിശ്ശാസ്ത്രക്കാരൻ ഒരു ബ്രാഹ്മണൻ നീചസ്ത്രീയോടും അംഗീകരിച്ചു അവരുടെ വീട്ടിൽ പാർത്തുമരിച്ചാറെ അവടെ പുത്രനു പാഴൂരിൽ വീടുംകെട്ടി പാർപ്പിച്ചു കൿശൻ എന്നു പേരും കൊടുത്തു.

---

### അദ്ധ്യായം ൮൨

പരശുരാമൻ അവിടെ ഇരിക്കുമ്പോൾ ഭൂതഗണങ്ങൾവന്നു ബാധിക്കയാൽ നാരദൻ പറഞ്ഞു ഗണപതിഹോമം കഴിച്ചാൽ ഒഴിയുമെന്നും തത്പ്രകാരങ്ങൾ കാട്ടുമാടത്തിനെ ഗ്രഹിപ്പിക്കാമെന്നും കല്പിച്ചു ഉപദേശിച്ചു ഗണപതിഹോമവും ബ്രാഹ്മണഭോജനവും ചെയ്തു.

---

### അദ്ധ്യായം ൮൩

കാട്ടുമാടം വിധിപോലെ ഗണപതിഹോമം കഴിച്ചപ്പോൾ ഗണപതി പ്രത്യക്ഷമായി മണ്ഡപത്തിൽ എഴുന്നള്ളിയപ്പോൾ, പരശുരാമനും കാട്ടുമാടത്തു നമ്പൂതിരിയും നമസ്കരിച്ചതിന്റെ ശേഷം എന്തുവരം വേണ്ടുവെന്നും കല്പിച്ചാറെ, 'ഈ രാജ്യവും ഇവിടത്തെ ബ്രാഹ്മണരെയും രക്ഷിച്ചുകൊള്ളുണ' മെന്നും പരശുരാമൻ പറഞ്ഞാറെ വിധിപോലെ കാട്ടുമാടം ഹോമം കഴിച്ചാൽ ഇനിക്കു പ്രീതി എന്നും, മുടക്കം വരാതെ ഹോമം കഴിച്ചു വരുന്നകാലത്തു ഈ രാജ്യത്തു വ്യാധിയും ദാരിദ്ര്യവും ശത്രുഭയവും ഇല്ലെന്നും, മുടക്കം വരുമ്പോൾ ഈവക ഒക്കെയും വരുമെന്നും അന്ത്യത്തിങ്കൽ മുക്തി ഉണ്ടെന്നും,ഗണപതി എഴുന്നെള്ളുകയും ചെയ്തു.

---

### അദ്ധ്യായം ൮൪

വടക്കു അംഗവൃദ്ധിവനത്തിൽ ഹോമമില്ലാഞ്ഞാൽ മദ്ധ്യരാജ്യത്തിൽ ബൗദ്ധന്മാരു കടക്കുമെന്നും പരശുരാമൻ കല്പിച്ചു തെക്കോട്ടു

വന്ന ബ്രാഹ്മണക്കു ദാനം ചെയ്തു പൊന്മലയിൽചെന്നു തപസ്സു ചെയ്യു മ്പോൾ കേശി എന്ന അസുരനെക്കണ്ടു യുദ്ധം ചെയ്താറെ പരശുരാമൻ മടങ്ങുകകൊണ്ടും, ശ്രീനാരായണനെ ധ്യാനിച്ചപ്പോൾ ഭഗവാൻ എഴു ന്നള്ളി അസുരനെക്കിടത്തി കയ്യും കാലും വെട്ടി ഭൂമിയിൽ മൂടി ഭഗ വാൻ അവൻെറ മീതെ പള്ളികൊണ്ടതിൻെറ ശേഷം ആദികേശവ നെന്നു പേരിട്ടു പരശുരാമൻ പൂജിച്ചു തരണനല്ലൂരേക്കു തന്ത്രവും കൊ ടുത്തു. തിരുവട്ടാററു മതില്ക്കകത്തു കിണറും വഹ്യാ(യ്യ)എന്നും അവിടെ കിണറു തീൎത്താൽ അസുരൻെറ ചോര കാണുമെന്നും അതുകൊണ്ടു അഭിഷേകത്തിനു തീൎത്ഥപ്പുഴെ വെള്ളമെന്നും പരശുരാമൻ കല്പിച്ചു. ഭാനുവിക്രമൻെറ മരുമകൻ ആദിവിക്രമനു രാജ്യത്തം കൊടുത്തു പത്മ നാഭപുരത്തു ചെന്നു ബ്രാഹ്മണരോടും എട്ടുവീട്ടിൽ പിള്ളമാരോടുംകൂടി ആദിത്യവിക്രമനു സ്ഥാനങ്ങളും കൊടുത്തു ആ രാജാവോടും പര ശുരാമൻ കല്പിച്ചു :- 'ശ്രീരാമൻ അയോദ്ധ്യയിൽ ഇരുന്നതുപോലെ ഇരുന്നും ശ്രീരാമനേയും സേവിച്ചു എൻെറ പീഠമെന്നതു പാദമാക കൊണ്ടും പീഠത്തിനേയും പൂജിച്ചു ഇരിക്കണമെന്നും അതുകൊണ്ടു തൃപ്പാദരൂപമെന്നും സ്ഥാനമാകുന്നു, എന്നും സ്വൎണ്ണസിംഹാസനത്തിൽ ഇരുന്നു ബ്രാഹ്മണരെക്കൊണ്ടു രാജ്യാഭിഷേകം ചെയ്യിച്ചു മൂന്നുലക്ഷത്ത മ്പതിനായിരം പ്രഭുവായിട്ടുസ്ഥാനം കൊടുത്തു കന്യാകുമാരിമുതൽ കോ രപ്പുഴയോളവും രാജ്യം രക്ഷിക്ക' എന്നും കല്പിച്ചു.

---

അദ്ധ്യായം ൨൭

ഇപ്രകാരം പരശുരാമൻ കല്പിച്ചു. എണ്ണായിരം ബ്രാഹ്മണരെ തെക്കെദിക്കിലും എണ്ണായിരം ബ്രാഹ്മണരെ മദ്ധ്യരാജ്യത്തിലും എണ്ണായിരം ബ്രാഹ്മണരെ വടക്കെ ദിക്കിലും ഇരുത്തി അതിനു വടക്കു നീലേശ്വരത്തിനു അപ്പുറം നമ്മുടെ ശാപം ഹേതുവായിട്ടു ബ്രാഹ്മണരായിരിക്കുന്നവരെ നിൻെറ വംശത്തിൽ ഒരു രാജാവു ചെന്നു കൂട്ടിച്ചു മദ്ധ്യരാജ്യത്തുകൊണ്ടുവന്നിരുത്തി, അവരൻ ജന ങ്ങൾക്കു ഐശ്വൎയ്യം കൊടുക്കാം. എൻെറ കല്പനലംഘിക്കകാരണം കേരളം നശിക്കും നാശങ്ങളും ദുൎഭിക്ഷവും വരും അന്യദേശത്തു

നിന്നുംബ്രാഹ്മണരുവന്നു കച്ചവടങ്ങളും തുടങ്ങും. അധൎമ്മങ്ങളെ നേടേണ്ടാ, ദുർബ്ബ്രാഹ്മണരുടെ പൂജഹേതുവായിട്ടു ക്ഷേത്രങ്ങളുംനശിക്കും. അക്കാലത്തു കേരളരാജ്യം ബൗദ്ധമാകയും ചെയ്യും. അതു കലിയുഗ ധൎമ്മമെന്നു വിചാരിച്ചു പരശുരാമൻ പണ്ടു ഹിരണ്യാക്ഷനു പ്രഹ്ലാദനെന്നൊരു പുത്രനുണ്ടായാറെ ഹരിയെന്നെല്ലാനേരവും പറയുന്ന കാരണമായിട്ടു അവനെ ഏററിയൊരു ചോദ്യങ്ങൾ ചെയ്തിട്ടും മാററാതെ ജപിച്ചു വരികകൊണ്ടും അവൻ ഹിരണ്യൻ എന്ന നാമം പറയാതെ ഹരിയെ സ്മരിക്കകൊണ്ടും ഒരു ദിവസം ഹിരണ്യാക്ഷൻ പ്രഹ്ലാദനോടു ചോദിച്ചു നിന്റെ ഹരിയെവിടെ എന്നു ചോദിച്ചാറെ ഭൂമിയും വെള്ളവും ആകാശവും വൃക്ഷങ്ങളും കാണായതൊക്കയും അച്ഛനും ഞാനും പ്രപഞ്ചസാരങ്ങളൊക്കെയും ഈ തൂണും ഹരിതന്നെ എന്നു പ്രഹ്ലാദൻ പറഞ്ഞപ്പോൾ കോപംകൊണ്ടു പ്രഹ്ലാദനെ തൂണിന്മേൽ പിടിച്ചു മുടിവാൾകൊണ്ടു വെട്ടിയാറെ ശ്രീനാരായണൻ സന്ധ്യനേരത്തു പ്രത്യക്ഷമായി ഹിരണ്യാക്ഷനെക്കൊന്നു കോപത്തോടു സിംഹരൂപമായി; ഭഗവാൻ ശാന്തമൂൎത്തിയായതു് പരശുരാമൻ കണ്ടാറെ ഹിരണ്യനല്ലൂരെന്നു പേരിട്ടു വലുതായിട്ടു ക്ഷേത്രംകെട്ടി സ്വൎണ്ണപീഠത്തുന്മേൽ നരസിംഹത്തിനെ പ്രതിഷ്ഠിച്ചു തീൎത്ഥവും ഒണ്ടാക്കി തരണനല്ലൂരേക്കു തന്ത്രവും ബ്രാഹ്മണൎക്കു ഊരാണ്മയും കൊടുത്തു ആദിത്യവിക്രമൻ രാജാവിനെ ക്ഷേത്രം രക്ഷിപ്പാനും ആക്കി കുമാരകോവിൽ വന്നു സുബ്രഹ്മണ്യനെയും പ്രതിഷ്ഠിച്ചു കുമാരതീൎത്ഥവുമൊണ്ടാക്കി ക്ഷേത്രംകെട്ടി തരണനല്ലൂരേക്കു തന്ത്രവും കൊടുത്തു. കുംഭമാസത്തിൽ ഉത്സവത്തിനു തേരും കല്പിച്ചു മൂന്നു മൂസ്സതന്മാൎക്കു സ്ഥാനവും കൊടുത്തു പരശുരാമൻ നാകരുകോവിൽവന്നു ആദിശേഷനെ പ്രതിഷ്ഠിച്ചു. അതിനു കാരണം, സൎപ്പങ്ങൾ ശ്രീമൂലസ്ഥാനത്തുചെന്നു സമുദ്രം ഭൂമി ഞങ്ങൾക്കത്രെ തന്നിരിക്കുന്നതെന്നും അതുകൊണ്ടു ഭൂമി ഞങ്ങൾക്കു് തന്നില്ലെങ്കിൽ ഈ ഭൂമിയിലൊക്കെ വിഷം ഛൎദ്ദിക്കുമെന്നു, ന്യർ ഗ്രാമക്കാററരോടും പറഞ്ഞാറെ ബ്രാഹ്മണരു പരശുരാമനോടു പറയുമ്പോൾ നാരദൻ പറഞ്ഞതു, ഈ ഭൂമിയിൽ നാലിൽ ഒരു ഭാഗം സൎപ്പങ്ങൾക്കു കൊടുക്കണമെന്നും പറഞ്ഞതുകേട്ടു കന്യാകുമാരിമുതൽ ഗോകൎണ്ണം വരെയും ക്ഷേത്രങ്ങളിലും ഇല്ലങ്ങളിലും വീടുകളിലും നാലിൽ ഒന്നു സൎപ്പങ്ങൾക്കു എന്നു പരശുരാമൻ കല്പിച്ചു ധനുമാസത്തിൽ ഉത്സവം

കല്പിച്ചു വെള്ളിയാഴ്ച പാൽകൊണ്ടു നിവേദ്യവും തരണനല്ലൂരേക്കു തന്ത്രവും രണവിക്രമൻ രാജാവിന്നു ഊരാണ്മയും കൊടുത്തു പണ്ടു ഗരുഡൻ വിശേഷമായിരിക്കുന്ന സപ്പത്തിൻെറവിഷം ഭക്ഷിക്കകൊണ്ടു ആ ദോഷം നീങ്ങുവാനായിട്ടു ഗരുഡൻ പ്രതിഷ്ഠിച്ചിരിക്കുന്ന ശിവലിംഗം പരശുരാമൻ കണ്ടു ക്ഷേത്രവും കെട്ടി തരണനല്ലൂരേക്കു ഊരാണ്മയും കൊടുത്തു, ശുചീന്ദ്രത്തുചെന്നു ത്രിമൂത്തികളെയും നമസ്കരിച്ചു.

---

## അദ്ധ്യായം ഖന്ന

ഗൎഗ്ഗമഹഷി ധമ്മപുത്രരോടു പറയുന്ന വചനം:- പണ്ടു ഗൗതമൻെറ സ്ത്രീ അഹല്യകാരണമായിട്ടു വന്ന ശാപത്തിനു ദേവേന്ദ്രൻ മഹേന്ദ്രപർവ്വതത്തിൽ തപസ്സു ചെയ്യുമ്പോൾ നാരദൻകണ്ടു ശാപനിവൃത്തി വരുത്താമെന്നു പറഞ്ഞു. ദത്താശ്രമമഹഷി [1] യുടെ ആശ്രമത്തിങ്കൽ അദ്ദേഹത്തിൻെറ മകൾ നരമോഹന എന്ന പേരായവളെ ശൗണ്ഡില്യമഹഷി വിവാഹം ചെയ്തിരിക്കുമ്പോൾ നാരദൻ ചെന്നു കണ്ടു എന്നോടു അംഗീകരിക്കണമെന്നും നിനക്കു പുത്രനെ തരാമെന്നും പറഞ്ഞാറെ മോഹന ദേഷ്യപ്പെട്ടു പോവാൻ പറഞ്ഞാറെ, നാരദൻ ദേഷ്യപ്പെട്ടു പറഞ്ഞു നിൻെറ പാതിവ്രത്യം ഞാൻ കളയേണ്ടാ എന്നുംപറഞ്ഞു കൈലാസത്തിൽ ചെന്നു ശ്രീപരമേശ്വരനോടു അറിവിച്ചു ഭൂലോകത്തിൽ ശൗണ്ഡില്യമഹഷിയുടെ സ്ത്രീയോളം രൂപഗുണമുണ്ടായിട്ടു ഒരു സ്ത്രീയില്ലെന്നും പറഞ്ഞതുകേട്ടു ശിവൻ പുറപ്പെട്ടു അതിന്മണ്ണം ബ്രഹ്മാവിനോടും ശ്രീനാരായണനോടും നാരദൻ പറഞ്ഞതുകേട്ടും പുറപ്പെട്ടു മൂന്നുപേരും മുനിവേഷമായിട്ടു ചെന്നാറെ നരമോഹന പാതിവ്രത്യതപോബലംകൊണ്ടു ത്രിമൂത്തികളെന്നറിഞ്ഞു ഇവർ കിടാങ്ങളാകട്ടെ എന്നു ശപിച്ചതുപോലെ കിടാങ്ങളായപ്പോൾ ദത്താശ്രയൻ [2] മൂന്നുപേരെയും മടിയിൽവെച്ചസമയത്തു ശൗണ്ഡില്യൻ ഭായ്യയോടു പറഞ്ഞു ഇവരു മൂന്നുപേരെയും എണ്ണതേപ്പിച്ചു വടക്കുഭാഗത്തെ തീത്ഥത്തിൽ കുളിപ്പിക്ക എന്നു പറഞ്ഞതുകേട്ടു തേച്ചു കുളിപ്പിക്കുമ്പോൾ മോഹന കുളിപ്പിച്ച തീത്ഥം ദേവേന്ദ്രൻ ഏററു ശരീരത്തി

---

* ദത്താത്രേയനോ ?

ലുള്ള യോനികൾ പോയി ശുദ്ധിവന്നാറെ ദേവേന്ദ്രൻ മൂന്നുപേരെയും നമസ്കരിച്ചു. ഉടനെ മൂൎത്തികൾ എഴുന്നള്ളിയാറെ ദേവേന്ദ്രൻ വിശ്വകൎമ്മാവിനെ വരുത്തി ക്ഷേത്രം പണിയിച്ചു ഗോപുരവും കെട്ടി ശുചീന്ദ്രം എന്നു പേരുമിട്ടു ത്രിമൂൎത്തികളെയും പ്രതിഷ്ഠിച്ചു. സ്ഥാണുനാഥന്റെ വടക്കുപുറത്തു പാപനാശം എന്ന തീൎത്ഥംകൊണ്ടു അഭിഷേകവും ചെയ്തു. ജലവും പുഷ്പവും കന്യാകുമാരിയിൽ തെക്കുപുറത്തിൽ ചങ്ങലതീൎത്ഥത്തിന്റെ പടിഞ്ഞാറെ ഭാഗത്തു പുറപ്പെട്ടാറെ ആശ്ചൎയ്യപ്പെട്ടു ത്രിമൂൎത്തികൾ മൂന്നുപേരെയും ദിവസംപ്രതിയും പൂജിച്ചു ദേവലോകത്തു പോകയും ചെയ്തു. ഇന്നും അതുപോലെ പൂജിച്ചുവരുന്നതു പരശുരാമൻ കണ്ടു വലുതായിട്ടു ക്ഷേത്രം കെട്ടിച്ചു ഏറിയൊരു ദ്രവ്യം സ്ഥാപിച്ചു, ശാസ്താവിനെ രക്ഷക്കായിട്ടും പ്രതിഷ്ഠിച്ചു, തരണനല്ലൂരെക്കു തന്ത്രവും കൊടുത്തു, ശിവനു ധനുമാസം തിരുവാതിര ആറാട്ടെന്നും വിഷ്ണുവിനു മേടമാസം ഉത്സവമെന്നും ബ്രഹ്മാവിനു മകരമാസം ഉത്സവമെന്നുംകല്പിച്ചു, മതിലും ഗോപുരങ്ങളും കെട്ടിച്ചു ആദിത്യവൎമ്മരാജാവിനോടു കല്പിച്ചു, ഭൂമിയും കൊടുത്തു പതിനൊന്നു മൂസ്സതന്മാൎക്കു സ്ഥാനവും കൊടുത്തു, ബ്രാഹ്മണൎക്കു ഊരാണ്മയും, കൊടുത്തു രാജാവിനെ രക്ഷിപ്പാനും ആക്കി ബ്രാഹ്മണൎക്കു സംഗദോഷനിശ്ചയം അറിവാൻ നെയ്യിൽ കൈമുക്കി സത്യം അറിവാനും കല്പിച്ചു പരശുരാമൻ ഭൂതപ്പാണ്ടിയ്ക്കു പോകയും ചെയ്തു. ശുചീന്ദ്രത്തെ കഥ പഠിച്ചാലും കേട്ടാലും സ്വൎഗ്ഗത്തെ പ്രാപിക്കും.

---

## അദ്ധ്യായം ൨൭

ഭൂതപ്പാണ്ടിയിൽ ചെന്നാറെ പാണ്ഡി(ണ്ടി)രാജാവും വിശ്വാമിത്രനുംകൂടിവന്നു ശാസ്താവിനെ പ്രതിഷ്ഠിച്ചാറെ പരശുരാമൻ കണ്ടു കോപിച്ചു രാജാവിനോടും വിശ്വാമിത്രനോടും ധൎമ്മയുദ്ധംചെയ്തു എന്റെ ഭൂമിയിൽ പ്രതിഷ്ഠിപ്പാൻ എന്തെന്നും ചോദിച്ചു ആരുടെ ഭൂമിയെന്നു വിവാദിക്കുമ്പോൾ ശൂലം പ്രതിഷ്ഠിച്ചത് പരശുരാമൻകണ്ടു ശാസ്താവിനേയും ഭഗവതിയേയും പൂജിച്ചു ശ്രീനാരായണനേയും പ്രതിഷ്ഠിച്ചു

വെണ്മഴകൊണ്ടു കുഴിച്ചു തീർത്ഥവുമൊണ്ടാക്കി തരണനല്ലൂരേക്കു തന്ത്രവും ബ്രാഹ്മണൎക്കു ഊരാണ്മയും കൊടുത്തു.

---

## അദ്ധ്യായം വ്വ

പിന്നെ സുബ്രഹ്മണ്യനും പരശുരാമനും കൂടെ താരകാസുരനെ കൊന്നാറെ സുബ്രഹ്മണ്യൻ വല്ലി എന്ന സ്ത്രീയെ വേളികഴിച്ചു, സുബ്രഹ്മണ്യനേയും വല്ലി ദേവയാനിയേയും കൂടി പ്രതിഷ്ഠിച്ചു ദേവേന്ദ്രൻ കുംഭമാസം ഉത്സവം കല്പിച്ചു പരശുരാമനു ക്ഷേത്രവും കൊടുത്തപ്പോൾ തരണനല്ലൂരേക്കു തന്ത്രവും ബ്രാഹ്മണൎക്കു ഊരാണ്മയും കൊടുത്തു, പരശുരാമൻ കന്യാകുമാരിയിൽ ചെല്ലുകയും ചെയ്തു.

---

## അദ്ധ്യായം വൻ

അവിടെനിന്നും പരശുരാമൻ തിരുകൊല്ലത്തു ചെന്നു തീർത്ഥശ്രാദ്ധവും പിണ്ഡവും ചെയ്താറെ, പണ്ടു ആദിശേഷനെ നാരദൻ ഭൂലോകത്തിൽ പോ എന്നു ശപിച്ചാറെ അനന്തൻവന്നു ഒരു കാട്ടിൽ ഇരിക്കുമ്പോൾ ശ്രീനാരായണൻ എഴുന്നള്ളി അനന്തന്മേൽ കിടപ്പാകകൊണ്ടും നാരദൻ വൈകുണ്ഠത്തിൽ ചെന്നാറെ, സ്വാമിയെ കാണായ്കയാൽ ഒരു ശിവലിംഗത്തിനെക്കാണുമെന്നും നിശ്ചയിച്ചു കോടിനമസ്കാരം കഴിച്ചാറെ ശ്രീകണ്ഠേശ്വരമെന്നു പേരായപ്പോൾ ഒരു ചണ്ഡാലസ്ത്രീ അവളുടെ കുട്ടിയോടു കരഞ്ഞാൽ അനന്തൻ കാട്ടിൽ വലിച്ചെറിയുമെന്നും പറഞ്ഞതുകേട്ടപ്പോൾ എല്ലാവരും ചെന്നു നോക്കുമ്പോൾ സമുദ്രവും ഭഗവാനേയും വൈകുണ്ഠംപോലെ കണ്ടു.

---

## അദ്ധ്യായം ൻ൦

ശ്രീപരമേശ്വരൻ ഋഷഭത്തിന്മേൽ എഴുന്നള്ളിയാറെ അനന്തന്മീതെ ശ്രീനാരായണൻ നാലു കൈയോടുംകൂടെ ശ്രീപരമേശ്വരനേയും

ശ്രീപത്മനാഭനേയും കണ്ടു ശ്രീപരമേശ്വരനു ബ്രഹ്മാവും ദേവകളും പൂജിച്ചു ദിവ്യവഷമായിട്ടു എട്ടുവഷം ലോകത്തിൽ കിടക്കണമെന്നും തിരുവനന്തപുരമെന്നും ഭൂലോകവൈകുണ്ഠമെന്നും പേരുമിട്ടു, എല്ലാ പേരും പോയാറെ പരശുരാമൻ കണ്ടു ശ്രീപദ്മനാഭസ്വാമിയെ നമസ്കരിച്ചു.

---

അദ്ധ്യായം ൻ൧

കേരളത്തിലുള്ളവരെ എല്ലാപേരേയും രക്ഷിക്കണമെന്നും അപേക്ഷിച്ചു വലുതായിട്ടു ക്ഷേത്രവും ഗോപുരവും കെട്ടി വൈകുണ്ഠംപോലെ ഭൂലോകത്തിലേക്കും സ്വഗ്ഗത്തിലേക്കും ദ്വാരവുംവച്ചു കിഴക്കുനോക്കി ശയനവും ദ്വാരംകൊണ്ടു പുഷ്പാഞ്ജലിയും മഹർഷിമാരെക്കൊണ്ടു അഭിഷേകവും ചെയ്യിച്ചാറെ പരശുരാമനോടു പദ്മനാഭൻ കല്പിച്ചു:- ഈ രാജ്യത്തു ധമ്മം നടക്കണം ബ്രാഹ്മണരെ പൂജിക്കയും എന്റെ പാദം ചിന്തിക്കണം ഇത് ഒന്നും ഇല്ലാഞ്ഞാൽ സാന്നിദ്ധ്യം കാണുക ഇല്ല. അതു കേട്ടു പരശുരാമൻ വിഷ്ണുവിന്റെ ശംഖിനെ പടിഞ്ഞാറെ സമുദ്രത്തിൽ പ്രതിഷ്ഠിച്ചു ശംഖുതീർത്ഥത്തിൽ പരശുരാമൻ സ്നാനം ചെയ്തു. നൂറ് ഗ്രാമക്കാരേയും വരുത്തി ഏറിയൊരു ദ്രവ്യവും നൂറായിരം പശുവിനേയും ദാനം ചെയ്തു ശ്രീപദ്മനാഭന്റെ സന്നിധിയിൽ വരികയും ചെയ്തു.

---

അദ്ധ്യായം ൻ൨

അവിടെ ഉത്സവം കല്പിച്ചു നിവേദ്യവും കല്പിച്ചു ചോളദേശത്തു ശ്രീരംഗംപോലെ നിവേദ്യവും കല്പിച്ചു തരണനല്ലൂരേക്കു തന്ത്രവും ഓത്തില്ലാത്ത പോററിമാക്കു ഊരാണ്മയും കൊടുത്തു ആദിത്യവിക്രമന്റെ മരുമകൻ ഭിന്നൻ രാജാവിനെ രക്ഷിപ്പാനും ആക്കി മോതൃവും കൊടുത്തു ദ്രവ്യം വദ്ധിപ്പാൻ സ്യമന്തകംമണിയേയും പ്രതിഷ്ഠിച്ചു. നരസിംഹത്തിനെ കാവലാക്കി രാജാവിനേയും കല്പിച്ചു.

---

## അദ്ധ്യായം ൯൭

പണ്ടു ദാരികൻ ഒരു മലയിൽ ഇരിക്കുമ്പോൾ ഭദ്രകാളി മഹിഷാസുരനെക്കൊന്നാറെ കാശ്യപൻ തപസ്സുചെയ്യുന്നതിന്റെ അടുക്കൽ ചെന്നു വീഴുകകൊണ്ടു [1]നൂറായിരം കൊടിസപ്പത്തിന്റെ ബലം നിനക്കുണ്ടായി പ്രേതത്തിനെ ഭക്ഷിച്ചു അസുരനായിപ്പോക എന്നു കാശ്യപൻ ശപിക്കകൊണ്ടും ദാരികൻ കാശ്യപമഹർഷിയെ നമസ്കരിച്ചാറെ കേരളത്തിൽചെന്നു ഭദ്രകാളിതന്നെ നിന്നെ കൊന്നാൽ ഇപ്പോഴത്തെപ്പോലെ നല്ല ജന്മം വരുമെന്നും മോക്ഷം കല്പിച്ചു!

---

## അദ്ധ്യായം ൯൮

പിന്നെത്തെതിൽ തളിപ്പറമ്പിൽ പടിഞ്ഞാറെ ഗോപുരത്തിൽ ഇരിക്കുന്ന ഭദ്രകാളി കുലശേഖരന്റെ മരുമകനായ കേരളശേഖരനോടു കല്പിച്ചു, 'ഗോകർണ്ണംമുതൽ കന്യാകുമാരിവരെയും രാജ്യം രക്ഷിച്ചുകൊള്ളണം, ഇനിക്കു സുരാപാനംവേണം, അതിനു ഞാൻ ഏഴിമലയുടെ തെക്കെ ഭാഗത്തു ഇരിക്കു'മെന്നും കല്പിച്ചുപോകുന്നവഴിക്കു ദാരികാസുരനെക്കൊന്നു. ദേവകളും അസുരന്മാരും പൂജിച്ചു അസുരന്മാരു രാത്രിയിൽ മധുവും മാംസവും ചുവന്ന പുഷ്പവും കൊണ്ടു പൂജിച്ചാറെ ചുവന്ന പട്ടും ഉടുത്തു ചുവന്ന ചന്ദനവും തേച്ചു മദ്യവും സേവിച്ചു ദാരികന്റെ ചോരയും കുടിച്ചു പതിനെട്ടു കൈയോടുംകൂടെ ആയുധങ്ങളും എടുത്തു കാണുകയും ചെയ്തു.

---

## അദ്ധ്യായം ൯൯

ഭദ്രകാളി സന്തോഷിച്ചു എന്തുവരം വേണമെന്നും അസുരന്മാരോടു കല്പിച്ചാറെ, 'നിത്യവും ഞങ്ങൾ രാത്രിയിൽ പൂജിക്കുമ്പോൾ ദേവകളും ബ്രാഹ്മണരും മനുഷ്യരും വന്നാൽ അവരെ ഞങ്ങൾ ഭക്ഷി

---

1. ദാരുകവധം കഥ ഇങ്ങിനെയല്ല,

ക്കും അതിന്മണ്ണം തരേണമെന്നും പറഞ്ഞാറെ, അങ്ങനെതന്നെയെന്നു വരവും കൊടുത്തു എഴുന്നള്ളി പിറ്റേദിവസം കാലത്തു പൊന്നുഞ്ഞലുമാടി സർവ്വാഭരണഭൂഷിതയായിരിക്കുന്ന ഭഗവതിയെ ദേവേന്ദ്രൻ മുതലായ ദേവകൾ കണ്ടു പൂജിച്ചു അപ്പം പഴം പായസം ആദിയായ വിശേഷനിവേദ്യങ്ങളും കഴിച്ചു പൂജിക്കുമ്പോൾ ഭദ്രകാളിക്കു കൊടുപ്പാൻ ഒരു സ്വർണ്ണമാല ശ്രീനാരായണൻ ശ്രീഗരുഡന്റെ കയ്യിൽ കൊടുത്തയച്ചതു് ദേവേന്ദ്രന്റെ കയ്യിൽ കൊടുത്താറെ ആ മാലയെ ഭഗവതി ചാർത്തി അമൃതുകൊണ്ടു നിവേദ്യവും ചെയ്തു. അസ്തമിക്കുമ്പോൾ ദേവകൾ എല്ലാപേരും പോയാറെ അസുരന്മാരുവന്നു പൂജിക്കയും ഇതിന്മണ്ണം നടന്നുവരുമ്പോൾ [1]കളരിവാതുക്കൽ ഭഗവതി എന്നു പേരുമിട്ടു.

---

## അദ്ധ്യായം ൯൬

പിന്നെ തളിപ്പറമ്പിൽ ഭഗവാൻ കാളപ്പുറത്തുകേറി ഭദ്രകാളിയുടെ അടുക്കൽ ചെന്നാറെ, 'നിന്നെക്കാണ്മാൻ വന്തു' എന്നും കല്പിച്ചാറെ ഭദ്രകാളി കല്പിച്ചു ലജ്ജിച്ചു നൃത്തം ചെയ്താറെ, ഭഗവാൻ മോഹിച്ചു സംഗംചെയ്തു.[2] ശ്രീപരമേശ്വരന്റെ ജടയിൽനിന്നും ഗംഗയെ താഴെ വരുത്തിയാറെ വലുതായിട്ടുള്ള പുഴയായിവന്നു ദേവകൾ പുഷ്പവർഷം ചെയ്തു. ജടാതീർത്ഥമെന്നു പേരിട്ടാറെ പരശുരാമൻ കണ്ടു ശ്രീപരമേശ്വരനെ അവിടെ പ്രതിഷ്ഠിച്ചു ഭദ്രകാളിയെ പൂജിച്ചു വെണ്മഴുകൊണ്ടു വെട്ടിശ്ശൂലമെന്നും പേരിട്ടു ക്ഷേത്രവും കെട്ടി, കാട്ടുമാടത്തിന്നു തന്ത്രവും തളിപ്പറമ്പിൽ ബ്രാഹ്മണൎക്കു ഊരാണ്മയും കൊടുത്തു.

---

## അദ്ധ്യായം ൯൭

പിന്നെ ഭദ്രകാളിയേയും ശാസ്താവിനേയും ക്ഷേത്രപാലനേയും പ്രതിഷ്ഠിച്ചു മധുപൂജക്കു അടികളെയും ആക്കി ശ്രീനാരായണനേയും പ്രതിഷ്ഠിച്ചു ശ്രീപരശുരാമൻ തപസ്സിന്നു എഴുന്നള്ളുകയും ചെയ്തു.

---

1. ചിറക്കൽ
2. കേരളീയ സങ്കല്പവും പുരാണസങ്കല്പവും കലർത്താൻ ശ്രമിച്ചപോലെയിരിക്കുന്നു.

## അദ്ധ്യായം ൻവ

പരശുരാമൻ തപസ്സിന്ന എഴുന്നള്ളിയശേഷം കേരളത്തിൽ മദ്ധ്യഖണ്ഡത്തിൽ കോലത്തുനാട്ടിൽ രാജാക്കന്മാരുടെ പേരുകൾ കേരളശേഖരനെന്നും അക്കതേജസ്സെന്നും രവിയെന്നും വിക്രമനെന്നും സുനഭൻ എന്നും ഇങ്ങനെയുള്ള രാജാക്കന്മാർ പരശുരാമൻെറ കല്പന ലംഘിയാതെ നടന്ന വരികയും ചെയ്തു. തെക്കേടിക്കിൽ തിരുവനന്തപുരത്തു എട്ടുവീട്ടിൽ പിള്ളമാരും രാജാവു ഭാനവിക്രമനെന്നും രണ വിക്രമനെന്നും വഞ്ചിവീൎയ്യനെന്നും അദ്ദേഹത്തിൻെറ മരുമകൻ ജയശേഖരനെന്നും ഇങ്ങനെ ഒള്ള രാജാക്കന്മാരു് പരശുരാമൻെറ കല്പന പ്രകാരം രാജ്യം പരിപാലനം ചെയ്തു.

---

## അദ്ധ്യായം ൻൻ

മംഗലാപുരത്തു അദ്ശൂരനെന്നും മോഹനശൂരനെന്നും ശൃംഗശൂരനെന്നും മാനശേഖരനെന്നും ഈ രാജാക്കന്മാരു് രാജ്യം രക്ഷിച്ചു വരുമ്പോൾ പരശുരാമൻ കാശിയിൽ ചെന്ന അന്നപൂൎണ്ണ എന്ന ഭഗവതിയേയും വിശ്വനാഥനേയും പൂജിച്ചാറെ, അന്നപൂൎണ്ണേശ്വരി പ്രത്യക്ഷമായിട്ടു പമശുരാമനോടു കല്പിച്ചു നിൻെറ ഭൂമിയിൽ ഞാൻ വന്നിരിക്കാമെന്നും കല്പിച്ചാറെ, പരശുരാമൻ സന്തോഷിച്ചു കേരളത്തിൽ വന്നിരിക്കണമെന്നപേക്ഷിച്ചാറെ ദേവേന്ദ്രൻെറ തേരിന്മേൽ ഭഗവതി മൂന്ന ദാസികളോടും കരേറി പടിഞ്ഞാറെ സമുദ്രംവഴിവന്ന രാജ്യത്തു ചെറുകുന്നത്തു ഒരു ബ്രാഹ്മണൻെറ ഇല്ലത്തുവന്നു. സ്വപ്നത്തിൽ ചട്ടുകവും ശൂപ്പ്വും ഏന്തിവന്ന ഭക്ഷണം ചോദിച്ചു വാങ്ങിച്ചു പിന്നെയുള്ള ബ്രാഹ്മണൎക്ക കൊടുക്കയും ഇങ്ങനെ ഗ്രാമംതോറും ഭിക്ഷവാങ്ങിച്ചുകൊടുത്തു ഒരു കന്യകയുടെ വേഷംധരിച്ചു ബാലശേഖരരാജാവിൻെറ അടുക്കൽചെന്ന എൻെറ രാജ്യത്തു ബ്രാഹ്മണൎക്ക അന്നദാനം ചെയ്വാൻ കുറെ രാജ്യം തരണമെന്ന ചോദിച്ചാറെ, രാജാവു ചെമ്പു പട്ടയത്തിൽ എഴുതിക്കൊടുത്തു എന്നും രാജാവു സ്വപ്നം കാണുക കൊണ്ടും ചെറുകുന്നത്തു ഭഗവതിയുടെ അടുക്കൽ ബാലശേഖരൻ ചെന്ന നമസ്കരിച്ചാറെ ദേവകൾ പൂജിക്കുന്നതുകണ്ടു പതിനഞ്ചു

നാഴികവഴി രാജ്യം രാജാവു ഭഗവതിക്കു അന്നദാനം ചെയ്യാനായിട്ടു കൊടുത്തു ഊട്ടുപുരയുംകെട്ടി അന്നദാനം നടക്കട്ടെ എന്നും ആയതു മുടക്കുന്നകാലത്തു ബൗദ്ധന്മാരു് രാജ്യംപിടിക്കുമെന്നും കല്പിച്ചു രാജാവു രാജ്യത്തു പോരികയും ചെയ്തു.

---

## അദ്ധ്യായം ൧൦൦

പരശുരാമൻ ശ്രീമൂലസ്ഥാനത്തുവന്നു ന്നർ ഗ്രാമക്കാരേയും വരുത്തി പീഠം പൂജിക്കുന്ന വിധികരം കല്പിച്ചു വാഴകരം കുലയോടും കൊണ്ടുവന്നു നാലു തൂണുന്മേലുംകെട്ടി വീരകാ(പാ)ളിയിട്ടുവച്ചു ശ്രീമൂല സ്ഥാനമെന്നു കല്പിച്ചു കമുകു പൂവുകൊണ്ടു പൂജിച്ചു പരശുരാമൻെറ ആയുധവും പൂജിച്ചു നിവേദ്യവും കഴിച്ചു 'എൻെറ കഥകരം കേട്ടാൽ അവക്കു ശത്രുനാശവും വരും രാജ്യവും ഉണ്ടാം' എന്നു കല്പിച്ചതു ഗഗ്ഗ മഹഷി ധമ്മപുത്രരോടു ഇതിന്മണ്ണം പറഞ്ഞാറെ മഹഷിയെ നമസ്ക രിച്ചു പിന്നെത്തേതിൽ പരശുരാമൻ ബ്രാഹ്മണരോടു കല്പിച്ചു:- 'ഞാൻ തപസ്സിന്നായിട്ടു പോകുന്നു നിങ്ങരം സുഖമായിട്ടു എന്നും ഇരിക്കണം ഒരു ആപത്തുവന്നാൽ ന്നർ ഗ്രാമക്കാരും ശ്രീമൂലസ്ഥാനത്തുവന്നു മൂന്നു ദിവസം ഉപവസിച്ചാൽ ഞാൻ വരാ'മെന്നും കല്പിച്ചു പരശുരാമൻ ഹിമവതു് പവ്വതത്തിൽ തപസ്സിനുപോകയും ചെയ്തു.

## അദ്ധ്യായം ൧൦൧

ഏറിയൊരുകാലം അതിന്മണ്ണം പരശുരാമൻെറ കല്പനപ്രകാരം രാജ്യം സൌഖ്യമായിട്ടു ഇരിക്കുന്ന സമയത്തു ന്നർ ഗ്രാമക്കാരും കൂടി പരശുരാമൻ വരുമൊ എന്നു വിചാരിച്ചു പരീക്ഷിച്ചു ശ്രീമൂലസ്ഥാന ത്തുവന്നു ഉപവസിക്കുമ്പോരം പരശുരാമൻ എഴുന്നള്ളി 'നിങ്ങരംക്കു എന്തൊരു സങ്കടമെന്നും' ബ്രാഹ്മണരോടു കല്പിച്ചാറെ ബ്രാഹ്മണരു് ലജ്ജിച്ചു ഒന്നും പറയായ്കകൊണ്ടും പരശുരാമൻ ദേഷ്യപ്പെട്ടു ബ്രാഹ്മ ണരെ ശപിച്ചു ന്നർ ഗ്രാമക്കാരും ഒന്നിച്ചു കൂടരുതെന്നും നിങ്ങടെ

ആചാരംപോയി ദ്വാപരയുഗത്തിൽത്തന്നെ ശങ്കരാചാൎയ്യർ അവതരിച്ചു അനാചാരം കല്പിയ്ക്കുമെന്നും പരശുരാമൻ ശപിച്ചാറെ, ബ്രാഹ്മണരുംദുഃഖിച്ചതിൻെറ ശേഷം പരശുരാമൻ കല്പിച്ചു:- 'ചിങ്ങമാസം തിരുവോണത്തുനാൾ എൻെറ കേരളരാജ്യത്തു തൃശ്ശിവപേരൂർ ശ്രീമൂലസ്ഥാനത്തുഞാൻ വരുമെന്നും നിങ്ങൾ സൗഖ്യമായിട്ടു ഇരിക്കെവേണ്ടു' എന്നും കല്പിച്ചു പരശുരാമൻ തപസ്സിന്നു എഴുന്നള്ളുകയും ചെയ്തു. ഇതു കേരള ഉത്പത്തി കഥകൾ പാണ്ഡവന്മാൎക്കായിട്ടു ഗൎഗ്ഗമഹർഷി ഉപദേശിച്ചപ്പോൾ പാണ്ഡവന്മാരു സന്തോഷിച്ചു പ്രസാദിച്ചു. ധൎമ്മപുത്രൻ ആയിരം പശുവിനേയും ഏറിയൊരു ദ്രവ്യവും മഹർഷിക്കു ദാനംചെയ്തു ഭീമസേനൻ മൃഷ്ടാന്നമായിട്ടു ഭക്ഷണം കൊടുത്തു മഹർഷിയെ തോളിൽ എടുത്തു ആശ്രമത്തിൽ കൊണ്ടുചെന്നു ആക്കുകയും ചെയ്തു. അൎജ്ജുനൻ ആയിരം ആനയെ കൊടുത്തു. നകുലൻ വിശേഷമായിരിക്കുന്ന പട്ടു മുതലായ വസ്ത്രങ്ങൾ കൊടുത്തു. സഹദേവൻ വീരചങ്ങല മുതലായ ആഭരണങ്ങൾ കൊടുത്തു. ഗൎഗ്ഗമഹർഷി സന്തോഷിച്ചതിൻെറശേഷം കല്പിച്ചു: 'നിങ്ങൾ ഈ കഥകൾക്കു കാരണമായിട്ടു ദുൎയ്യോധനൻെറ വംശം നശിച്ചു നിങ്ങൾക്കു രാജ്യഭാരം വരും വിശേഷിച്ചും നിങ്ങൾക്കു ബന്ധുവായിട്ടു ശ്രീകൃഷ്ണൻവന്നു രക്ഷിക്കു'മെന്നും ഗൎഗ്ഗമഹർഷി കല്പിച്ചപ്പോൾ പാണ്ഡവന്മാരു് വിരാടരാജ്യത്തു അജ്ഞാതവാസത്തിനുപോകയും ചെയ്തു.

## അദ്ധ്യായം ൧൦൨

കേരളഉത്പത്തി ഭാഷയായിട്ടു എഴുതിയതു്. ശ്രീനാരായണനും ശ്രീപരമേശ്വരനും ദേവന്മാരു് എല്ലാപേരും പ്രത്യേകമായിട്ടു രക്ഷിച്ചുകൊള്ളണം. വടക്കുംനാഥനും ശ്രീപദ്മനാഭസ്വാമിയും ശ്രീപരമേശ്വരനും രക്ഷിക്കട്ടെ. ശ്രീപരമഗുരുവെ നമസ്തെ നമസ്തെ നമസ്തെ നമോനമഃ ഇതു കേരള ഉത്പത്തിഗ്രന്ഥം വെടിക്കവെലെ പെരുന്തിരുക്കോവിലപ്പൻ തുണൈ. മണ്ണടി ഭഗവതി ശരണം.

ശുഭമസ്തു മഹാമായ ശരണം.

UNIVERSITY EXTENSION LIBRARY
16 DEC 1957
MADURAI